
TAB

# TRICHUR ARCHDIOCESAN BULLETIN

2023 ജൂലൈ വാല്യം: 90 ലക്കം: 07




അതിഥിക്കും ആതിഥേയനും ഉപദേശം (ലൂക്കാ 14: 11)



ജൂലൈ 25ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ

**മാർ ജേക്കബ് തൂങ്കുഴി പിതാവിന്**

തൃശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ



Trichur Archdiocesan Bulletin TAB
ESTD: 1934

**ജൂലൈ 2023**

ലക്കം: 07 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

സർക്കുലർ 4
കച്ചേരിക്കാര്യം 8
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 20
സഹായമെത്രാന്റെ പരിപാടികൾ 21
നാളാഗമം 23
നാമകരണ നടപടികൾ 28
അതിരൂപത തീർഥകേന്ദ്രം 33
വൈദികർ 34
സന്യസ്തർ 37
സാമ്പത്തിക കാര്യാലയം 43
മതബോധനം 48
സ്ഥാപനങ്ങൾ 53
സംഘടനകൾ 74
എവുപ്രാസ്യാ മിഷൻ 99

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| | |
|---|---|
| 1267/ 2023<br>14.06.2023 | C-3 |

### ലഹരിവിരുദ്ധദിനം

സ്നേഹ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ മാതാപിതാക്കളേ, സഹോദരി സഹോദരരേ, പ്രിയ കുഞ്ഞുമക്കളേ,

ജൂൺ 26 ലോക ലഹരി വിരുദ്ധദിനമായി നാം ആചരിക്കുകയാണല്ലോ. ഈ അവസരത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഇന്നത്തെ സാമൂഹിക ചുറ്റുപാടിൽ വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണ്. ഈ കഴിഞ്ഞ ജൂൺ 9–ാം തീയതി വന്ന പോലീസ് വിജിലൻസ് റിപ്പോർട്ട് പ്രകാരം ലഹരി മാഫിയയുടെ വലയിൽ കുടുങ്ങിയ 1057 സ്കൂളുകൾ നമുക്ക് ചുറ്റുമുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. വിദ്യാർത്ഥികളെ ലഹരിവാഹകരായി ദുരുപയോഗം ചെയ്യുക മാത്രമല്ല സ്കൂൾ പരിസരങ്ങളിൽ ലഹരി സൂക്ഷിക്കാൻ പ്രത്യേക സ്ഥലങ്ങളും ഉണ്ടെന്നുള്ള വാർത്ത കാണുമ്പോൾ നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് ലഹരി വസ്തുക്കളുടെ അതിപ്രസരം എന്ന് മനസ്സിലാക്കാം. 2022–23 നിലവിലുള്ള കണക്കുകൾ പ്രകാരം 24701 കേസുകളാണ് നർക്കോർട്ടിക്

ഡ്രഗ്സിന്റെ കീഴിൽ കേരള പോലീസ് രജിസ്റ്റർ ചെയ്തി ട്ടുള്ളത്. 3922 കേസുകളാണ് 2021ൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതെങ്കിൽ 2022–23 ൽ അത് 7116 കേസുകളായി വർദ്ധിച്ചിരിക്കുന്നു.

65% കൂടുതൽ കേസുകൾ ഒരു വർഷത്തിൽ രജിസ്റ്റർ ചെയ്തു എന്ന് ഇതിൽ നിന്ന് വ്യക്തമാകും. 2022–23 വർഷത്തെ പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള സൂചനപ്രകാരം കുറഞ്ഞ അളവിൽ മയക്കുമരുന്നുമായി പിടിയിലായ ശേഷം ജാമ്യം ലഭിച്ചത് 421 കുട്ടികൾക്കാണ്. വ്യക്തികളും സമൂഹങ്ങളും പ്രത്യേകിച്ച് വരുംതലമുറയും നമ്മുടെ കുഞ്ഞുമക്കളും ലഹരിയുടെ നീരാളി പിടുത്തത്തിൽ അമർന്നിരിക്കുകയാണെന്ന് മുകളിൽ പറഞ്ഞ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

മയക്കുമരുന്ന്, പുകയില തുടങ്ങിയവ വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ആത്മീയമായും ആരോഗ്യപര മായും സാമ്പത്തികമായും സാംസ്കാരികമായും നശിപ്പിക്കുകയാണ്. ഇതൊരു സാമൂഹ്യ പ്രശ്നമായി കാണേണ്ട പ്രതിസന്ധിഘട്ടത്തിലൂടെ യാണ് നാം കടന്നു പോകുന്നത്. സ്കൂളുകളും കോളേജുകളും ഇതിന്റെ കേന്ദ്രങ്ങൾ ആകുന്നുണ്ട് എന്ന് നമുക്കറിയാം. യുവതലമുറ നേരിടുന്ന ഏറ്റവും വലിയ വിപത്ത് ലഹരിവസ്തുക്കളുടെ അഥവാ സിന്തറ്റിക് ലഹരിവസ്തുക്കളുടെ ഉപയോഗമാണ്. ലോക്ക് ഡൗൺ കാലത്ത് മദ്യവും ലഹരി വസ്തുക്കളും കിട്ടാതെ നടന്ന ആത്മഹത്യാ കണക്കുകളും അടുത്തകാലത്ത് വാർത്താമാധ്യമങ്ങളിൽ വന്ന വാർത്തകളായ 30,000 കോടി രൂപയുടെ ലഹരിവസ്തുക്കൾ പിടിച്ചെടുത്തതും കടലിൽ മുക്കി കളഞ്ഞതും ആശുപത്രിയിൽ വച്ച് ഒരു ഡോക്ടറെയും മറ്റൊരിടത്ത് ഒരു കൊച്ചുകുട്ടിയെയും കൊലപെടുത്തിയതും സൈലന്റ് കില്ലർ എന്ന് പറയുന്ന മൊബൈൽ ഫോണിന്റെ ദുരുപയോഗവും ഗുരുതരമായ സാമൂഹിക പ്രശ്നങ്ങളിലേക്ക് ആണ് വിരൽ ചൂണ്ടുന്നത്.

യാതൊരു മനസ്സാക്ഷിക്കുത്തും ഇല്ലാതെ ഏത് ക്രൂരതയും ചെയ്യാൻ ആരെയും മെരുക്കിയെടുക്കാൻ കഴിയുന്ന അതീവ അപകടകാരികളായി സിന്തറ്റിക്ക് ലഹരികൾ മാറിയിരിക്കുന്നു എന്ന വസ്തുത നാം മനസ്സിലാക്കണം.

ഈ അവസ്ഥയിൽ നിന്ന് കേരളജനതയെ ബോധവൽക്കരിച്ച് മുന്നോട്ടുകൊണ്ടു വരുന്നതിനായി ഭാരത കത്തോലിക്കാസഭയുടെ ഔദ്യോഗിക സാമൂഹ്യ ക്ഷേമപ്രസ്ഥാനമായ കാരിത്താസ് ഇന്ത്യയും കേരള കത്തോലിക്ക മെത്രാൻ സമിതിയും കത്തോലിക്കാ സഭയുടെ വിവിധ കമ്മീഷനുകളും തൃശ്ശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനവും മദ്യവിരുദ്ധസമിതിയും ചേർന്ന് ഡിസംബർ

ആറാം തീയതി ആരംഭിച്ച 'സജീവം ലഹരി വിരുദ്ധമഹായജ്ഞം' കേരളത്തിലെ 32 രൂപതകളിൽ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ നടന്നുവരികയാണല്ലോ. ലഹരിക്കെതിരെ വ്യക്തമായി തിരിച്ചറിവുകൾ യുവതലമുറയ്ക്ക് കൊടുത്തുകൊണ്ട് അവയുടെ സ്വാധീനത്തിൽ നിന്നും അകന്നുനിന്ന് ഉത്തരവാദിത്വമുള്ള പൗരന്മാരായി ജീവിക്കാൻ യുവതലമുറയെ പ്രാപ്തരാക്കാനും കുടുംബവും നല്ല ബന്ധങ്ങളും കൂട്ടായ്മകളും ആണ് യഥാർത്ഥ ആനന്ദം എന്ന തിരിച്ചറിവ് നൽകി ജീവിതങ്ങളെ ക്രമപ്പെടുത്താനും ഓരോ രൂപതയും നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളോട് നമുക്കും ഒന്ന് ചേരാം.

2023 വർഷത്തെ അന്താരാഷ്ട്ര ലഹരി വിരുദ്ധദിനം തൃശ്ശൂർ അതിരൂപതയിൽ 2023 ജൂൺ 25 ഞായറാഴ്ച 'സജീവം ഞായറായി' ആചരിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. തൃശൂർ അതിരൂപതയിലെ ഓരോ ഇടവകയിലും ലഹരിക്കെതിരെയുള്ള വിവിധതരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ഓർമ്മിപ്പിക്കുന്നു. റാലികൾ, മനുഷ്യച്ചങ്ങല, കൂട്ടയോട്ടം, ചിത്രരചന മത്സരം, പോസ്റ്റർ, കൊളാഷ്, പ്രബന്ധരചന മത്സരം, പ്രസംഗ മത്സരം, ക്വിസ് കോമ്പറ്റീഷൻ, ഫ്ളാഷ് മോബുകൾ, തെരുവ് നാടകങ്ങൾ, പ്രതിജ്ഞ എടുക്കൽ, കുടുംബങ്ങളിൽ തിരി തെളിയിക്കൽ തുടങ്ങി ഓരോ ഇടവകക്കും സാധ്യമാകുന്ന വിധത്തിൽ ലഹരി ഉപയോഗം മനുഷ്യ ജീവിതത്തിൽ വരുത്തുന്ന ഭീകരാവസ്ഥയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ ക്രിയാത്മകമായി സംഘടിപ്പിക്കാൻ പരിശ്രമിക്കുമല്ലോ. അങ്ങനെ ഓരോ ഇടവകയും ചെറുതും വലുതും ആയിട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചാൽ അത് തൃശ്ശൂർ അതിരൂപതയിൽ മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു ബോധവൽക്കരണ സന്ദേശമാക്കാനും നമുക്ക് കഴിയും. കൂടാതെ ഓരോ ഇടവകയിൽ നിന്നും ഏതാനും പ്രതിനിധികളെ സജീവം ടാസ്ക് ഫോഴ്സ് ഗ്രൂപ്പ് എന്ന നിലയിൽ തിരഞ്ഞെടുത്തു ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ ഓരോ ഇടവകയും സജ്ജമാക്കുമല്ലോ.

പ്രിയ മാതാപിതാക്കളെ, വിശ്വാസ പരിശീലകരെ, അധ്യാപകരെ, ഈ കാലഘട്ടത്തിൽ നിങ്ങൾ ഏറെ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. നമ്മുടെ കുഞ്ഞുമക്കളെയും യുവതലമുറയേയും ഏതുവിധത്തിലും റാഞ്ചി എടുക്കാൻ പരിശ്രമിക്കുന്ന ഏതൊരു മാഫിയക്കെതിരെയും നിങ്ങളുടെ കണ്ണുകളും കാതുകളും ജാഗ്രതയുള്ളതായിരിക്കണം. നല്ലൊരു വരുംതലമുറയെ വാർത്തെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

പ്രിയ യുവജനങ്ങളെ, കുഞ്ഞുമക്കളെ, ലഹരി ഒരു എലിക്കെണി പോലെയാണ്. അതിൽ പെട്ടാൽ ജീവിതം തീർന്നുപോകും എന്ന് നിങ്ങൾ

അറിഞ്ഞിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് ചുറ്റുമുള്ള സംഭവങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. നിങ്ങളുടെ പാതയിൽ വഴിതെറ്റാതിരിക്കാൻ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായ യേശുനാഥൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

പ്രിയമുള്ള ദൈവജനമേ, നമുക്ക് പരസ്പരം നല്ല സമരിയക്കാരൻ ആയി വർത്തിക്കാം. അങ്ങനെ ജീവൻ സമൃദ്ധമായി നൽകാൻ വന്ന (യോഹ. 10:10) യേശുനാഥന്റെ ദൗത്യം നമുക്ക് ഏറ്റവും അർത്ഥവത്തായി നിർവഹിക്കാൻ പരിശ്രമിക്കാം. നമ്മുടെയും നമ്മുടെ സഹോദരങ്ങളുടെയും ചുറ്റുമുള്ളവരുടെയും ജീവിതത്തിന് ഭീഷണിയാകുന്ന ലഹരി എന്ന മഹാവിപത്തിനെതിരെ പൊരുതാൻ നമുക്ക് കഴിയട്ടെ. 'സജീവം ഞായർ' വിപുലമായി ആചരിക്കുവാൻ നിങ്ങളേവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു. എല്ലാ വൈദികരുടെയും സന്യസ്തരുടേയും വിശ്വാസികളുടെയും അകമഴിഞ്ഞ പങ്കാളിത്തവും പിന്തുണയും ഈ പദ്ധതിയുടെ വിജയത്തിന് നൽകുമല്ലോ. അതുവഴി ഇന്ന് സമൂഹം നേരിടുന്ന പ്രശ്നങ്ങളുടെ ഉൾതട്ടിലേക്ക് കടന്നുചെല്ലാനും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുവാനും നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# കച്ചേരി വാർത്തകൾ

ജൂലൈ 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

2 : **ശ്ലീഹാ ആറാം ഞായർ**

3 : **മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ**

7 : ആദ്യവെള്ളി

9 : **ശ്ലീഹാ ഏഴാം ഞായർ**

14 : കർത്താവിന്റെ എഴുപത് ശിഷ്യന്മാർ

15 : വി. കുര്യാക്കോസും വി. ജൂലിറ്റായും
കർമ്മലമാതാവ് (16 ഞായർ)

16 : **കൈത്താ ഒന്നാം ഞായർ**
പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ

21 : നിസിബിസിലെ വി. യാക്കോബ്

22 : വി. മഗ്ദലേന മറിയം

23 : **കൈത്താ രണ്ടാം ഞായർ**
മുത്തശ്ശിമുത്തച്ഛന്മാരുടെയും വയോധികരുടെയും ദിനം

25 : യാക്കോബ് ശ്ലീഹാ

26 : വി. യോവാക്കിമും വി. അന്നായും

28 : മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
വി. അൽഫോൻസ

29 : വി. മർത്താ

30 : **കൈത്താ മൂന്നാം ഞായർ**

31 : വി. ഇഗ്നേഷ്യസ് ലെയോള

## 2. ജൂലൈ മാസത്തെ പരിപാടികൾ

05 : സ്ഥാപനഡയറക്ടർമാരുടെ യോഗം (2:30 pm) (സാമൂഹികം)

10–14 : വൈദികരുടെ തുടർപരിശീലന പ്രോഗ്രാം

12 : സ്ഥാപനഡയറക്ടർമാരുടെ യോഗം (2:30 pm)
(സഭാസ്ഥാപനങ്ങൾ)

17–21 : വൈദികരുടെ തുടർപരിശീലന പ്രോഗ്രാം

25 : വൈദിക സമ്മേളനം, വിയാനി ഡേ, പൗരോഹിത്യജൂബിലി, മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുകതിരുനാൾ (10:00 am)
27 : കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗം (10:00 am)
ആലോചന സമിതി യോഗം (03:00 pm)

**3. കൈത്താക്കാലം :**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചു കൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി 7 ആഴ്ചകൾ നീണ്ടു നില്ക്കുന്ന ഈ കാലത്തെ *കൈത്താക്കാലം* എന്നു വിളിക്കുന്നു. *കൈത്ത* എന്ന പദത്തിന്റെ അർത്ഥം *വേനൽ* എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർക്കുക. അതുകൊണ്ട് ഈ കാലം സഭയുടെ വളർച്ചയുടെ കാലമായി പരിഗണിക്കപ്പെടുന്നു.

കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ദിനമാണ്. സ്വന്തം ചുടുനിണത്താൽ സഭാതരുവിനെ നനച്ചു വളർത്തുകയും ധീരമായി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധരെയും രക്തസാക്ഷികളെയുമാണ് ഈ കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്. അവരുടെ ജീവിതമാതൃക അനുകരിക്കാൻ തിരുസ്സഭ വിശ്വാസികളെ ഈ കാലത്തിൽ പ്രത്യേകമായി ക്ഷണിക്കുന്നു.

**4. ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം

നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം കുർബാന മധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ് (ഒരാൾക്ക് 2 രൂപ വീതം).

**7. വിയാനി ഡേ**

വിയാനി ഡേയും വൈദികസമ്മേളനവും ജൂലൈ 25ന് രാവിലെ 10:00 മണി മുതൽ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**8. തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ **2023 ജൂലൈ 4–ാം തീയതി** മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും മെയ് മാസത്തെ അതിരൂപത ബുള്ളറ്റിനിൽ സാമ്പത്തികകാര്യാലയ വാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ. തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തെരട്ട് കൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും കൈക്കാരന്മാരും കൂടെ വരേണ്ടതാണ്.
2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവുചെലവു കണക്ക്(രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതി കണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്–ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ– (രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും

50,000–ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്.

3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടു സംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭ വരിസംഖ്യയും സാമ്പത്തികകാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം 1/2%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.
4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം. വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**9. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2023 സെപ്തംബർ 10–15; 17–22; 24–29 തീയതികളിൽ മൂന്നു ബാച്ചുകളിലായി നടത്തുന്നു. ആദ്യത്തെ ബാച്ച് ജറുസലെം ധ്യാനകേന്ദ്രത്തിലും രണ്ടും മൂന്നും ബാച്ചുകൾ മേരിമാത മേജർ സെമിനാരിയിലുമാണ് നടത്തപ്പെടുന്നത്.

ധ്യാനഗുരു : ഡോ. അരുൺ കലമറ്റത്തിൽ (ഒന്നും മൂന്നും ബാച്ച്)
ബിഷപ് അലക്സ് വടക്കുംതല (രണ്ടാം ബാച്ച്)

- ♦ മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ♦ ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.

- അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തോന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.
- വാർഷികധ്യാനത്തിന്റെ ലിസ്റ്റ് ഇതോടൊപ്പം നൽകുന്നു. ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർക്കാർക്കെങ്കിലും പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2023 ആഗസ്റ്റ് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. ബാച്ചുകൾ മാറാൻ ആഗ്രഹിക്കുന്നവർ മറ്റു ബാച്ചുകളിലുള്ളവരുമായി സംസാരിച്ച് അക്കാര്യം ക്രമീകരിക്കേണ്ടതാണ്.

| ഒന്നാം ബാച്ച് | | | |
|---|---|---|---|
| 1 | Ainickal Johnson | 23 | Edakulathur George |
| 2 | Ainikkal Jose | 24 | Eluvathingal Frederick |
| 3 | Alapatt Francis | 25 | Kakkassery Thomas |
| 4 | Alapatt Paul | 26 | Kakkassery Tony |
| 5 | Aloor Joju (George) | 27 | Kanjirathingal Varghese |
| 6 | Alukka Antony | 28 | Kannampuzha Davis |
| 7 | Ambooken Joseph (Noby) | 29 | Kannanaikal Wilson |
| 8 | Arangassery Jose | 30 | Karippery Varghese |
| 9 | Arimboor Johnson | 31 | Kavalakkatt Franco |
| 10 | Ayyankanayil John | 32 | Keetticka Finosh |
| 11 | Chalakkal Jose | 33 | Kidangan John |
| 12 | Chalissery Johnson | 34 | Kollannur Antony |
| 13 | Chembakassery Antony | 35 | Koonamplakkal Jaison |
| 14 | Cherayath Davis,Sr. | 36 | Koothur Francis |
| 15 | Cheruvathur Chacko | 37 | Kurissery Ittiachan |
| 16 | Chiramel Davis Sr. | 38 | Kuthur Varghese |
| 17 | Chiriyankandath Shijo | 39 | Kuttikottayil Mathew |
| 18 | Chittilappilly Antony Sr. | 40 | Manadan George |
| 19 | Chittilappilly Johnson | 41 | Mookken Joy |
| 20 | Chittilappilly Lijo | 42 | Moolan John |
| 21 | Chittilappilly Paul | 43 | Mullakkara Tijo |
| 22 | Edakkalathur Jose | 44 | Mundenkurian Renny |

| | |
|---|---|
| 45 Muringathery Joy | 61 Tharakan Geo |
| 46 Muthupeedika Raphael | 62 Thekkanath Paul |
| 47 Muttath Francis | 63 Thekkekara Jose |
| 48 Nandikkara Ignatius (Biju) | 64 Thekkiniyath Geo |
| 49 Panackal Joju | 65 Thermadam Shajan |
| 50 Panengadan John (Biju) | 66 Thermadam Simon |
| 51 Payyappilly Paul | 67 Ukken Shaju |
| 52 Peramangalath Paul | 68 Vadakkan Job |
| 53 Pulikkottil Davis Sr. | 69 Vadakkan Raphael |
| 54 Pullokkaran Raphael | 70 Vadakkoott James |
| 55 Punnoliparambil Jos | 71 Vallooran Jose |
| 56 Puthur Joy | 72 Vazhappilly Twinkle |
| 57 Puthur Sebi | 73 Vazhappilly Francis, Sr. |
| 58 Thalakkoden Dominic | 74 Velakombil Roy |
| 59 Thanikkal Jomon | 75 Vennattuparambil Joshy |
| 60 Thanikkal Lazar | |

| രണ്ടാം ബാച്ച് | |
|---|---|
| 1. Adambukulam Joy | 25. Chiramel Simson |
| 2. Ainikkal Addwin | 26. Chiramel Chacko |
| 3. Akkamattathil Shonson | 27. Chirayath Jeen |
| 4. Akkara Raju | 28. Chirayath Anto |
| 5. Akkarapattiakkal Nirmal | 29. Chirayath Denny |
| 6. Alappat Bastin | 30. Chirayath Joffy |
| 7. Aloor Francis | 31. Chiriyankandath Ginsen |
| 8. Ammuthan Antony | 32. Chittilapilly Jaison |
| 9. Anthikkat Santhosh | 33. Chittilappilly Ajith |
| 10. Anthikkat Joseph | 34. Chittilappilly Antony Jr. |
| 11. Appadan Babu | 35. Chittilappilly John |
| 12. Arackal Francis | 36. Choondal Livin |
| 13. Arackel Paul | 37. Choondal Jinto |
| 14. Arangassery Sanoj | 38. Choondal Thomas |
| 15. Arimboor Jerin | 39. Chungath Midhun |
| 16. Arimboor Tony | 40. Edakkalathur Thomas |
| 17. Chakkalakkal Davis | 41. Eluvathingal Antos |
| 18. Chakkalakkal Seejan | 42. Eluvathingal Rojo |
| 19. Chalakkal Sebastian | 43. Kadappuran Joby |
| 20. Chalil Anu | 44. Kallarakkal Pratheesh |
| 21. Chalissery Cyriac | 45. Kallingalkudiyil Jimmy |
| 22. Chalissery Paul | 46. Kanjirathingal Arun |
| 23. Chemmannur Libin | 47. Kanjirathingal Anto |
| 24. Cherayath Davis Jr. | 48. Kanjirathingal Prinson |

| | |
|---|---|
| 49. Kappilamnirappel Jijo<br>50. Kareparamban Sinto<br>51. Kattookaran Sijo<br>52. Kidangan Joy<br>53. Kochupurackal Kuriakose<br>54. Kolambrath Dixon<br>55. Kolambrath Martin<br>56. Kollannoor Joy<br>57. Koothur Joy<br>58. Koreth Joyson<br>59. Kundukulam Stishin<br>60. Kunnappilly Tens<br>61. Kuttikkatt Andrews<br>62. Malokkaran Jikson<br>63. Mangattilayan Jomon<br>64. Maroky Dennis<br>65. Melit Palathingal Verghese<br>66. Mookken Roy<br>67. Mundopuram Daison<br>68. Muringathery Grijo<br>69. Muringathery Jomon<br>70. Muringathery Joseph<br>71. Muringathery Naveen<br>72. Neelamkavil Anson<br>73. Neelankavil Hadly<br>74. Neelankavil Francis<br>75. Neelankavil Sinoj<br>76. Nettikadan David<br>77. Pallikkunnath Shijo<br>78. Panthallookaran Devassy<br>79. Parrokkaran Binu<br>80. Peramangalam John<br>81. Pereppadan Jinto<br>82. Pidiyath Wilson<br>83. Pindiyan Paul<br>84. Poopadi Thomas<br>85. Poovathingal Prince<br>86. Poozhikkunnel Justin<br>87. Porathur Sinto<br>88. Poruthur Daijo<br>89. Pulikkottil Davis Jr. | 90. Punnassery Jaison<br>91. Puthur Leo<br>92. Puthur Prakash<br>93. Puthur Sijo<br>94. Puthur Joby<br>95. Thaikkattil Saijo<br>96. Thaivalappil Rejoy<br>97. Thaliyath Nibin<br>98. Tharakan Roger<br>99. Tharakan Francis<br>100. Tharakan Varghese<br>101. Tharayil Demin<br>102. Thattil Benwin<br>103. Thattil Raphy<br>104. Thattil Jense<br>105. Thattil Linson<br>106. Thattil Soly<br>107. Thayyalakkal Flergin<br>108. Thazhath Jickson<br>109. Thazhekadan Jibin<br>110. Thekkanath Justin<br>111. Thekkumpuram Jaison<br>112. Thorayan Sinto (Chacko)<br>113. Ukken Sibin<br>114. Ukken Johnson<br>115. Ukken Varghese<br>116. Vadakkan Roy Joseph<br>117. Vadakkan Sajan<br>118. Vattakuzhy Gladrin<br>119. Vattakuzhy Jose<br>120. Vazhaparambil Clement<br>121. Vazhappilly Saijan<br>122. Vazhappilly Bilju<br>123. Vazhappilly Frajo<br>124. Vazhappilly Jibi<br>125. Vazhappilly Tony<br>126. Veliyan Sebi<br>127. Velookaran Thomas<br>128. Vettath Mathew<br>129. Vithayathil Daveed |

| മൂന്നാം ബാച്ച് | |
|---|---|
| 1. Akkamattathil Raphael | 42. Kallikkaden Paul |
| 2. Alappadan Fijo | 43. Kanimangalathukaran Vincent |
| 3. Alappatt Biju Joseph | 44. Kanjirathingal Baiju |
| 4. Aloor Joshy | 45. Kanjirathingal Seby |
| 5. Anthikadan Johnson | 46. Kannanaickal Sajil |
| 6. Anthikkatt Johnson | 47. Kattukaran Paul |
| 7. Arakkal Steephen | 48. Kavalakkatt Seby |
| 8. Arangassery Saleesh | 49. Keezhoorumuttikkal Manoj |
| 9. Arikkat Sijo | 50. Kidangan Benny |
| 10. Arimbur Derin | 51. Kizhakkekannanchira Frinto |
| 11. Chalakkal Jackson | 52. Kizhakkoodan Godwin |
| 12. Chalissery Lijo | 53. Kizhakkuden Sony |
| 13. Chazhoor Domini | 54. Kollannoor Royson |
| 14. Chemmannoor John Paul | 55. Konikkara Jose, Jr. |
| 15. Cheradai Geo | 56. Koola Ditto |
| 16. Cheruvathoor George | 57. Koothur Febin |
| 17. Cheruvathoor Sijo | 58. Kulangara Printo |
| 18. Cheruvathoor Vincent | 59. Kundukulam Johnson |
| 19. Cheruvathur Douglas | 60. Kundukulangara Jovy |
| 20. Chiramel Christeen | 61. Kuruthukulangara Antony |
| 21. Chiramel Jolly | 62. Kuttikkatt Jinto |
| 22. Chirammel Able | 63. Kuzhikkattumyalil Sijohn |
| 23. Chirayath Febin | 64. Maliakkal Jijo |
| 24. Chiriyamkandath Prince | 65. Maliyammavu Paul |
| 25. Chiriyankandath Geo | 66. Mangattilayan Majo |
| 26. Chiriyankandath Joju | 67. Manjaly Binoy |
| 27. Chittattukara Seby | 68. Mapranathukaran Pradheep |
| 28. Chittilappilly Anvin | 69. Mapranathukaran Shijo |
| 29. Chittilappilly Joffy | 70. Maprani Alex |
| 30. Chittilappilly Joy, Sr. | 71. Marokey Shinto |
| 31. Chittilappilly Seby | 72. Maroky Jaison |
| 32. Chittilappilly Shiju | 73. Maroky Sajan |
| 33. Chullikadan Joby | 74. Marottickal Alex |
| 34. Edakalathoor Godwin | 75. Menachery Antony |
| 35. Edakkalathoor Varghese | 76. Mukkadayil Jinson |
| 36. Edakulathur Jimmy | 77. Muringathery Sijo |
| 37. Edathiruthy Jojo | 78. Muringathery Jijo |
| 38. Eluvathingal Justin | 79. Muthipeedika Mejo |
| 39. Emmatty Jomon | 80. Muttath Paul |
| 40. Inchodikkaran James | 81. Neelankavil Pauly |
| 41. Kallikadan Starzon | 82. Nellangara Jithin |

83. Olakkengil Debin
84. Olakkengil Dijo
85. Olakkengil Johnson
86. Olappurakkal Rinjo
87. Ollukkaran Anto
88. Padayattil Job
89. Palathingal Paulson
90. Palathingal Varghese
91. Pallikunnath Francis
92. Pallipurathukaran Geo
93. Panamkulam Davis
94. Parayil Shinto
95. Pavartikaran John
96. Payikkatt Sobin
97. Perinchery Ajeesh
98. Perumattil Christon
99. Pindiyan Prince
100. Pindiyan Sajan
101. Ponthekken Sinto
102. Poovathukkaran Joseph
103. Poruthur Joju
104. Pulikkan Siju
105. Pulikkan Paul
106. Pulikottil Jaison
107. Punnoliparambil Bastian
108. Puthiri Frango (Francis)
109. Puthur John
110. Rayappan Anto
111. Thachoth Ajith
112. Thalakkottoor Francis
113. Thalakkottoor Shanto
114. Thaliyaparambil Liril
115. Thanikkal Denny
116. Thanikkal Manoj
117. Thanikkal Paul
118. Thanissery Raphael
119. Thattil Paulson
120. Thattil Trejin
121. Ukken Thomas
122. Vadakkethala Midhun
123. Vadakkethala Saju
124. Vadakoot Thomas
125. Vaikkadan Joseph
126. Valluppara Jeejo
127. Velukkaran Geo
128. Vettath Sebastian
129. Vithayathil Rijo

## ലീവ്

1. Achandy Johnson
2. Alanthanath Nysson
3. Alappat Biju
4. Chakkery Mathew
5. Chakkumpeedika Thomas
6. Cheeramban Shajan
7. Cheruvathoor Joyson
8. Chiramel Davis, Jr.
9. Chiriankandath Anto
10. Chiriyankandath Lijo
11. Chittilappilly Joseph
12. Chittilappilly Joy, Jr.
13. Chittilappilly Shelton
14. Chittilappilly Anish
15. Chittilappilly Binoy
16. Chittilappilly Jinto
17. Chittilappilly Vincent
18. Chungath John
19. Edakkalathur Jacob
20. Emmatty Sajeev
21. Kadavi Geo
22. Kaippullyparamban Benny
23. Kaitharath Justin
24. Kakkassery Bestin
25. Kannanaickal Franklin
26. Karerakkattil Aljo
27. Kollannur Ajith
28. Kombara George
29. Koonamplakkal Jackson
30. Koothoor Fexin
31. Koothur Anish
32. Koreth Mejo
33. Kundukulam Vincent
34. Kunnappilly Teds

| | |
|---|---|
| 35. Kuttikkatt Jiso | 54. Pettayil Noble |
| 36. Maliyeckal Sanal | 55. Pidiyath Jijo |
| 37. Mandumpal Taison | 56. Ponthekan Jomon |
| 38. Marottikkal Majo | 57. Porathur Nicholas |
| 39. Mecheripady Antony | 58. Pulikodan Renald |
| 40. Mekkattukulam Jiphy | 59. Thadathil Justin |
| 41. Mulakkal John | 60. Thaikkadan John Paul |
| 42. Mullakkara Terin | 61. Thaikkattil Sonjai |
| 43. Nadakkeveliyil Chacko | 62. Thaikkattil Lawrance |
| 44. Nayankara Prince | 63. Thalonikkara Tinto |
| 45. Nedumbakaran Yesudas | 64. Thandassery Canadian |
| 46. Nellickal Aneesh | 65. Thanikkal Anuwin |
| 47. Nirappukalayil George | 66. Thekkath Franso |
| 48. Olakkengil Dunstan | 67. Thekkekara Davis |
| 49. Padinjakkara Abijith | 68. Vadakkethala Jaison |
| 50. Panattuparambil Babu | 69. Vattanirappel Jaison |
| 51. Panengadan Anto | 70. Vazhappilly Vinoy |
| 52. Parokkaran Joshy | 71. Vellara John Ansil |
| 53. Payyappilly Jinu | |

| Priests' Home | |
|---|---|
| 1. Arassery Joseph | 12. Peruttil Sebastian |
| 2. Chelappadan George | 13. Pulikottil Johnson |
| 3. Edakkalathur Francis | 14. Pulikottil Jose |
| 4. Edakulathur Anto | 15. Thacharattil Jacob |
| 5. Kappany Paul | 16. Thathrathil Jos |
| 6. Kollannur Sebastian | 17. Thekkanath Antony |
| 7. Konikkara Jose, Sr. | 18. Therattil George |
| 8. Mechery Antony | 19. Thermadom George |
| 9. Olakkengil Lawrence | 20. Vadakkethala George |
| 10. Panengadan Xavier | 21. Vadakkethala Thomas |
| 11. Parakkal Cherian | |

**8. വൈദിക നിയമനം :**

1. ഫാ. നിധിൻ കല്ലിടുക്കിൽ SDV – വികാരി–ഇൻ–ചാർജ്ജ് കാവീട്; സാധുത 2023 മെയ് 15 മുതൽ ജൂലൈ 15 വരെ.
2. ഫാ. വിനോയ് വാഴപ്പിള്ളി – ജർമ്മനിയിൽ അജപാലനശുശ്രൂഷ; സാധുത 2023 മെയ് 16 മുതൽ.
3. ഫാ. ജിന്റോ ചിറ്റിലപ്പിള്ളി – ജർമ്മനിയിൽ അജപാലനശുശ്രൂഷ; സാധുത 2023 മെയ് 16 മുതൽ.
4. ഫാ. ബോബി തറക്കുന്നേൽ O.Carm – വികാരി ചേറ്റുപുഴ & കപ്ലോൻ

എസ്. എ. ബി. എസ്. ഒഴിവായി; സാധുത 2023 മെയ് 21 മുതൽ.

5. ഫാ. സെബാസ്റ്റ്യൻ ആറുചേരിൽ O.Carm – വികാരി ചേറ്റുപുഴ & കപ്ലോൻ എസ്. എ. ബി. എസ്.; സാധുത 2023 മെയ് 21 മുതൽ.
6. ഫാ. ജോൺസൻ ആച്ചാണ്ടി – ഷംഷാബാദ് രൂപതയിൽ സേവനാനുമതി; സാധുത 2023 ഏപ്രിൽ 15 മുതൽ.
7. ഫാ. ജിജോ മാളിയേക്കൽ – അരണാട്ടുകര സഹവികാരി & പൂത്തോൾ പ്രീസ്റ്റ്–ഇൻ–ചാർജ്ജ്; സാധുത 2023 മെയ് 22 മുതൽ.
8. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ – അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്; സാധുത 2023 മെയ് 22 മുതൽ.
9. ഫാ. അൻവിൻ ചിറ്റിലപ്പിള്ളി – പഠനാവധി; സഹവികാരി അരണാട്ടുകര ഒഴിവായി; സാധുത 2023 മെയ് 22 മുതൽ.
10. ഫാ. ജിതിൻ മാറോക്കി OFM.Cap. – സഹവികാരി ചിറ്റാട്ടുകര ഒഴിവായി; സാധുത 2023 മെയ് 31 മുതൽ.
11. ഫാ. ജേക്കബ് പള്ളിപ്പുറത്ത് O.Carm – സഹവികാരി ചിറ്റാട്ടുകര; സാധുത 2023 മെയ് 31 മുതൽ.
12. ഫാ. റോബി കൂന്താണിയിൽ – റസിഡന്റ് സ്റ്റാഫ് മേരിമാത മേജർ സെമിനാരി; സാധുത 2023 മെയ് 23 മുതൽ.
13. ഫാ. വർഗ്ഗീസ് കരിയാറ്റിൽ – Dispensation from sacred celibacy and obligations of clerical state ( Prot. No. 2023 0283/S).
14. ഫാ. ഫ്രാൻസിസ് കുരിശ്ശേരി CMI – കപ്ലോൻ എസ്. എം. സി. ചേറൂർ ഒഴിവായി; സാധുത 2023 മെയ് 25 മുതൽ.
15. ഫാ. ജോർജ്ജ് കല്ലൂക്കാരൻ CMI – കപ്ലോൻ എസ്. എം. സി. ചേറൂർ കൂടി; സാധുത 2023 മെയ് 25 മുതൽ.
16. ഫാ. സണ്ണി പുന്നേലിപറമ്പിൽ CMI – കപ്ലോൻ ചെമ്പുക്കാവ് ഹോളി ഫാമിലി സി. എച്ച്. ഒഴിവായി; സാധുത 2023 മെയ് 25 മുതൽ.
17. ഫാ. സിന്റോ നങ്ങിണി CMI – കപ്ലോൻ ചെമ്പുക്കാവ് ഹോളിഫാമിലി സി. എച്ച്. കൂടി; സാധുത 2023 മെയ് 25 മുതൽ.
18. ഫാ. റിജോ പയ്യപ്പിള്ളി CMI – കപ്ലോൻ സെന്റ് സേവിയേഴ്സ് സി. എം. സി. ഒഴിവായി; സാധുത 2023 മെയ് 25 മുതൽ.
19. ഫാ. ഡേവി കാവുങ്കൽ CMI – കപ്ലോൻ സെന്റ് സേവിയേഴ്സ് സി. എം. സി. കൂടി; സാധുത 2023 മെയ് 25 മുതൽ.
20. ഫാ. റെമി വടക്കൻ CMI – സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2023 ജൂൺ 1 മുതൽ.
21. ഫാ. ജെറിൻ തോട്ട്യാൻ CMI – സഹവികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2023 ജൂൺ 1 മുതൽ.

22. ഫാ. നിക്സൻ കോളാട്ടുകുടി OFM.Cap. – വികാരി കുറുമാൽ ഒഴിവായി; സാധുത 2023 മെയ് 31 മുതൽ.
23. ഫാ. സേവ്യർ ക്രിസ്റ്റി പള്ളിക്കുന്നത്ത് OFM.Cap. – വികാരി കുറുമാൽ; സാധുത 2023 മെയ് 31 മുതൽ.
24. ഫാ. സെബാസ്റ്റ്യൻ കുടക്കച്ചിറക്കുന്നേൽ OFM.Cap.– സഹവികാരി കല്ലൂർ പടിഞ്ഞാറ് ഒഴിവായി; സാധുത 2023 മെയ് 31 മുതൽ.
25. ഫാ. ബിജു പുതുശ്ശേരി CMI – വികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2023 മെയ് 27 മുതൽ.
26. ഫാ. ജിയോ അലനോനിക്കൽ CMI – വികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2023 മെയ് 27 മുതൽ.
27. ഡീ. ആൽബിൻ മുഞ്ഞനാട്ട് – ഡീക്കൻ മിനിസ്ട്രി പേരാമംഗലം; സാധുത 2023 ജൂൺ 1 മുതൽ നവംബർ 30 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

**നിൻെറ ഈ സഹോദരൻ**
**മൃതനായിരുന്നു;**
**അവനിപ്പോൾ ജീവിക്കുന്നു.**
**നഷ്ടപ്പെട്ടിരുന്നു;**
**ഇപ്പോൾ**
**കണ്ടുകിട്ടിയിരിക്കുന്നു.**
**(ലൂക്കാ 15, 32)**

# ENGAGEMENTS

## 2023 JULY Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 02 | Sun | Morning | Blessing of renovated Chapel at Parappur |
| 03 | Mon | Morning | Holy Mass at Palayur Major Archiepiscopal Church |
| | | Afternoon | Inauguration of Ecumenical Meeting at St. Mary's minor seminary, Kachery |
| 05 | Wed | Afternoon | Social institution directors' meeting |
| 08 | Sat | Morning | Baptism of 5th Child at Thiroor |
| | | | SFO Archdiocesan gathering at Kurumal |
| 09 | Sun | Afternoon | MBBS Graduation ceremony at JMMC |
| 12 | Wed | Morning | Holy Mass at St. Mary's Minor Seminary |
| | | Afternoon | Institution directors' meeting (Seminary, DBCLC, Pastoral Centre) |
| 13 | Thu | Morning | Holy Mass at Marymatha Major Seminary |
| 15 | Sat | Evening | JMMC Trust Meeting |
| 22 | Sat | Morning | Benefactors' Day: Holy Mass at Marymatha Major Seminary |
| 25 | Tue | Morning | Vianney Day & Presbyterium |
| 27 | Thu | Morning | Meeting of Vicars having assistants |
| | | Afternoon | Consulters' meeting |
| 28 | Fri | Morning | Holy Mass at Spiritual Animation Centre |
| 31 | Mon | | KCBC Meeting |

*** Monday to Wednesday - Ernakulam**

# ENGAGEMENTS

## 2023 JULY Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | St. Paul Gurukulam Seminary |
| 02 | Sun | Afternoon | Gathering of Newlyweds @ Family Apostolate |
| 04-05 | | | Mangalapuzha Seminary |
| 06 | Thu | Morning | for Priest and Religious |
| 07 | Fri | Morning | Holy Mass @ Animation Centre Curia Meeting |
| | | Evening | Visitors Time |
| 08 | Sat | Morning | Fourth Child Baptism @ Avinissery |
| | | Evening | Ootu Thirunal Kodiettam @ Pulakattukkara |
| 09 | Sun | All Day | pastoral Visit @ Ambakad |
| 10 | Mon | All Day | Ongoing Formation for Priest, Batch 1 |
| 11 | Tue | All Day | Ongoing Formation for Priest, Batch 1 |
| | | | Curia Meeting |
| 12 | Wed | All Day | Ongoing Formation for Priest, Batch 1 |
| | | Afternoon | Institutions Directors Meeting |
| 13 | Thu | All Day | Ongoing Formation for Priest, Batch 1 |
| | | Morning | for Priest and Religious |
| 14 | Fri | All Day | Ongoing Formation for Priest, Batch 1 |
| | | Morning | Curia Meeting |
| | | Evening | St. Thomas College Trust Meeting |
| 15 | Sat | Morning | Ordination @ Pallikunnu. Dn. Lijo Kunnan, (Society of Missionaries of Peace) |
| 16 | Sun | Morning | Seraphic Convent Platinum Jubilee H. Mass @ Peringottukkara |
| | | Afternoon | Dharpana Thirunal @ Palayur |
| 17 | Mon | All Day | Ongoing Formation for Priest, Batch 2 |
| 18 | Tue | All Day | Ongoing Formation for Priest, Batch 2 |
| | | Morning | Curia Meeting |
| 19 | Wed | All Day | Ongoing Formation for Priest, Batch 2 |
| 20 | Thu | All Day | Ongoing Formation for Priest, Batch 2 |
| | | Morning | H. Mass @ Minor Seminary |
| | | | for Priest and Religious |

| | | | |
|---|---|---|---|
| 21 | Fri | All Day | Ongoing Formation for Priest, Batch 2 |
| | | Morning | Curia Meeting |
| | | Evening | Visitors Time |
| 22 | Sat | Morning | H. Mass Major Seminary, Benefactors Meet |
| 25 | Tue | Morning | Vianney Day, Jubilee Celebrations, Feast of Mar Jacob Thoomkuzhy |
| 26 | Wed | Morning | H. Mass Major Seminary |
| 27 | Thu | Morning | Meeting of Vicars having Ass. Vicars |
| | | Evening | Consulters Meeting |
| 29 | Sat | Evening | H. Mass @ Elanad |
| 30 | Sun | Afternoon | Gathering of Pregnant Ladies |
| | | Evening | St. Ignatius Loyola day Celebration @ Koonamoochi |

**ഇവന്റെയോ ഇവന്റെ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്.**

**(യോഹ 9, 3)**

# നാളാഗമം

മെയ് 2023

1. മാനന്തവാടി രൂപതയുടെയും അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെയും സുവർണ്ണ ജൂബിലി ആഘോഷങ്ങൾ മാനന്തവാടി രൂപതയിൽ വെച്ച് സംഘടിപ്പിച്ചപ്പോൾ തൃശ്ശൂർ അതിരൂപതയിലെ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
2. ആലുവ മംഗലപ്പുഴ സെമിനാരിയിൽ വെച്ച് എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ ഡീക്കൻ പട്ടവും ചെറുപട്ടങ്ങളും വൈദിക വസ്ത്ര സ്വീകരണവും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു.

2–8. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് റോമിൽ സന്ദർശനം നടത്തി.

3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കാരമുക്ക് ഫിലിപ്പിനെരി കോൺവെന്റിൽ അൾത്താര വെഞ്ചിരിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം എസ്. എ. ബി. എസ്. സിസ്റ്റേഴ്സിന്റെ നവീകരിച്ച ആശുപത്രി വേലുപ്പാടത്ത് വെഞ്ചിരിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് വത്തിക്കാനിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റിനെയും ഓറിയൻറൽ ഡികാസ്ട്രിയുടെ പ്രീഫെക്റ്റിനെയും പിതാവ് സന്ദർശിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ച് മേജർ സെമിനാരി കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം ഡി. ബി. സി. എൽ. സിയിൽ വേനൽ കൂടാരം ഉദ്ഘാടനം ചെയ്തു.

6. അഭിവന്ദ്യ താഴത്ത് പിതാവ് റോമിലെ ഉർബൻ കോളേജിൽവച്ച് ബ്രദർ സാൽവിൻ കണ്ണനായ്ക്കലിന് ഡീക്കൻപട്ടം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എരുമപ്പെട്ടി ഇടവകയിൽ ആദ്യകുർബാന സ്വീകരണം നടത്തി.
7. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ രാവിലെ ചാഴൂർ ഇടവകയിൽ ആദ്യകുർബാന സ്വീകരണം നടത്തി. വൈകുന്നേരം കെ. സി. വൈ. എം. അതിരൂപത ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ ചാർജ് എടുക്കുന്ന മീറ്റിങ്ങിൽ പങ്കെടുത്തു. മുളയം ഇടവകയിൽ വൈദിക മന്ദിരം വെഞ്ചിരിച്ചു. രാത്രി ഒല്ലൂർ ഇടവകയിലെ യൂത്ത് മീറ്റിൽ പങ്കെടുത്തു
8. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ രാവിലെ പള്ളിക്കുന്ന് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു
9. അതിരൂപതയിലെ വൈദികർക്കായി നടത്തിയ ലിവ് & ലേൺ ഒന്നാം ബാച്ചിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി. ബി. സി. എൽ. സിയിൽ അൾത്താര കുട്ടികളുടെ സംഗമത്തിൽ ദിവ്യബലി അർപ്പിച്ചു.

10–12 ബാംഗ്ലൂരിൽ വച്ച് നടന്ന സി. ബി. സി. ഐ. സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിങ്ങിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് ആൻസ് ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു
11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വൈലത്തൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു
12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാത്രി ആമ്പക്കാട് ഇടവകയിൽ യൂത്ത് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകി.
13. ഫാമിലി അപ്പോസ്തലേറ്റിൽ വച്ച് നടന്ന Lux Domus എന്ന കുടുംബങ്ങളെക്കുറിച്ചുള്ള സിമ്പോസിയം അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപത കേന്ദ്രത്തിൽവച്ചുനടന്ന അഡ്വക്കേറ്റ്സ് ഫോറം ജനറൽബോഡി മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മരിയാപുരത്തുള്ള എം. എം. ബി. ബ്രദേഴ്സിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള വിശുദ്ധ കുർബാനയിലും തുടർന്നുള്ള പൊതുമീറ്റിങ്ങിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്ത് സംസാരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉച്ചകഴിഞ്ഞ് ഫാമിലി

അപ്പോസ്തലത്തിൽ വച്ച് ലോഫിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സിമ്പോസിയത്തിൽ സമാപന സന്ദേശം നൽകി

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പട്ടിക്കാട് ഫൊറോന ദേവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് ബഹുമാനപ്പെട്ട തോമസ് പൂപ്പാടി അച്ചന്റെ അമ്മയുടെ മൃതസംസ്കാരത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്ത് പ്രാർത്ഥിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വാക ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം ചേറ്റുപാറ ഇടവകയിൽ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു

15. എഫ്. സി. സി. പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ലിയുടെ ഭാഗമായി 'അസീസി കോൺവെൻറിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. അതിനുശേഷം അതിരൂപതയിലെ വൈദികർക്ക് വേണ്ടി നടത്തിയ 'ലിവ് & ലേൺ' രണ്ടാം ബാച്ചിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുറനാട്ടുകര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം മേരിമാതാ സെമിനാരിയിൽ സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു

16. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ചു

17. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ചുവന്നമണ്ണ് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു

18. അരിമ്പൂർ ഇടവകയിൽവച്ച് ചക്കാലക്കൽ റോയ് നാൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് മാമ്മോദിസ നൽകി. അതിനുശേഷം അതിരൂപത കാര്യാലയത്തിൽ വച്ച് ഉപദേശക സമിതിയുടെ മീറ്റിങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൂമല ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം പുതുക്കാട് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. രാത്രി വൈദിക വസ്ത്രം സ്വീകരിച്ച ബ്രദേഴ്സിന് അതിരൂപത അരമനയിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു

19. അത്താണി ഇടവകയിലെ എലുവത്തിങ്കൽ ഫ്രാൻസിസ് നിഷ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മാമ്മോദിസ നൽകി. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്

ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആനിമേഷൻ സെന്ററിൽ ദിവ്യബലി അർപ്പിച്ചു. ഇരിഞ്ഞാലക്കുട വെളിയനാട് ഇടവകയിൽ ബഹുമാനപ്പെട്ട ചാക്കോ പാറയിൽ അച്ചനുവേണ്ടി ദിവ്യബലി അർപ്പിച്ചു. തൃശ്ശൂർ റൗണ്ടിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച കുണ്ടുകുളം പിതാവിന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

20. തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് 136–ാം അതിരൂപത ദിനവും അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയും സമുചിതമായി ആഘോഷിച്ചു.
21. വിൻസെന്റ് ഡി. പോൾ സൊസൈറ്റിയുടെ പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനം കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ച് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ അതിരൂപതയിൽ ഈ വർഷം ആദ്യകുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ സംഗമത്തിൽ –എയ്ഞ്ചലോസ്– അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിച്ച ഡഫ് മിഷൻ ധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. കുരിയച്ചിറ സെൻറ് ജോസഫ് സ്കൂളിൽ വച്ച് സെന്റ് വിൻസെന്റ് ഡി. പോൾ സംഘടനയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.
22. പൊന്നൂക്കര ഇടവകയിൽ കരിയാറ്റിൽ ജോബി സിനി ദമ്പതികളുടെ ഏഴാമത്തെ കുട്ടിയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മാമ്മോദിസ നൽകി.
23. എറണാകുളം അതിരൂപതയിലെ സമർപ്പിതരുടെ ഒരു യോഗം ആലുവ എഫ്. സി. സി. ജനറലേറ്റിൽ അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് താഴത്ത് വിളിച്ചു ചേർത്തു.
25. പെരിഞ്ചേരി ഇടവകയിൽ ആലപ്പാട്ട് ഷാജു സിജോ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസായ്ക്ക് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്ന് മൃതിയടഞ്ഞ ബഹുമാനപ്പെട്ട സിസ്റ്റർ സിൽവിയ ഒ. എസ്. എഫ്. ന്റെ മൃതദേഹസംസ്കാരത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്ത് പ്രാർത്ഥിച്ചു. അതിനുശേഷം അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന ട്രൈബ്യൂണൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.
26. ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് മേരിമാതാ മേജർ സെമിനാരിയിലെ

അധ്യാപകരുമായി ആൻഡ്രൂസ് പിതാവ് കൂടിക്കാഴ്ച നടത്തി.

27. ചെങ്ങാലൂർ ഇടവകയിൽ കാട്ടുമാത്ത് ഫ്രീജോ മഞ്ജു ദമ്പതികളുടെ അഞ്ചാമത്തെ കുട്ടി അഭിവന്ദ്യ താഴത്ത് പിതാവ് മാമ്മോദീസ നൽകി. എറണാകുളം ലിസി ഹോസ്പിറ്റലിലെ ഒരു ലക്ഷം ഹൃദയ ശസ്ത്രക്രിയകൾ പൂർത്തീകരിച്ചതിന്റെ ആഘോഷം എറണാകുളത്തുവച്ച് നടന്നപ്പോൾ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചതിരിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ വച്ച് നടന്ന തൃശ്ശൂർ അതിരൂപതയിലെ മതബോധന അധ്യാപകർക്കുള്ള ധ്യാനത്തിന്റെ സമാപനത്തിൽ സന്ദേശം നൽകി.


28. രാവിലെ ഏങ്ങണ്ടിയൂർ ഇടവകയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് ഇടവകയുടെ 150–ാം വാർഷികത്തിന് തുടക്കം കുറിച്ചു. തുടർന്ന് മനക്കൊടി സാവിയോ ഹോമിൽ വച്ച് ബഹുമാനപ്പെട്ട ചാക്കോ പാറയിൽ അച്ചന്റെ അനുസ്മരണാർത്ഥം സംഘടിപ്പിച്ച പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് വിമല കോളേജിൽ വച്ച് ജീസസ് യൂത്തിന്റെ പരിപാടിയിൽ സന്ദേശം നൽകി. അതിനുശേഷം സെന്റ് തോമസ് കോളേജിൽ വെച്ച് കെ. എൽ. എം. – യു. ടി. എ. സംസ്ഥാന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പിന്നീട് തൃശ്ശൂർ ബസിലിക്ക ഹാളിൽ നടന്ന വലിയ കുടുംബങ്ങളുടെ സംഗമമായ –ലെഹായിം– ഉദ്ഘാടനം ചെയ്തു.

29. മുക്കാട്ടുകര ഇടവകയിൽ പാറക്കൽ സ്റ്റാലിൻ ജിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മാമ്മോദിസ നൽകി.

31. ഉച്ചതിരിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽവച്ച് അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ നേതൃത്വത്തിൽ ഒക്ടോബറിൽ നടക്കാനിരിക്കുന്ന സിനഡിന്റെ വിജയത്തിനായി വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, വണക്കമാസം കാലം കൂടുകയും ചെയ്തു. അതിനുശേഷം മേരിമാതാ മേജർ സെമിനാരിയിൽ സെമിനാരി വിദ്യാർത്ഥികളെയും വൈദികരെയും അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശിച്ചു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം നടത്തിവരുന്ന ജൂൺ മാസത്തിലെ രണ്ടാം ശനി ആചരണം 10 .06.2023 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദേവാലയത്തിൽവെച്ച് ആചരിച്ചു. ഈ ദിനത്തിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് ചൊവ്വന്നൂർ മുൻ ഇടവകവികാരിയും ഇപ്പോൾ പഴയന്നൂർ സെന്റ് ഡൊമിനിക് ഇടവകവികാരിയുമായ ബഹു. ബെന്നി കിടങ്ങനച്ചനാണ്. ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കുന്നതിന് ചേലക്കര ജീവോദയ കോൺവെന്റിലെ ചാരിറ്റി സിസ്റ്റേഴ്സും വന്നിരുന്നു. സ്വഅനുഭവങ്ങൾ വിവരിച്ചുകൊണ്ടുള്ള ബഹു. ബെന്നി അച്ചന്റെ സന്ദേശം ഏറെ സ്പർശകമായിരുന്നു.



ഇന്നത്തെ തിരുവചനഭാഗം – (വി. യോഹ. 6:1–15), ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ആരായിരുന്നെന്ന് നമ്മെ പഠിപ്പിക്കുന്ന സുവിശേഷഭാഗമാണ് എന്നു പറഞ്ഞുകൊണ്ടാണ് ബഹു. അച്ചൻ തന്റെ പ്രസംഗം ആരംഭിച്ചത്. മനുഷ്യന്റെ പരിമിതികൾക്കുള്ളിൽനിന്ന് ദൈവത്തിന്റെ അനന്തതയിലേക്ക് കണ്ണുകളും മനസ്സും ഹൃദയവും ജീവിതവും ഉയർത്തുമ്പോൾ അത്ഭുതങ്ങൾ നടക്കുമെന്ന് ബോധ്യപ്പെടുത്തുന്ന വചനഭാഗമാണിത്. നമ്മളാരും പരിമിതികൾക്കുള്ളിൽ ഒതുങ്ങിക്കൂടി ജീവിക്കേണ്ടവരല്ല. അതിനപ്പുറത്തുള്ള തമ്പുരാനെ ലക്ഷ്യം വെച്ച് അവിടുത്തെ ആശ്രയിച്ച് ജീവിക്കേണ്ടവരാണ്. എങ്കിൽ അഞ്ച് അപ്പവും രണ്ട് മീനും പന്ത്രണ്ട് കുട്ട നിറയെ ബാക്കി  വരുത്തുന്ന കർത്താവിനെ നമ്മുടെ ജീവിതത്തിലും ദർശിക്കാൻ കഴിയും. ഇതുപോലെ ദൈവത്തോട് ചേർന്നു നിന്ന വ്യക്തിത്വമാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റേത്. അത് അദ്ദേഹത്തെ പഞ്ചായത്ത് പ്രസിഡന്റും ഇടവക വികാരിയും കോളേജ് മാനേജരും, സെമിനാരി റെക്ടറും സന്യാസിനി സമൂഹസ്ഥാപകനുമെല്ലാമാക്കിതീർത്തു. എക്യുമെനിസത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും  ദൈവികമുഖമാക്കി. അങ്ങനെ പരിമിതിയുള്ള പറയുടെ കീഴിൽ തന്റെ പ്രകാശം വയ്ക്കാതെ പീഠത്തിനു മുകളിൽ താനാകുന്ന പ്രകാശം  കൊളുത്താനും അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും അനേകരുടെ ജീവിതത്തിൽ രുചി പകരുന്ന ഉപ്പ് ആയിത്തീരുവാനും ഈ പുണ്യപിതാവിന് കഴിഞ്ഞു. തൃശ്ശൂർ അതിരൂപതയിലെ ഇടവകവൈദികരിൽനിന്ന് ആദ്യമായി ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ട പുരോഹിതശ്രേഷ്ഠനാണ് ഊക്കനച്ചൻ. 26 കൊല്ലത്തോളം ബലിയർപ്പിച്ച ദേവാലയത്തിൽത്തന്നെ അന്ത്യവിശ്രമം കൊള്ളുവാനും ഉയരുവാനും ഉയർത്തുവാനുമൊക്കെ ഈ ഇടയന് സാധിച്ചത് തന്റെ പരിമിതികളെ അവഗണിച്ചതുകൊണ്ടാണ്.  ദൈവമതിനാൽ ഈ വന്ദ്യപിതാവിനെ മഹോന്നതകാര്യങ്ങൾക്കായി ഉപയോഗിച്ചു. ദൈവാശ്രയത്തിൽനിന്നും ലഭിച്ച ശക്തിയാൽ ധീരകൃത്യങ്ങൾ ചെയ്ത ജോണച്ചന്റെ മാതൃക നമുക്കും അനുകരിക്കാം. മധ്യസ്ഥം തേടാം.


എരുമപ്പെട്ടിയിൽനിന്നുള്ള ചിററിലപ്പിള്ളി ജോസഫ് ജോഷിയും കുടുംബവുമാണ് ഈ മാസത്തെ രണ്ടാം ശനിയാചരണം ഏറ്റെടുത്ത് നടത്തിയത്. ചൊവ്വന്നൂർ ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

## 60–ാം ശ്രാദ്ധാചരണം

ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ 60–ാം ശ്രാദ്ധാചരണം ചേലക്കര സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിൽ ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു. ജൂൺ 3 മുതൽ 9 വരെ നടന്ന തിരുക്കർമ്മങ്ങളിലും ജൂൺ 4ന് മുള്ളൂർക്കരയിൽ നിന്ന് ആരംഭിച്ച് ചേലക്കരയിൽ സമാപിച്ച തീർത്ഥാടന പദയാത്രയിലും ശ്രാദ്ധ ഊട്ടിലും ആയിരങ്ങൾ പങ്കെടുത്തു. അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾ മോൺ. ജോസ് കോനിക്കര, വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. പോൾ പുളിക്കൻ, വികാരി റവ. ഫാ. ജോൺസൺ ഒലെക്കേങ്കിൽ, അസി. വികാരി റവ. ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി, റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളി, റവ. ഫാ. ജോയ് കുഞ്ഞൂർ, റവ. ഫാ. ജോമോൻ കൊച്ചുപുരയ്ക്കൽ തുടങ്ങിയവർ വിവിധ ദിനങ്ങളിലെ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികരായിരുന്നു. ബഹുമാനപ്പെട്ട ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനെക്കുറിച്ച് സമൂഹത്തിന്റെ വിവിധ തുറയിലുള്ള വ്യക്തികളുടെ അനുഭവങ്ങളും സാക്ഷ്യങ്ങളും, പഠനങ്ങളും മാത്രം ഉൾപ്പെടുത്തിക്കൊണ്ട് പുറത്തിറക്കിയ പ്രേഷിത



നാദം 60–ാം ശ്രാദ്ധാചരണപ്പതിപ്പ് റവ. ഫാ. ജോൺസൺ ഒലെക്കേങ്കിൽ, എഡിറ്റർ പ്രദീപ് ഉപ്പാംതടം, റവ. സി. റോസ് വെർജിൽ എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുകയുണ്ടായി. കൈക്കാരന്മാരായ തോമസ് ശാശ്ശേരി, സിബി കൊള്ളിക്കുളവിൽ, ജോബി മുണ്ടൻകുരിയൻ എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

**അന്തോണിയച്ചൻ: കാലാതീതനായ കർമ്മശ്രേഷ്ഠൻ**

1922 ലാണ് ചേലക്കരയിൽ ആദ്യമായി ഒരു കത്തോലിക്കാ കുടുംബം എത്തുന്നത്. പഴയ കൊച്ചി നാട്ടുരാജ്യത്തിന്റെ ഭാഗമായ ചേലക്കര ദേശം അതിർത്തി പങ്കിട്ടിരുന്നത് മദ്രാസ് പ്രസിഡൻസിയുമായിട്ടായിരുന്നു. ശക്തമായ കാർഷിക സംസ്കൃതിയുണ്ടായിരുന്ന ഇവിടെ ധാരാളം പടയോട്ടങ്ങൾക്കും വേദിയായിട്ടുണ്ട്. ടിപ്പുസുൽത്താൻ പട നയിച്ചതിന് ചരിത്രപരമായ അവശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. പഴമയുടെ ഭാഗമായി എല്ലാ ജാതി, ഉപജാതി അയിത്ത ചിന്തകളും പാരമ്പര്യത്തിന്റെ രൂപത്തിൽ നില നിന്നിരുന്ന, ഗതാഗത സൗകര്യമില്ലാത്ത, വൈദ്യുതി എത്തിയിട്ടില്ലാത്ത, ആരോഗ്യസംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും, വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരുന്ന ഇരുണ്ട ഭൂമിയിലേക്കു പതിഞ്ഞ കാലടികളോടെ, കൃശഗാത്രനായ ആന്റണി തച്ചുപറമ്പിലച്ചനെന്ന കത്തോലിക്കാ പുരോഹിതൻ, 1930ൽ ചേലക്കരയുടെ ഭാഗധേയം നിർണ്ണയിക്കാൻ കടന്നുവന്നു. തൊട്ടുകൂടായ്മയും, തീണ്ടലും, അയിത്തവും എന്തിന് താഴ്ന്ന ജാതിക്കാരന് സഞ്ചാരസ്വാതന്ത്ര്യവും പൊതുകിണറിൽ നിന്ന് കുടിവെള്ളം എടുക്കാനുള്ള അവസരവും നിഷേധിച്ച കാലത്ത്, 1930ൽ ചേലക്കരയിൽ സർവ്വ പ്രാകൃത നിയമങ്ങളേയും വെല്ലു വിളിച്ച് അവർണ്ണനേയും, സവർണ്ണനേയും ജാതിഭ്രഷ്ഠ് ഉള്ളവനെയും ഒറ്റ ബഞ്ചിലിരുത്തി പഠിപ്പിക്കാൻ ഒരു എൽ.പി. സ്കൂൾ ഹോളിഫാമിലി കന്യാസ്ത്രീകളുമൊത്ത് അദ്ദേഹം ആരംഭിച്ചത് വിപ്ലവകരമായ തീരുമാനമായിരുന്നു. ഒരുപാട് എതിർപ്പുകൾ സവർണ്ണ യഥാസ്ഥിതിക സമൂഹങ്ങളിൽ നിന്നും നേരിടേണ്ടിവന്നുവെങ്കിലും അവരിൽതന്നെയുള്ള പുരോഗമന വാദികൾ അച്ചന് സർവ്വ പിന്തുണയും നല്കി. ബഹുമാനപ്പെട്ട അച്ചൻ ഈ സ്കൂൾ ആരംഭിക്കുമ്പോൾ കത്തോലിക്ക കുടുംബങ്ങളുടെ എണ്ണം 10ൽ താഴെ മാത്രമായിരുന്നു. അദ്ദേഹം നൂൽനൂൽപുകേന്ദ്രങ്ങൾ തുടങ്ങിയപ്പോഴും സൗജന്യ വിദ്യാഭ്യാസം ആരംഭിച്ചപ്പോഴും, അപരന് സഹായ ഹസ്തവുമായി നിലനിന്നപ്പോഴും ചേലക്കരയിൽ സ്വന്തം സമുദായത്തിന് ആരാധാനാലയം നിർമ്മിക്കുന്നതിന് മുൻപ് തിരുസഭാ മാതാവിന്റെ മക്കൾ തന്നെയായ സീറോമലങ്കര കത്തോലിക്കാ സഹോദരങ്ങൾക്കായി ആരാധാനാലയം

സ്ഥാപിക്കാൻ മുൻകൈ എടുക്കുമ്പോഴും  സർവ്വശക്തനായ ദൈവത്തിന്റെ വെറും ഒരു ഉപകരണമായി തീരാൻ അദ്ദേഹം സന്നദ്ധനായി. പള്ളി മതിൽക്കെട്ടിനു പുറത്തെ വിശാലമായ നേർ യാഥാർത്ഥ്യങ്ങളിലേക്ക്, തന്റെ പൗരോഹിത്യത്തിന്റെ പ്രകാശം ബഹു. ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ 33 വർഷം പ്രവഹിപ്പിച്ചുകൊണ്ടേയിരുന്നു. കേരള കത്തോലിക്കാ സഭയിൽ സമകാലീനരായിരുന്ന വിശുദ്ധ ജന്മങ്ങളിൽ പലരും നിരവധി പേരെ വിശ്വാസത്തിലടുപ്പിച്ചത്, കോട്ട പോലെ നില നിന്നിരുന്ന കത്തോലിക്കാ വിശ്വാസത്തിന്റെയും ആൾ ബലത്തിന്റെയും സംരക്ഷണ വലയത്തിന്നകത്തായിരുന്നെങ്കിൽ മറ്റൊരു സംസ്കൃതിയുടെ ആഴങ്ങളിൽ നിന്നുമാണ്, ഒരു ജനതയെ അദ്ദേഹം വാർത്തെടുത്തത്.  തനിക്കു ദൈവം ദാനമായി നൽകിയ സേവനപരിധിയുടെ അവസാന നാളുകളിലാണ് തന്റെ ഇടവകജനത്തിനു വേണ്ടി ഒരു ദേവാലയ നിർമ്മിതിയെക്കുറിച്ച് അദ്ദേഹം വ്യാകുലചിത്തനാകുന്നത്.  ഒരുപാട് എതിർപ്പുകൾക്കു മദ്ധ്യേ 1958ൽ ആരംഭിച്ച് 1962ൽ മാതാവിന്റെ നാമധേയത്തിൽ ദൈവാലയം പണി തീർത്തു.  9 മാസങ്ങൾക്കു ശേഷം 1963ൽ ജൂൺ മാസം 9–ാം തിയ്യതി ബഹു. തച്ചുപറമ്പിൽ അന്തോണിയച്ചൻ ഈ ലോകത്തിൽ നിന്നു യാത്രയായി. (ശ്രാദ്ധാചരണ സപ്ലിമെന്റിൽ നിന്ന്)

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം, പാലയൂർ

**പാലയൂർ സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം ദുക്റാന തർപ്പണ തിരുനാൾ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം നിർവഹിച്ചു.**

പാലയൂർ സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപൽ തീർത്ഥകേന്ദ്രത്തിലെ ദുക്റാനതർപ്പണ തിരുനാൾ ഒരുക്കങ്ങൾ തുടങ്ങി. തിരുനാൾ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം തീർത്ഥ കേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ ഡോ ഡേവിസ് കണ്ണമ്പുഴ ഉദ്ഘാടനം നിർവഹിച്ചു. ജൂലൈ 3ന് ദുക്റാന ഊട്ട് തിരുനാളും,ജൂലൈ 15,16 തർപ്പണ തിരുനാളും ആഘോഷിക്കുമെന്ന് ജന.കൺവീനർ ഫ്രാൻസിസ് ചിരിയങ്കണ്ടത്ത് അറിയിച്ചു.

**എഴുത്തിനിരുത്തൽ ചടങ്ങും,പഠനോപകരണങ്ങളുടെ വെഞ്ചിരിപ്പും**
പന്തകുസ്ത ദിനത്തോണോടാനുബന്ധിച്ചു പാലയൂർ സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപൽ തീർത്ഥകേന്ദ്രത്തിൽ എഴുത്തിനിരുത്തൽ ചടങ്ങും, പഠനോപകരണങ്ങളുടെ വെഞ്ചിരിപ്പും നടത്തി. വിശ്വാസ പരിശീലകരായ സിമി ഫ്രാൻസിസ്, ഷീന ടോബി,സാൻജോ ടോണി, ജാനറ്റ് ഫ്രാങ്കിൾസ്, തീർത്ഥ കേന്ദ്രം പി ആർ ഒ ജെഫിൻ ജോണി എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സീജൻ ചക്കാലക്കൽ | 02 |
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. ലിബിൻ ചെമ്മണ്ണൂർ | 09 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 09 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 12 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 21 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 25 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| മോൺ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |

# FEAST DAY



## നാമഹേതുകതിരുനാൾ

ഫാ. തോമസ് ചക്കുംപീടിക 03
ഫാ. ക്രിസ്റ്റീൻ ചിറമ്മൽ 03
ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് 03
ഫാ. തോമസ് ചൂണ്ടൽ 03
ഫാ. തോമസ് എടക്കളത്തൂർ 03
ഫാ. തോമസ് കാക്കശ്ശേരി 03
ഫാ. ടോണി തോമസ് കാക്കശ്ശേരി 03
ഫാ. സെബി കാഞ്ഞിരത്തിങ്കൽ 03
ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ 03
ഫാ. സജിൽ കണ്ണനായ്ക്കൽ 03
ഫാ. ഫിനോഷ് കീറ്റിക്ക 03
ഫാ. ബെന്നി കിടങ്ങൻ 03
ഫാ. ജിസോ കുറ്റിക്കാട്ട് 03
ഫാ. മേജോ മരോട്ടിക്കൽ 03
ഫാ. ടിജോ മുള്ളക്കര 03
ഫാ. ജോബ് പടയാട്ടിൽ 03
ഫാ. തോമസ് പൂപ്പാടി 03
ഫാ. ലിയോ പുത്തൂർ 03
ഫാ. തോമസ് ഊക്കൻ 03
ഫാ. തോമസ് വടക്കേത്തല 03
ഫാ. തോമസ് വടക്കൂട്ട് 03
ഫാ. ജെയ്സൻ വട്ടനിരപ്പേൽ 03
ഫാ. റോയ് വേളക്കൊമ്പിൽ 03
ഫാ. തോമസ് വേലൂക്കാരൻ 03
ഫാ. ജിയോ വേലൂക്കാരൻ 03
ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ 18
ഫാ. നോബിൾ പെട്ടയിൽ 20
ഫാ. ജോയി അടമ്പുകുളം 25
ഫാ. ഡെറിൻ അരിമ്പൂർ 25
ഫാ. ജാക്സൻ ചാലക്കൽ 25
ഫാ. ചാക്കോ ചെറുവത്തൂർ 25
ഫാ. ചാക്കോ ചിറമ്മൽ 25
ഫാ. ഷിജു ചിറ്റിലപ്പിള്ളി 25
ഫാ. ജേക്കബ് എടക്കളത്തൂർ 25
ഫാ. ജിമ്മി കള്ളിങ്കൽക്കുടിയിൽ 25
ഫാ. ജാക്സൻ കൂനംപ്ലാക്കൽ 25
ഫാ. അനീഷ് കൂത്തൂർ 25
ഫാ. ചാക്കോ നടക്കവേലിയിൽ 25
ഫാ. ഷിജോ പള്ളിക്കുന്നത്ത് 25
ഫാ. ജേക്കബ് തച്ചറാട്ടിൽ 25
ഫാ. സൈജോ തൈക്കാട്ടിൽ 25
ഫാ. സിന്റോ തൊറയൻ 25
ഫാ. സജു വടക്കേത്തല 25
ഫാ. ജെയിംസ് വടക്കൂട്ട് 25
ഫാ. ട്രെജിൻ തട്ടിൽ 28
ഫാ. സീജൻ ചക്കാലക്കൽ 31
ഫാ. മിഥുൻ ചുങ്കത്ത് 31
ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര 31
ഫാ. ഫ്രാൻസോ തെക്കത്ത് 31

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05.07.1915 |
| ഫാ. ജോസഫ് പുത്തൂർ | 18.07.1944 |
| ഫാ. ജോർജ്ജ് എളങ്കുന്നപ്പുഴ | 23.07.1945 |
| ഫാ. ഗ്രൂസ് പാനികുളം | 09.07.1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08.07.1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11.07.1953 |
| ഫാ. ജോസഫ് പറമ്പൻ | 27.07.1961 |
| ഫാ. ആന്റണി അക്കര സീനിയർ | 16.07.1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22.07.1971 |
| ഫാ. പോൾ അരിക്കാട്ട് സീനിയർ | 07.07.1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12.07.1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 28.07.1974 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13.07.1975 |
| ഫാ. ജേക്കബ് ബ്രഹ്മകുളം | 18.07.1977 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28.07.1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31.07.1985 |
| ഫാ. ജോസഫ് ചാലക്കൽ | 22.07.1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09.07.1995 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 31.07.1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18.07.1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14.07.2000 |
| ഫാ. ജോസഫ് ചുങ്കത്ത് ജൂനിയർ | 18.07.2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31.07.2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05.07.2010 |
| ഫാ. ജെൽസ് ചേറ്റുപുഴക്കാരൻ | 27.07.2017 |
| മോൺ. കാക്കശ്ശേരി ജോസഫ് | 20.07.2021 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
**മെയ്**

**CRI പൊതുസമ്മേളന റിപ്പോർട്ട്**

2023 മെയ് 6ന് രാവിലെ 9.30 നു SD സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ പൊതുസമ്മേളനം ആരംഭിച്ചു.. പ്രസിഡണ്ട് സ്വാഗതം പറയുകയും സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തൃശൂർ അതിരൂപത വൈസ് ചാൻസിലർ Fr. Daijo Poruthur ഉദ്ഘാടനം നിർവഹിച്ചു. പുതിയതായി ചാർജെടുത്ത പ്രൊവിൻഷ്യലുകളായ O.Carm പ്രൊവിൻഷ്യൽ പെ. ബഹു. ഫാ. തങ്കച്ചൻ ഞാളിയത്ത്, OFM Cap. Thrissur പ്രൊവിൻഷ്യൽ ഫാ. ജെയ്സൺ, CMI ദേവമാത പ്രൊവിൻഷ്യൽ ഫാ. ജോസ് നന്തിക്കര എന്നിവർക്ക് തൃശൂർ CRI Unit സ്വീകരണവും ആശംസകളും നൽകി. തുടർന്ന് അദിലാബാദ് രൂപതാദ്ധ്യക്ഷൻ പ്രിൻസ് പാണെങ്ങാടൻ പിതാവിന്റെ ക്ലാസ്സ് ആയിരുന്നു. "Religious call and response in the present scenario'എന്നതായിരുന്നു വിഷയം. സി. കാതറിൻ CHF CRI ട്രഷറർ ഏവർക്കും നന്ദി പറഞ്ഞു... 1.30 നു ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

**സി. എം. സി.**

ഏപ്രിൽ 22–ാം തിയതി ഒല്ലൂർ മേരിമാതാ ഇടവകദേവാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ 12 സന്യാസ അർത്ഥിനികൾ തങ്ങളുടെ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി.

സി.എം.സി. യുടെ സഹസ്ഥാപകനായ വന്ദ്യ ലെയോ പോൾദ് പിതാവിന്റെ ചരമദിനമായ ഏപ്രിൽ 22 ന് പിതാവിന്റെ അനുസ്മരണാർത്ഥം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ആലുവ ജനറലേറ്റിൽവെച്ച് നടത്തപ്പെട്ട സിൽവർ ജൂബിലിക്കാർക്കുള്ള കോഴ്സിൽ 5 സിസ്റ്റേഴ്സ് പങ്കെടുത്തു.

ഏപ്രിൽ 16 ന് സെന്റ് മേരീസ് ഒല്ലൂർ കോൺവെന്റിൽവെച്ച് പ്രൊവിൻഷ്യൽ പ്ലിനറി മീറ്റിംഗ് നടത്തപ്പെട്ടു. ഹോളി റെഡീമേഴ്സ് നടത്തറ, ഹോളി ട്രിനിറ്റി കോലഴി, സെന്റ് മേരീസ് ഒല്ലൂർ, സെന്റ് വിൻസെന്റ് ഡി പോൾ ഒല്ലൂർ, ബഥനി കോട്ടപ്പടി, കാർമൽ ശാന്തിധാം, ലേഡി ഫാറ്റിമ ഒല്ലൂർ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ കാനോനിക സന്ദർശനം നടത്തി.

സർക്കാർ ജോലികളിൽ കത്തോലിക്കരുടെ പ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന Project GEMS എന്ന പ്രോഗ്രാമിന്റെ മീറ്റിംഗ് തൃശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി.

മെയ് 1–ാം തിയതി 7 ആസ്പിരൻസ് പോസ്റ്റുലൻസിയിൽ പ്രവേശിച്ചു. സി. പ്രദീപ പോസ്റ്റുലന്റ്സ് മിസ്ട്രസ് ആയി ചാർജെടുത്തു. പറപ്പൂർ ഫോർമേഷൻ ഹൗസിൽവെച്ച് ഫോർമേഷൻ കുട്ടികളുടെ രക്ഷിതാക്കളുടെ സംഗമം നടത്തി. വിശ്വാസരൂപീകരണ കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ മെയ് 3 മുതൽ 14 വരെ 16 സിസ്റ്റേഴ്സ് വെട്ടുക്കാട് ഇടവകയിൽ ഹോം മിഷൻ നടത്തി. മെയ് 5 ന് കെയ്റോസ്, ഉജ്ജീവനം, സി.എം.സി അസോസിയേറ്റ്സ് എന്നീ ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ഒരു അർദ്ധദിനസെമിനാർ ഉണർവ് സംഘടിപ്പിക്കുകയുണ്ടായി. ദത്തെടുത്ത കിള്ളിമംഗലം ഇടവകയിൽ സോഷ്യൽ കൗൺസിലർ സി. മരിയറ്റ് ഉജ്ജീവനം ഗ്രൂപ്പിൽ സംസാരിച്ചു. മെയ് 6 ന് ട്രാൻസ്ഫർ ഉള്ള സിസ്റ്റേഴ്സ് തങ്ങളുടെ പുതിയ മഠങ്ങളിലേക്ക് സ്ഥലം മാറി പോയി. 18–24 തൊഴൂപാടം കോൺവെന്റിൽ ജൂനിയർ സിസ്റ്റേഴ്സിനായി കോഴ്സ് നടത്തുകയുണ്ടായി. ചുണങ്ങുവേലി റിട്രീറ്റ് സെന്ററിലും ആലുവ ജനറലേറ്റിലും വച്ച് 2 ബാച്ചുകളിലായി നടന്ന 25 ദിവസത്തെ സിൽവർ ജൂബിലി കോഴ്സിനുശേഷം 12 സിസ്റ്റേഴ്സ് തിരിച്ചെത്തി. മെയ് 20 ന് സ്കൂൾ സിസ്റ്റർ സ്റ്റാഫിനായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന ഒരു ദിവസത്തെ സെമിനാറിൽ 105 സിസ്റ്റേഴ്സ് പങ്കെടുത്തു. മെയ് 25 മുതൽ 31 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന CRT Sisters നയിച്ച നീയും പോയി ഇതുപോലെ ചെയ്യുക വാർഷിക ധ്യാനത്തിൽ 68 സിസ്റ്റേഴ്സ് പങ്കെടുത്തു.

**എസ് എ ബി എസ്**

ഏപ്രിൽ 4 ന് പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ റവ. ഫാ. ബോബി തറകുന്നേൽ O. Carm. ന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ ബലി

മധ്യേ 19 ജൂണിയർ സിസ്റ്റേഴ്സ് കാനോനിക വ്രതം ചെയ്തു. അന്ന് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുപ്പീരിയേഴ്സ് കോൺഫ്രൻസിൽ സുപ്പീരിയേഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ ഹൗസിന്റെ നേതൃത്വ ത്തിൽ സംഘടിപ്പിച്ച മലയാറ്റൂർ തീർത്ഥയാത്രയിൽ വിവിധ ഭവനസമൂ ഹങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. ഏപ്രിൽ 10 മുതൽ 15 വരെ പ്രൊവിൻഷ്യൽ ഹൗസിൽ ബ. ജോർജ് കാട്ടൂരിന്റെ നേതൃത്വത്തിൽ നട ത്തിയ വാർഷിക ധ്യാനത്തിൽ 48 പേർ പങ്കെടുത്തു. ഏപ്രിൽ 20 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തൃശൂർ അതിരൂപതാദ്ധ്യ ക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലി മധ്യേ നോവിസസ് മെബിൾ ട്രീസ ചീരൻ, ഷിമ അന്ന മുണ്ടുംപാല, മഞ്ജു റോസ് കാഞ്ഞിരത്തിങ്കൽ എന്നിവർ സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തി. നവസന്യാസി നിമാർ സ്വന്തം ഇടവകകളിൽ ഒരുക്കിയ വിശുദ്ധ ബലിയിലും അനു മോദന സമ്മേളനങ്ങളിലും പങ്കെടുത്തു. ഏപ്രിൽ 21 മുതൽ 27 വരെ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ നിയമാവലി ധ്യാനത്തിൽ 29 സിസ്റ്റേഴ്സ് പങ്കെടുത്തു. സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. കുട്ടനല്ലൂർ സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി സ്ക്കൂളിനോടനുബന്ധിച്ച് ആരംഭിച്ച സെന്റ് അഗസ്റ്റിൻസ് എസ് എ ബി എസ് റസിഡൻസിന്റെ വെഞ്ചിരിപ്പ് കർമ്മം സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലി മധ്യേ നടന്നു. ഏപ്രിൽ 28, 29 തിയതികളിൽ യൂക്കരിസ്റ്റിക്ക് റിട്രീറ്റ് ടീമംഗങ്ങൾക്കായി സി എം ഐ സന്യാസ സഭാംഗം റവ. ഫാ.സജി തെക്കേക്കൈതക്കാട്ടിന്റെ ധ്യാന പരിപാടി സംഘടിപ്പിച്ചു. പ്രോവിൻസിന്റെ രജത ജൂബിലിക്ക് ഒരുക്ക മായി തൃശൂർ നിർമ്മലമാത കോൺവെന്റിൽ നടത്തിയ 40 മണിക്കൂർ ആരാധന നടത്തി.

പുതിയതായി പണി തീർത്ത വേലൂപ്പാടം സെന്റ് ജോസഫ്സ് ഹോസ് പിറ്റലിന്റെ ആശീർവാദകർമ്മവും പൊതുസമ്മേളനത്തിന്റെ ഉദ്ഘാട നവും മെയ് 3ന് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. സ്ഥലംമാറ്റം ലഭിച്ച സിസ്റ്റേഴ്സ് മെയ് 10 ന് നിശ്ചയിക്കപ്പെട്ട ഭവനസമൂഹങ്ങളിൽ എത്തിച്ചേർന്ന് ഏൽപ്പിക്കപ്പെട്ടിരി ക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു. മെയ് 7 മുതൽ 17 വരെ ചേറ്റു പുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂണിയർ സിസ്റ്റേഴ്സിനായി സംഘ ടിപ്പിച്ച ദശദിന കോഴ്സിൽ വിവിധ ഭവനസമൂഹങ്ങളിൽ നിന്നും 15 സിസ്റ്റേഴ്സ് പങ്കെടുത്തു. മെയ് 13 ന് തൃശൂർ ഫാമിലി അപ്പോസ്റ്റൊലേ റ്റിൽ സംഘടിപ്പിച്ച Lux Domus 2023 ൽ സി. മരീന മുണ്ടാടൻ, സി. ജിൽസി ജോൺ പുളിക്കൽ എന്നിവർ പങ്കെടുത്തു. മെയ് 19 മുതൽ 24

വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നിയമാവലി ധ്യാനം നടത്തി. 2പോസ്റ്റുലൻസ് ലിലി ഗ്രെയ്സ് പുല്ലോക്കാരൻ ചിറ്റിലപ്പിള്ളി, അനു പുല്ലോക്കാരൻ എന്നിവർ മെയ് 24 ന് നൊവിഷ്യേറ്റിൽ പ്രവേശിച്ചു. ആരാധനാസഭായുടെ സഹസ്ഥാപക ദൈവദാസി മദർ മേരി ഫ്രംസിസ്ക്കദെ ഷന്താളിന്റെ 51 –ാം ചരമവാർഷികദിനത്തിൽ അതിരമ്പുഴയിൽ നടന്നു.

**സി. എസ്. എസ്**

ഇടുക്കി രൂപതയിലെ രാജകുമാരി ഇടവകയിൽ സ്നേഹോദയ പ്രൊവിൻസിന്റെ കീഴിൽ ഹോം വിഷൻ നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സോഫിയയുടെ തിരുനാൾ മെയ് 21 ന് പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. പെന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് ഹോളി സ്പിരിറ്റ് ജനറലേറ്റിൽ റവ. ഫാദർ

സജി തെക്കേക്കൈതക്കാട്ട് സി.എം.ഐ യുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി. മെയ് 28 ന് ഭവനമദ്ധ്യസ്ഥത്തിരുനാൾ സമുചിതമായി ആഘോഷിച്ചു. സ്നേഹ ദീപ്തി സ്പെഷ്യൽ സ്കൂളിൽ വെച്ച് നടന്ന സ്പെഷ്യൽ ഭാരത് ഒളിമ്പിക്സിന്റെ മത്സരപരിപാടിയിൽ കേരളത്തിലെ വിവിധ സ്പെഷ്യൽ സ്കൂളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. സ്നേഹദീപ്തി സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മെയ് 14, 15, 16, 17, 18, 19 തിയ്യതികളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വാർഷികധ്യാനത്തിൽ 52 സിസ്റ്റേഴ്സ് പങ്കെടുത്തു. സ്നേഹോദയ പ്രൊവിൻസിന്റെ പുതിയ മിഷൻ കർണ്ണാടകയിലെ ഗുൽബർഗ്ഗ രൂപതയിൽആരംഭിച്ചു.

**എം. എം. ബി.**

20 സംസ്ഥാനങ്ങളിലായി നാല്പതോളം കേന്ദ്രങ്ങളിൽ സുവിശേഷവത്കരണം എളിയ സേവനങ്ങളിലൂടെ എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന എം. എം. ബി. യുടെ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപന പരിപാടികൾ 2023 മെയ് 13 ശനിയാഴ്ച മരിയാപുരം മിഷൻ ഹോം എൽ. പി. സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ സ്റ്റേജിൽ വച്ച് നടത്തപ്പെട്ടു. ഉച്ചതിരിഞ്ഞ് 2.30ന് നടന്ന സമൂഹബലിയ്ക്ക് സീറോ മലബാർ സഭ മേലദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി മുഖ്യകാർമ്മികത്വം വഹിച്ചു. സി. ബി. സി. ഐ. പ്രസിഡണ്ടും തൃശൂർ അതിരൂപതാ അദ്ധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്ത്, സാഗർ രൂപതാ മെത്രാൻ മാർ ജെയിംസ് അത്തിക്കളം തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

തുടർന്ന് എം. എം. ബി. യുടെ 75 വർഷത്തെ ചരിത്രം വീഡിയോ പ്രസന്റേഷൻ നടത്തി. പൊതുസമ്മേളനം മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. എം. എം. ബി. സുപ്പീരിയർ ജനറൽ ബഹു. ബ്രദർ

ബാസ്റ്റിൻ കാരുവേലിൽ സ്വാഗതം ആശംസിച്ചു. മാർ ആൻഡ്രൂസ് താഴ ത്ത് അദ്ധ്യക്ഷനായിരുന്നു. തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ തൃശൂർ മേയർ ശ്രീ. എം. കെ. വർഗ്ഗീസിന് ആദ്യ പ്രതി കൈമാറിക്കൊണ്ട് പ്ലാറ്റിനം ജൂബിലി സ്മരണിക പ്രകാശനം ചെ യ്തു. എം. എം. ബി. യുടെ പ്ലാറ്റിനം ജൂബിലി സ്മാരകമായി നിർമ്മിച്ചു നല്കുന്ന വനങ്ങളുടെ താക്കോൽദാനം ശ്രീ. ബാബു ആലപ്പാട്ടിന് താ ക്കോൽ കൈമാറിക്കൊണ്ട് കേരള റവന്യൂ – വനനിർമ്മാണ വകുപ്പു മന്ത്രി അഡ്വ. കെ. രാജൻ നിർവ്വഹിച്ചു. സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ബ്രദർ ജോസ് ചുങ്കത്ത് നന്ദി പറഞ്ഞു.

**എഫ്.സി.സി.**

മെയ് 1–ാം തീയതി മുതൽ 6 ാം തീയതി വരെ കുട്ടംകുളം ആബാ കോൺവെന്റിൽ വച്ച് നടന്ന ദൈവവിളി ക്യാമ്പ് നടത്തി. തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മെയ് 14 മുതൽ 18 വരെ പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ലി നടത്തി. മെയ് 21–ാം തീയതി ഞായറാഴ്ച 2 pm മുതൽ 4 pm വരെ Aided & Unaided വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ എന്നിവരുടെ ഒരു മീറ്റിംഗ് അസ്സീസിയിൽ വച്ച് നടത്തി. 24–ാം തീയതി ഗുരുവായൂർ ലിസ്യു എഫ് സി കോൺവെന്റിൽ വച്ച് നടന്ന ഉപവാസപ്രാർത്ഥനാ സമ്മേളനത്തിൽ സി. ക്രിസ് മരിയ ആരാധനയ്ക്ക് നേതൃത്വം നൽകി. തിരൂർ സിയോൺ റിന്യുവൽ സെന്ററിൽ മെയ് മാസത്തിൽ ജെർമ്മയിൻ, ഫൗസ്തീന ഗ്രൂപ്പുകളിലെ സിസ്റ്റേഴ്സിനായി ജനറൽ ആനിമേറ്റേഴ സിന്റെ നേതൃത്വത്തിൽ 2 നിയമാവലി ധ്യാനങ്ങൾ നടത്തി. കെനിയ മിഷനിലും, കുട്ടംകുളം ആബ്ബാ കോൺവെന്റിലുമായി Come &See പ്രോഗ്രാമിലേയ്ക്ക് ഈ വർഷം 9 അർത്ഥിനികൾ വന്നു.

**സി. എസ്. സി.**

മരിയ ഭവൻ ജനറലേറ്റ് കോലഴിയിൽ വച്ച് മെയ് 13 ന് പ്രധാന അധ്യാ പകരുടെയും, മെയ് 19 ന് Special Educators ന്റെ മീറ്റിംങ്ങുകളും നട ത്തി. ജൂൺ 5,6 തിയതികളിൽ കെ സി എം എസ് ജനറൽ ബോഡി മീറ്റിംങ്ങിൽ ബഹു. മദർ റിൻസി, ബഹു സി ഹൃദ്യ, ബഹു സി പിയോ എന്നിവർ പങ്കെടുത്തു. മെയ് 12 ന് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഈ വർഷം തിരുപട്ടം സ്വീകരിച്ച രാമാനാഥപുരം രൂപത യിലെ നവ വൈദീകർക്ക് ഹൃദ്യമായ സ്വീകരണം നൽകി. മെയ് 26 ന് ഹോസസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ, നഴ്സറി, സ്പെഷിൽ സ്കൂൾ അധ്യാപകർ, എന്നിവർക്കായി ബഹു ഫാ.രഞ്ജിത്ത് അത്താണിക്കൽ സി എം ഐ യുടെ ക്ലാസും തുടർന്ന് അഭിഷേകാരാധനയും ഉണ്ടായി

രുന്നു.

**എസ്. എം. സി.**

മെയ് 15 നു മദർ ജനറാൾ Rev. Sr. സെപരാൻസ മാടശ്ശേരിയും ജനറൽ ട്രഷറർ സി. ഏലിയാനയും കാനോനിക്കൽ വിസിറ്റ് നടത്തി. എല്ലാ സിസ്റ്റേഴ്സും ചേറൂർ കോൺവെന്റിൽ വെച്ച് ഫാ. ജോജി കല്ലിങ്ങലിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി. മദർ ജനറാൾ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു. CRI സെക്രട്ടറിയും കൗൺസിലറുമായ സി. ലെത്തീസിയയുടെ വ്രതാർപ്പണ സിൽവർ ജൂബിലി മെയ് 28നും ഒപ്പം സി. മേരി ഷീനയുടെയും മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദന സമ്മേളനവും നടത്തുകയുണ്ടായി.

## ആദരാഞ്ജലികൾ



15.04.203 എഫ്.സി.സി തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായ ബ. സി. ഫിഷർ ഏപ്രിൽ 15–ാം തീയതി ശനിയാഴ്ച രാവിലെ 6.15 ന് ദൈവ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. അന്നു തന്നെ 4.30 pm ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യമാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാരം നടത്തി.



17.04.203 എഫ്.സി.സി ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. സി. എത്തൽ ഏപ്രിൽ 17–ാം തീയതി തിങ്കളാഴ്ച രാത്രി 8.15ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 18–ാം തിയതി 4.30 pmന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാരം നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ ഒക്ടോബർ 02–ാം തിയതി മുതലാണ് തുടങ്ങുന്നത്.

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | ഒക്ടോബർ 02 | 10.00 am |
| 2. മാതൃവേദി | ഒക്ടോബർ 02 | 10.00 am |
| 3. ജോൺപോൾ പ്രോലൈഫ് | ഒക്ടോബർ 02 | 11.00 am |
| 4. ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ | ഒക്ടോബർ 02 | 11.00 am |
| 5. കുടുംബകൂട്ടായ്മ | ഒക്ടോബർ 02 | 12.00 noon |
| 6. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ് വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ് | ഒക്ടോബർ 02 | 12.00 noon |
| 7. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | ഒക്ടോബർ 03 | 10.00 am |
| 8. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | ഒക്ടോബർ 03 | 11.00 am |
| 9. ഹോളി ചൈൽഡ് ഹുഡ് | ഒക്ടോബർ 03 | 11.00 am |
| 10. ഫ്രാൻസിസ്കൻ അസോസിയേഷൻ | ഒക്ടോബർ 03 | 12.00 noon |

| | | |
|---|---|---|
| 11. ചൈതന്യ ക്ലീനിക് | ഒക്ടോബർ 04 | 10.00 am |
| 12. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | ഒക്ടോബർ 04 | 10.00 am |
| 13. ഡാമിയൻ എസ്റ്റേറ്റ് | ഒക്ടോബർ 04 | 11.00 am |
| 14. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | ഒക്ടോബർ 04 | 11.00 am |
| 15. ജൂബിലി മിഷൻ ഹോസ്പിറ്റൽ | ഒക്ടോബർ 04 | 12.00 noon |
| 16. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | ഒക്ടോബർ 05 | 10.00 am |
| 17. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | ഒക്ടോബർ 05 | 10.00 am |
| 18. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്. നേഴ്സിംഗ് | ഒക്ടോബർ 05 | 11.00 am |
| 19. കെ.സി.എസ്.എൽ | ഒക്ടോബർ 05 | 11.00 am |
| 20. ബൈബിൾ അപ്പസ്തോലേറ്റ് | ഒക്ടോബർ 05 | 11.00 am |
| 21. കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | ഒക്ടോബർ 05 | 12.00 noon |
| 20. തൊഴിൽ അഭ്യസന പീഠം | ഒക്ടോബർ 06 | 10.00 am |
| 22. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | ഒക്ടോബർ 06 | 10.00 am |
| 23. ഐ.ടി.ഐ അളഗപ്പനഗർ | ഒക്ടോബർ 06 | 11.00 am |
| 24. സ്പിരിചൽ ആനിമേഷൻ സെന്റർ | ഒക്ടോബർ 06 | 11.00 am |
| 25. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | ഒക്ടോബർ 06 | 12.00 noon |
| 26. മേരി മാതാ മേജർ സെമിനാരി, മുളയം & MSAT | ഒക്ടോബർ 06 | 12.00 noon |
| 27. പാറോക്ക് | ഒക്ടോബർ 06 | 12.00 noon |
| 28. ഹോം ഓഫ് ലൗ, മുളയം | ഒക്ടോബർ 09 | 10.00 am |
| 29. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 09 | 10.00 am |
| 30. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 09 | 11.00 am |
| 31. സെന്റ് മേരീസ് മൈനർ സെമിനാരി | ഒക്ടോബർ 09 | 11.00 am |
| 32. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | ഒക്ടോബർ 09 | 12.00 noon |
| 33. കത്തോലിക്ക കോൺഗ്രസ് | ഒക്ടോബർ 09 | 12.00 noon |
| 34. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | ഒക്ടോബർ 09 | 12.00 noon |
| 34. കേറ്റിക്കിസം | ഒക്ടോബർ 10 | 10.00 am |
| 35. കേറ്റിക്കിസം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | ഒക്ടോബർ 10 | 10.00 am |

| | | |
|---|---|---|
| 36. കാത്തലിക് ഇൻഫർമേഷൻ സെന്റർ | ഒക്ടോബർ 10 | 11.00 am |
| 37. കേറ്റിക്കിസം ബുക്ക് സ്റ്റാൾ | ഒക്ടോബർ 10 | 11.00 am |
| 38. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | ഒക്ടോബർ 10 | 11.00 am |
| 39. ഡി.ബി.സി.എൽ.സി. | ഒക്ടോബർ 10 | 12.00 noon |
| 40.. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | ഒക്ടോബർ 10 | 12.00 noon |
| 41 എക്സൽ അക്കാദമി | ഒക്ടോബർ 10 | 10.00 am |
| 42. സി.എൽ.സി | ഒക്ടോബർ 11 | 10.00 am |
| 43. അൾത്താര സംഘം | ക്ടോബർ 11 | 11.00 am |
| 44. ലോഫ് | ഒക്ടോബർ 11 | 11.00 am |
| 45. ചർച്ച് ക്വയർ | ഒക്ടോബർ 11 | 11.00 am |
| 46. കെ.സി.വൈ.എം | ഒക്ടോബർ 11 | 12.00 noon |
| 47. ലേ ലീഡർഷിപ്പ് | ഒക്ടോബർ 11 | 12.00 noon |
| 48. ലിജീയൻ ഓഫ് മേരി | ഒക്ടോബർ 11 | 12.00 noon |
| 49. സോഷ്യൽ ആക്ഷൻ | ഒക്ടോബർ 12 | 10.00 am |
| 50 സോഷ്യൽ വെൽഫെയർ സെന്റർ | ഒക്ടോബർ 12 | 10.00 am |
| 51 സോഷ്യൽ ഹൗസിംഗ് സെന്റർ | ഒക്ടോബർ 12 | 11.00 am |
| 52. സേവ് എ ഫാമിലി പ്ലാൻ | ഒക്ടോബർ 12 | 11.00 am |
| 53..SWIFT | ഒക്ടോബർ 12 | 11.00 am |
| 54. സ്ലം സർവീസ് | ഒക്ടോബർ 12 | 12.00 noon |
| 55. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | ഒക്ടോബർ 12 | 12.00 noon |
| 56. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | ഒക്ടോബർ 13 | 10.00 am |
| 57. ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | ഒക്ടോബർ 13 | 10.00 am |
| 58. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | ഒക്ടോബർ 13 | 11.00 am |
| 59. സെന്റ് ജോസഫ്സ് ഹോം, പുല്ലഴി | ഒക്ടോബർ 13 | 11.00 am |
| 60. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | ഒക്ടോബർ 13 | 11.00 am |
| 61. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | ഒക്ടോബർ 13 | 12.00 noon |
| 62 ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം | ഒക്ടോബർ 13 | 12.00 noon |
| 63. നെസ്റ്റ്, രാമവർമ്മപുരം | ഒക്ടോബർ 16 | 12.00 noon |
| 64. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | ഒക്ടോബർ 16 | 10.00 am |

| | | |
|---|---|---|
| 65. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | ഒക്ടോബർ 16 | 10.00 am |
| 66. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റിഹാബിലിറ്റേഷൻ സെന്റർ | ഒക്ടോബർ 16 | 11.00 am |
| 67. പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | ഒക്ടോബർ 16 | 11.00 am |
| 68. ടിംഹാൻസ്, പെരിങ്ങണ്ടൂർ | ഒക്ടോബർ 16 | 12.00 noon |
| 69. കലാസദൻ | ഒക്ടോബർ 17 | 12.00 noon |
| 70. കാത്തലിക് നേഴ്സസ് ഗിൽഡ് | ഒക്ടോബർ 17 | 10.00 am |
| 71. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ | ഒക്ടോബർ 17 | 10.00 am |
| 72. സാവിയോ ഹോം, മനക്കൊടി | ഒക്ടോബർ 17 | 11.00 am |
| 73. പബ്ലിക് റിലേഷൻസ്& ഡയോമീഡിയ | ഒക്ടോബർ 17 | 11.00 am |
| 74. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | ഒക്ടോബർ 17 | 12.00 noon |
| 75. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | ഒക്ടോബർ 17 | 12.00 noon |
| 76. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | ഒക്ടോബർ 18 | 10.00 am |
| 77. ടി.ടി.ഐ., കുരിയച്ചിറ | ഒക്ടോബർ 18 | 10.00 am |
| 78. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | ഒക്ടോബർ 18 | 11.00 am |
| 79. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ്) | ഒക്ടോബർ 18 | 11.00 am |
| 80 കരിസ്മാറ്റിക് മൂവ്മെന്റ് | ഒക്ടോബർ 18 | 11.00 am |
| 81. എവുപ്രാസ്യ ഷൈൻ | ഒക്ടോബർ 18 | 11.00 am |
| 82. ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ ആർത്താറ്റ് | ഒക്ടോബർ 19 | 11.00 am |
| 83. പഴുവിൽ ധ്യാനകേന്ദ്രം | ഒക്ടോബർ 19 | 12.00 noon |
| 84. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | ഒക്ടോബർ 19 | 10.00 am |
| 85. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | ഒക്ടോബർ 19 | 10.00 am |
| 86.. സെന്റ് തോമാസ് ഹോസ്റ്റൽ | ഒക്ടോബർ 19 | 10.00 am |

| | | |
|---|---|---|
| 87. സെന്റ് തോമാസ് കോളേജ് | ഒക്ടോബർ 19 | 10.00 am |
| 88. സെന്റ് തോമാസ് എജുക്കേഷൻ സെന്റർ | ഒക്ടോബർ 19 | 10.00 am |
| 89. പ്രീസ്റ്റ് വെൽഫയർ ഫണ്ട് | ഒക്ടോബർ 19 | 10.00 am |

**2. Pancard 12AB Registration**

ഇനിയും Pan card ന്റെയും 12 AB Registration ന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏൽപ്പിക്കാത്ത ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ Pancardന്റെയും 12AB Registration ന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏൽപ്പി ക്കാൻ/അയച്ചുതരുവാൻ താല്പര്യപ്പെടുന്നു.അയക്കുവാൻ ഉള്ള മെയിൽ ഐഡി, ഫോൺ നമ്പർ താഴെ കൊടുക്കുന്നു.

procuratortcr@gmail.com
Phone.no- 8289898168

**3.** കുർബ്ബാന പണം Cash ആയി ഇനി സാമ്പത്തിക കാര്യലയ ത്തിൽ സ്വീകരിക്കുന്നതല്ല. കുർബ്ബാന പണം പള്ളി അക്കൗണ്ടിൽ വരവ് വച്ച് ചെക്ക് മുഖേന തന്നെ സാമ്പത്തിക കാര്യലയത്തിൽ അടയ്ക്ക ണം

**4.** തെരട്ട് കൊണ്ടു വരുമ്പോൾ കൈകാരൻമ്മാരുടെ Panel സമർപ്പിക്കു മ്പോൾ തന്നെ അവരുടെ Pan card copy ഏൽപ്പിക്കേണ്ടതാണ്.

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

നിങ്ങൾക്ക് എല്ലാവർക്കും സുഖം തന്നെ എന്ന് വിശ്വസിക്കുന്നു. സ്കൂൾ തുറന്ന് പുതിയ കൂട്ടുകാരും പുതിയ വിഷയങ്ങളുമായി നിങ്ങൾ തിരക്കിട്ട് മുന്നേറുകയാണെന്ന് കരുതട്ടെ. ഈ മഴക്കാലത്ത് കുടയും ബാഗുമായി സ്കൂളിൽ പോകുന്ന നിങ്ങളെ കാണാൻ എന്ത് ഭംഗിയാണെന്നോ! നിങ്ങളുടെ വിശേഷങ്ങൾ എന്നെയും എഴുതി അറിയിക്കുമല്ലോ.

കണ്ണടച്ച് തുറക്കുന്ന വേഗത്തിൽ ജൂൺ മാസം കടന്നു പോയി. ജൂലൈ മാസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ പ്രത്യേകം അനുസ്മരിക്കുന്ന മാസമാണ്. ഈശോയുടെ ധീരശിഷ്യനായ തോമാശ്ലീഹായുടെ മരണത്തിരുനാൾ അഥവാ ദുക്റാന തിരുനാൾ ജൂലൈ മൂന്നാം തീയതി നാം ആഘോഷിക്കുന്നു. ഈ തിരുനാളിന്റെ എല്ലാ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ നിങ്ങൾക്ക് ഞാൻ നേരുന്നു. ദുക്റാന തിരുനാൾ കടമുള്ള ദിവസമാണെന്ന് അനുസ്മരിക്കുന്നതോടൊപ്പം, വേണ്ടത്ര ഒരുക്കത്തോടെ അന്നേദിവസം വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും ഞാൻ ഓർമ്മിപ്പിക്കുന്നു. ആദ്യ കുർബാന സ്വീകരണംകഴിഞ്ഞ എല്ലാവരും കുമ്പസാരിച്ച് ഒരുങ്ങിവേണം വി. കുർബാനയിൽ സംബന്ധിക്കാനും ഈശോയെ ഹൃദയത്തിൽ സ്വീകരിക്കാനും. തോമാശ്ലീഹായെപ്പോലെ ഞങ്ങളെയും വിശുദ്ധരാക്കണമേ എന്ന് പ്രത്യേകം പ്രാർത്ഥിക്കുകയും വേണം.

കത്തോലിക്കാ സഭയിൽ ജൂലൈ ആറാം തിയ്യതി തിരുനാൾ ആഘോഷിക്കുന്ന ഒരു വിശുദ്ധയാണ് വി. മരിയ ഗൊരേത്തി. ജീവിത വിശുദ്ധി നിലനിർത്താനായി ഉറച്ച തീരുമാനമെടുത്ത ഈ കൊച്ചുമിടുക്കി മരിക്കേണ്ടിവന്നാൽപ്പോലും പാപം ചെയ്യില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് തന്റെ പതിനൊന്നാമത്തെ വയസ്സിൽ ഒരു നീചനാൽ വധിക്കപ്പെടുകയാണ് ഉണ്ടായത്. നിങ്ങൾക്ക് ഈ കൊച്ചുവിശുദ്ധയുടെ ജീവിതം അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അറിയില്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കളോടും മതബോധന അധ്യാപകരോടും ചോദിച്ച് മനസ്സിലാക്കേണ്ടതാണ്. ഈ വിശുദ്ധ നിങ്ങൾക്ക് ശക്തമായ ഒരു

മാതൃകയും സ്വർഗ്ഗത്തിൽ മധ്യസ്ഥയും ആയിരിക്കട്ടെ.

ഈ ദിവസങ്ങളിൽ സ്കൂൾ കുട്ടികളുടെ ഇടയിൽപ്പോലും മയക്കുമരുന്നിന്റെ ഉപയോഗം ധാരാളമായി വർദ്ധിച്ചു വരുന്നകാര്യം മാധ്യമങ്ങളിൽ നിന്നും നിങ്ങൾ അറിയുന്നുണ്ടല്ലോ. നമ്മെ ഏറെ വേദനിപ്പിക്കുന്നതും ഭയപ്പെടുത്തുന്നതുമായ ഒരു കാര്യമാണിത്. കുഞ്ഞുമക്കളെ, നന്മയും തിന്മയും തിരിച്ചറിയാനുള്ള പ്രായംവരെ മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും ശിക്ഷണത്തിൽ നിങ്ങൾ വളർന്ന് പക്വതപ്രാപിക്കണം. വിടരുംമുൻപേ നിങ്ങളാകുന്ന നറുപുഷ്പങ്ങളെ ചവിട്ടിക്കൊഴിക്കാൻ ഇടനൽകരുത്. നിങ്ങളുടെ അനുദിന ജീവിതത്തിൽ ഉണ്ടാകുന്ന കാര്യങ്ങൾ, കണ്ടുമുട്ടുന്ന വ്യക്തികൾ, മനസ്സിലെ ചോദ്യങ്ങൾ ഇവയെല്ലാം നിങ്ങളുടെ മാതാപിതാക്കളെയും ഗുരുഭൂതരെയും അറിയിക്കുന്നതിൽ നിങ്ങൾ മടിവിചാരിക്കരുത്. മുതിർന്നവർ കുട്ടികളെ ശ്രവിക്കുന്നതിലും അവരെ നിരന്തരം അനുയാത്ര ചെയ്യുന്നതിലും വീഴ്ചവരുത്തിക്കൂടാ! മക്കളെ, നിങ്ങളാണ് നാളെയുടെ പ്രതീക്ഷകൾ. അവ വാടാതെ നറുമലരുകളായി സമൂഹത്തിനും സഭയ്ക്കും സുഗന്ധം പരത്തട്ടെ!

കത്ത് ചുരുക്കുന്നതിനു മുൻപ് ഒരു കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ. ജൂലൈ പതിനാറാം തീയതിയാണ് കർമ്മല മാതാവിന്റെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നത്. ആദ്യകുർബാന സ്വീകരണ വേളയിൽ നിങ്ങൾ ഉത്തരീയ സഭയിൽ അംഗമായത് ഓർക്കുന്നുണ്ടാകും. ഈ തിരുനാൾ നമ്മുടെ അമ്മയുടെ തിരുനാളാണ്. പരിശുദ്ധ അമ്മയോട് പ്രത്യേക ഭക്തി വളർത്താൻ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധ കന്യകയുടെ സംരക്ഷണത്തിനായി നിങ്ങൾ ഉത്തരീയം കഴുത്തിൽ ധരിക്കണം. അതുപോലെ കൂടെക്കൂടെ ജപമാല ചൊല്ലി പ്രാർത്ഥിക്കാനും നിയോഗങ്ങൾ സമർപ്പിക്കാനും നിങ്ങൾ പരിശ്രമിക്കണം. പരിശുദ്ധ അമ്മ യേശുവിനെ വളർത്തിക്കൊണ്ടുവന്നതുപോലെ നിങ്ങളെയും ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി വളർത്തിക്കൊണ്ടു വരട്ടെ.

നിങ്ങൾക്ക് എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

## I. Sunday Catechism

### 1. വിശ്വാസ പരിശീലനവർഷ ഉദ്ഘാടനം

മെയ് 27 ശനിയാഴ്ച റൂഹാഗ്നി ധ്യാനത്തിന്റെ സമാപനത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ലിജോ ചാലിശ്ശേരി, ഫാ. സിജോ മുരിങ്ങാത്തേരി, ഫാ. ജിക്സൻ മാളോക്കാരൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര, ധ്യാനഗുരു സേവ്യർ ഖാൻ വട്ടായിലച്ചൻ, അസി. ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി, കൗൺസിൽ പ്രസിഡണ്ട് മാത്യു കൂള, വിദ്യാർത്ഥി പ്രതിനിധികളായ ഡെറിക്, സൂസൻ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. മീഡിയ കത്തോലിക്കാ യുട്യൂബ് ചാനലിലൂടെ തത്സമയ സംപ്രേഷണം നടത്തി. ഇടവകതലത്തിലും സാധ്യമായ വിധത്തിൽ വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം നിർവഹിച്ചുകാണുമല്ലോ.

### 2.റൂഹാഗ്നി ധ്യാനം

തൃശ്ശൂർ അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി വർഷാരംഭത്തിന് മുന്നോടിയായി സംഘടിപ്പിച്ച റൂഹാഗ്നി ധ്യാനത്തിൽ അറുനൂറോളം വിശ്വാസ പരിശീലകർ പങ്കെടുത്തു. ബഹു. സേവ്യർഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിൽ മെയ് 25, 26, 27 തിയതികളിലായി ഡി ബി. സി. എൽ. സി ഓഡിറ്റോറിയത്തിൽ വെച്ചാണ് ധ്യാനം നടന്നത്. രണ്ടും മൂന്നും ധ്യാനങ്ങൾ ആഗസ്റ്റ് 26–28, ഒക്ടോബർ 22–24

### 3.പാഠപുസ്തക വിതരണം

പാഠപുസ്തക വിതരണം നടന്നുകൊണ്ടിരിക്കുന്നു. എത്രയും പെട്ടെന്ന് പുസ്തകങ്ങൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം പൂർത്തിയാക്കേണ്ടതാണ്.

### 4.രക്ഷാകർത്താക്കൾക്കുള്ള ക്ലാസ്സുകൾ– എഫ്ഫാത്ത പേരന്റ്സ്

യൂണിറ്റുകളിൽ രക്ഷാകർത്താക്കൾക്കായി വിശ്വാസപരിശീലനം സംബന്ധിച്ച ക്ലാസ്സുകൾ നടക്കുന്ന സമയമാണല്ലോ ഇത്. ഇതിനായി ടീമുകളെ അതിരൂപതാകേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. ഈ കാലഘട്ട ത്തിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കി മക്കളുടെ പ്രഥമ വിശ്വാസ പരിശീലകരാകാനുള്ള വിളിയെക്കുറിച്ച് ബോധ്യം നൽകാൻ മനശാസ്ത്രവിദഗ്ദരും മറ്റും ഉൾപ്പെടുന്ന ടീമാണ് നാം ഒരുക്കുന്നത്. ഒരു ടീമിൽ ചുരുങ്ങി യത് 2 പേർ ഉണ്ടായിരിക്കും. 3 മണിക്കൂർ പ്രോഗ്രാം ആണ് തയ്യാറാ ക്കുന്നത്. ബുക്ക് ചെയ്യാൻ അതിരൂപതാകേന്ദ്രവുമായി

ബന്ധപ്പെടുക.

**5. എഫ്ഫാത്ത ടീച്ചേഴ്സ്**

വിശ്വാസപരിശീലകർക്കായുള്ള എഫ്ഫാത്ത നടന്നുകൊണ്ടിരിക്കുകയാണല്ലോ. എല്ലാ യൂണിറ്റുകളിലും ഇത് സംഘടിപ്പിക്കുന്നത് നല്ലതാണ്. ഇതിനോടകം എട്ട് യൂണിറ്റുകളിൽ നടത്തികഴിഞ്ഞു, ഇടദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 9 വരെ 3 മണിക്കൂർ ആയിരിക്കും പരിപാടി. ബുക്ക് ചെയ്യാൻ അതിരൂപതകേന്ദ്രവുമായി ബന്ധപ്പെടുക.

**6.ഡയറക്ടറുടെ സന്ദർശനം**

പുതിയ അധ്യയനവർഷം ആരംഭിച്ചതിനാൽ ഡയറക്ടറച്ചൻ ഓരോ ഞായറാഴ്ചകളിലും യൂണിറ്റുകളിൽ ബലിയർപ്പിച്ച് സന്ദർശനം നടത്തുന്നുണ്ട് എന്നറിയിക്കുന്നു. ജൂൺ നാലിന് തളിക്കുളം യൂണിറ്റും ജൂൺ 11 ന് പൊന്നാനി യൂണിറ്റും ഡയറക്ടറച്ചൻ സന്ദർശിച്ച് വി.കുർബാന അർപ്പിച്ചു. സന്ദർശിക്കുമ്പോൾ സ്റ്റാഫ് മീറ്റിംഗ് കൂടുന്നത് ഉചിതമാണ്.

**7. തളിക്കുളം യൂണിറ്റ് ഉദ്ഘാടനം**

തളിക്കുളം സെന്റ് മേരീസ് ക്വാസി ഇടവകയിൽ ആരംഭിച്ച പുതിയ യൂണിറ്റിന്റെ ഉദ്ഘാടനം അതിരൂപതാ ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ നിർവ്വഹിച്ചു.

**8.ഏകദിന സെമിനാർ**

വിശ്വാസപരിശീലകർക്കായുള്ള ഏകദിന സെമിനാറുകൾ ജൂലൈ മാസത്തിൽ നടത്തുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ അതാത് ക്ലാസ്സിലെ മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. സെമിനാർ ദിവസങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| July 02 | - | Std. X, XI, XII, ACC |
| July 16 | - | Std. VI, VII, VIII, IX |
| July 23 | - | Std. II, III, IV, V |
| July 30 | - | Std. Nursery, Std. I, ക്ലാസ്സ് ചാർജ് ഇല്ലാത്ത മറ്റ് അധ്യാപകർ, മുൻ സെമിനാറുകളിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ |

**9. CHRISFORM**

Chrisform II - July 7-9

Chrisform I - July 14-16

**കുട്ടികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുമല്ലോ.**

**10. എസിസി കോൺവെക്കേഷൻ & മെറിറ്റ് ഡേ**

2022-23 വർഷത്തിൽ റാങ്ക് ജേതാക്കളായവർക്കും എസിസി പൂർത്തി

യാക്കിയവർക്കും മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്കും ആഗസ്റ്റ് 15 ന് സമ്മാനം നൽകുന്നു.

## 11. മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്ക് അവാർഡ്

ഒന്നാം ക്ലാസ്സ് മുതൽ എസിസി അവസാനവർഷം വരെ (15 വർഷം) മുടങ്ങാതെ വന്ന വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ അപേക്ഷ ജൂലായ് 10 വരെ സ്വീകരിക്കുന്നു. വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയിട്ടുള്ള കത്തിൽ വികാരിയച്ചന്റെ ഒപ്പും കുട്ടിയുടെ ഫോട്ടോ വേറെയായും വിശ്വാസപരിശീലനകേന്ദ്രത്തിൽ ജൂലായ് 10 നുള്ളിൽ ഏല്പിക്കേണ്ടതാണ്.

## 12. എസിസി യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ

ഈ വർഷം എസിസി പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ആഗസ്റ്റ് 1 മുതൽ 21 വരെ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ വീതം.

## 13. അധ്യാപകസഹായി

ഞായറാഴ്ച വിശ്വാസപരിശീലനം Std. I - Xടെക്സ്റ്റ് പുസ്തകങ്ങളെ ആധാരമാക്കി അധ്യാപകസഹായി റിലീജിയസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുള്ള ഈ പുസ്തകം ബന്ധപ്പെട്ട അധ്യാപകർക്ക് യൂണിറ്റുകൾ വാങ്ങി കൊടുക്കേണ്ടതാണ്.

## II. Daily Catechism

## 1. Students Statistics Form

ജൂലായ് 20 നുള്ളിൽ സ്റ്റുഡന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം 100 രൂപ അടക്കം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോമനുസരിച്ചാണ് ഓരോ സ്കൂളിനുമുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.

## 2. Text Book Order

ടെക്സ്റ്റ് ബുക്കുകൾ വാങ്ങുന്നതിനുള്ള ഓർഡർ ഫോം അയച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ഓർഡർ ചെയ്ത് കൊണ്ടുപോകേണ്ടതാണ്. ഡെയ്‌ലി കാറ്റകിസം ആവശ്യങ്ങൾക്കായി 918813131 ഈ നമ്പറിൽ വിളിക്കുക

പ്രാർത്ഥനയോടെ,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**

- പുതിയ ബാച്ചിലേയ്ക്കുള്ള ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിച്ചു.
- പുതിയ ബാച്ചിലേയ്ക്ക് 9 പേർ അഡ്മിഷൻ എടുത്തു.
- ഈ സെമസ്റ്ററിലെ Research Methodology (Rev. Dr. Lijo Chalissery) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

- ജൂൺ 10, 18 തിയ്യതികളിൽ Calicut University Oral & Written Exam നടന്നു.
- ജൂൺ 25 ന് 2023–2024 ബാച്ചുക്കാരുടെ ആദ്യക്ലാസ്സായ വിശ്വാസപ്രമാണം (Rev. Dr. Lijo Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്നു.

**4. Online Certificate Course in Theology (Two Years)**

- **കേരളത്തിലെ ക്രൈസ്തവസഭകൾ** (Rev. Fr. Demin Tharayil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**5. Basic Bible Course (BBC)**

- ജൂൺ മാസം ക്ലാസ്സ് നയിച്ചവർ Rev. Fr. Linson Thattil, Sri. Joseph Tharakan

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

**പുതിയ റെക്ടർ അച്ചന് സ്വീകരണം**

മേരിമാതാ മേജർ സെമിനാരിയുടെ പുതിയ റെക്ടർ ആയി ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ മെയ് 6 ന് ചുമതലയേറ്റു. റെക്ടർ എന്ന നിലയിൽ 6 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം പള്ളിക്കുന്ന് ഇടവക വികാരിയായി നിയമിതനായ ഫാ.ജെയ്സൺ കൂനംപ്ലാക്കലിനു സെമിനാരി കുടുംബം യാത്രയയപ്പ് നൽകി.

**Orientation Programme**

ഈ അധ്യയനവർഷത്തെ ഒന്നാം വർഷ തത്വശാസ്ത്ര-ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള Orientation Programme മെയ് 27–28 എന്നി തിയ്യതികളിൽ നടന്നു.

**പുതിയ അധ്യയനവർഷം**

2023–2024 അധ്യയന വർഷം സമാരംഭിക്കാൻ ഒന്നാം വർഷ തത്വശാസ്ത്ര-ദൈവശാസ്ത്ര വിദ്യാർത്ഥികൾ മെയ് 27–ാം തിയ്യതിയും മറ്റ് ബാച്ചുകളിലുള്ളവർ മെയ് 30–ാം തിയ്യതിയും സെമിനാരിയിൽ എത്തിച്ചേർന്നു. ജൂൺ 1–ാം തിയ്യതി പുതിയ അധ്യയനവർഷം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അന്നേ ദിവസത്തെ ദിവ്യബലി അർപ്പണവും അധ്യയനവർഷ ഉദ്ഘാടനവും മൂവാറ്റുപുഴ രൂപത മെത്രാപ്പോലീത്ത യൂഹാനോൻ മാർ തിയോഡോഷ്യസ് നിർവഹിച്ചു.

**തിരുഹൃദയത്തോടും പരിശുദ്ധ ദിവ്യകാരുണ്യത്തോടുമൊപ്പം**

സെമിനാരിയുടെ രജതജൂബിലിയുടെ ഭാഗമായി തിരുഹൃദയത്തോടും പരിശുദ്ധ ദിവ്യകാരുണ്യത്തോടുമൊപ്പം എന്ന പ്രത്യേക വിചിന്തനവിഷയമാണ് ജൂൺ മാസത്തേക്കായി സ്വീകരിച്ചിരിക്കുന്നത്. മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത ജൂൺ 2–ാം തിയ്യതി വിശുദ്ധ ബലി അർപ്പിച്ചുകൊണ്ട് മാസാചരണത്തിന് ആരംഭം കുറിച്ചു. തിരുഹൃദയദാസരായി ദിവ്യകാരുണ്യത്തിന്റെ മുഖച്ഛായ സ്വന്തമാക്കുവാൻ വേണ്ടി പ്രാർത്ഥിക്കുക എന്നതാണ് ഈ മാസത്തെ നിയോഗം.

**മാസധ്യാനം**

പുതിയ അധ്യയനവർഷത്തിലെ ആദ്യത്തെ മാസധ്യാനം ജൂൺ 2, 3 തിയ്യതികളിൽ നടന്നു. സി. എം. ഐ. ദേവമാതാ പ്രോവിൻസ്

പ്രൊവിൻഷ്യൽ റവ. ഫാ.ജോസ് നന്തിക്കര സി. എം. ഐ. ധ്യാനചിന്ത കൾ പങ്കുവച്ചു.

**നവവൈദികരുടെ ദിവ്യബലി**

ഏപ്രിൽ, മെയ് മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച നവവൈദി കർ ജൂൺ 6 ന് സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.

**യാത്രയയപ്പ്**

മുൻ റെക്ടർ ജെയ്സൺ കൂനംപ്ലാക്കൽ അച്ചൻ ജൂൺ 8 ന് സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് സെമിനാരി കുടുംബം അച്ചന് ആഘോഷമായ യാത്രയയപ്പ് നൽകി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ യാത്രയപ്പുസമ്മേളനത്തിൽ പങ്കെടുത്തു. ഓഫീസ് സ്റ്റാഫ് ആയിരുന്ന ബഹു. സിസ്റ്റർ റെജി ടചഉട നും യാത്ര യയപ്പ് നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി. കെ. ജെ. ലൂസി തോമസ് w/o തോമസ് എം.എൽ, മുരി ങ്ങാത്തേരി ഹൗസ്, കോലഴി, വിയ്യൂർ.
2. ശ്രീമതി കെ. ജെ. ലൂസി c/o ജിജോ തോമസ്, മുരിങ്ങാത്തേരി ഹൗ സ്, കോലഴി, വിയ്യൂർ
3. ശ്രീമതി കെ. ജെ. ലൂസി c/o ജിഷോ തോമസ്, മുരിങ്ങാത്തേരി ഹൗ സ്, കോലഴി, വിയ്യൂർ.

**Well-Wisher Membership**

1.. ശ്രീമതി ഫെമി സ്റ്റീനോ w/o സ്റ്റീനോ റാഫേൽ, കൂള ഹൗസ്, മുല്ല ക്കര, തൃശ്ശൂർ.

2. റവ. സി. സുപ്പീരിയർ, ഹോളി ഫാമിലി എഫ്.സി. കോൺവെന്റ്, ബ്രഹ്മകുളം, തൈക്കാട്.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
**റെക്ടർ**

# സെന്റ് മേരീസ് മൈനർ സെമിനാരി

**അദ്ധ്യയനവർഷാരംഭം**

വേനലവധി കഴിഞ്ഞ് മെയ് 14–ന് വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരിയിൽ തിരിച്ചെത്തി. 25 മുതൽ 28 വരെ പുതിയ വർഷത്തിലേക്കുള്ള ആത്മീയ ഒരുക്കത്തിന്റെ ഭാഗമായി ധ്യാനം നടത്തി. ബഹു. മനു പൊട്ടനാനിയിൽ MST അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി. ഈ വർഷം പ്ലസ് വൺ പഠനത്തിന് (ഡേ സ്കോളേഴ്സ്) സി.എസ്. ജെ.ബി. സന്യാസ സമൂഹത്തിൽനിന്ന് ആറുപേരും ഹോളി ട്രിനിറ്റി സന്യാസസമൂഹത്തിൽനിന്ന് നാലുപേരും SDV സന്യാസസമൂഹത്തിൽനിന്ന് മൂന്നുപേരും നമ്മുടെ സെമിനാരിക്കാരോടുകൂടെ ക്ലാസുകളിൽ പങ്കെടുക്കുന്നു.

**പുതിയ ബാച്ച്**

ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം സ്വീകരിച്ചിരിക്കുന്നത് 13 പേരാണ്. 7 പേർ പത്താം ക്ലാസ് പഠനവും, അഞ്ചുപേർ പ്ലസ് ടു പഠനവും, ഒരാൾ ഡിഗ്രി പഠനവും പൂർത്തിയാക്കിയവരാണ്.

**അദ്ധ്യയനവർഷ ഉദ്ഘാടനം**

പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയച്ചൻ നിർവ്വഹിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും സി.എസ്.ജെ.ബി., ഹോളി ട്രിനിറ്റി, എസ്.ഡി.വി. സഹോദരന്മാരുടെ ബഹു. റെക്ടറച്ചന്മാരും സന്നിഹിതരായിരുന്നു. പരിപാടികൾക്ക് സെമിനാരിയിലെ ഫാ. പ്രീഫെക്ട് ബഹു. ഡെന്നി ചിറയത്തച്ചൻ നേതൃത്വം നൽകി.

**ദൈവശാസ്ത്ര–തത്വശാസ്ത്ര പരിശീലനം ആരംഭിക്കുന്നു**

2023 അദ്ധ്യയനവർഷം തൃശൂർ അതിരൂപതക്ക് ഒന്നാം വർഷ ദൈവശാസ്ത്ര പരിശീലനത്തിനയക്കാൻ 12 ഉം, ഒന്നാം വർഷ തത്വശാസ്ത്ര പരിശീലനത്തിനായി 11 ഉം വൈദിക വിദ്യാർത്ഥികളാണുള്ളത്. തൃശൂർ മേരിമാതാ, ആലുവ, കോട്ടയം എന്നീ മേജർ സെമിനാരികളിലായി അവർ പരിശീലനം ആരംഭിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ബിനോയ് റാഫേൽ Late, തേക്കാനത്ത് ഹൗസ്, രാമവർമ്മപുരം

2. ശ്രീ. ടെസ്സി ജേക്കബ്, തേക്കാനത്ത് ഹൗസ്, രാമവർമ്മപുരം
3. ശ്രീ. ജോസ് ടി.വി., തരകൻ ഹൗസ്, ചേറൂർ
4. ശ്രീ. ടി.പി. ജേക്കബ്, തെക്കേക്കര ഹൗസ്, മനക്കൊടി
5. ശ്രീമതി മേഗി ജോർജ്ജ്, ഒലക്കേങ്കിൽ ഹൗസ്, ലൂർദ്ദ്, തൃശൂർ
6. ശ്രീമതി മിൽറെഡ്, കുന്നൻ ഹൗസ്, എറവ്
7. ശ്രീമതി ഷീല പോൾ, വാഴപ്പിള്ളി ഹൗസ്, മുണ്ടൂർ
8. ശ്രീ. നോയൽ കെ.ജി., കൈപ്പിള്ളിപ്പറമ്പിൽ ഹൗസ്, ചെങ്ങാലൂർ
9. ശ്രീമതി ജാൻസി വർഗ്ഗീസ്, എടക്കളത്തൂർ ഹൗസ്, ഒരുമനയൂർ
10. Team We Priests & Ex. Seminarians of Archdiocese of Trichur

വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി വളരെ ഔദാര്യപൂർവ്വം പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

## എക്സൽ അക്കാദമി

**Excel Foundation Course**

DBCLC, Excel Academy യിൽ നടന്നുകൊണ്ടിരിക്കുന്ന Excel Foundation Course (8th std to 12th std)ന്റെ പുതിയ ബാച്ച് 2023 June -28-ാം തിയ്യതി ആരംഭിക്കുന്നു. സയൻസ്, സിവിൽ സർവ്വീസ് എന്നീ വിഭാഗങ്ങളിൽ, പുതിയ രൂപത്തിലും ഭാവത്തിലും, വിദ്യാർത്ഥികളുടെ കഴിവുകളെ കണ്ടെത്തി; അവർ ആഗ്രഹിക്കുന്ന വഴികളിലേക്ക്, ദിശാബോധത്തോടെ നയിക്കുന്ന ക്ലാസ്സുകളാണ് ഈ പുതിയ ബാച്ചിന്റെ പ്രത്യേകത. രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും, വെക്കേഷനുകളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു.

**Civil Service Course (Daily Batch/Weekend Batch)**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ, Degree, PG പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി സിവിൽ സർവ്വീസ്, Daily batch ക്ലാസ്സുകൾ ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളിവരെ രാവിലെ 10 മണി മുതൽ

3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും.
Degree, PG പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സിവിൽ സർവ്വീസ് Weekend Batch ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. Weekend Batch ക്ലാസ്സുകൾ 2023 ജൂലൈ 8 –ാം തിയതി ശനിയാഴ്ച ആരംഭിക്കുന്നു.

**ആദരം 2023**

എക്സൽ അക്കാദമി ജൂൺ 10 ശനിയാഴ്ച ഡിബിസിഎൽസി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ആദരം 2023 ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പത്ത്, പ്ലസ്ടു ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ അധ്യക്ഷത വഹിച്ച യോഗത്തിൽ; എക്സൽ അക്കാദമി ഡയറക്ടർ റവ. ഡോ. ഫ്രാൻസീസ് ആളൂർ സ്വാഗതം ആശംസിച്ചു. എക്സൽ അക്കാദമി ചെയർമാൻ മോൺ. ജോസ് കോനിക്കര, അസി. ഡയറക്ടർ റവ.ഡോ. ലിജോ ചാലിശ്ശേരി, അക്കാദമിക് ഹെഡ് പ്രൊഫ. മാണി കെ പീറ്റർ, എവിസ് വേൾഡ് വൈഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ സിജോ ജോർജ് എന്നിവർ ആശംസകൾ നേർന്നു. വിദ്യാർത്ഥി പ്രതിനിധി അനന്യ ബാബു മറുപടി പ്രസംഗം നടത്തി. അക്കാദമിക് അഡ്മിനിസ്ട്രേറ്റർ ശ്രീ ജീസൺ ജേയ്ക്കബ് നന്ദി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് - 9744941585; 9847276657; 7306952904

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**മധുരം നുകർന്ന് നഴ്സസ് ദിനാചരണം**

ആതുര സേവന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴി ഒരുക്കിയ ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനം ലോക നഴ്സസ് ദിനമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂ

ട്ടിൽ ആചരിച്ചു. വികാരി ജനറൽ മോൺ. ജോസ് വല്ലൂരാന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരനും കാത്തലിക് നഴ്സസ് ഗിൽഡ് തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂരും സഹകാർമ്മികത്വം വഹിച്ച ദിവ്യബലിക്കുശേഷം നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡയും ഡപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് ഡോ. റോസ് സേവ്യറും ചേർന്ന് കേക്ക് മുറിച്ച് നഴ്സസ് ഡേയുടെ മധുരം പങ്കുവച്ചു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾ 'ഔർ നഴ്സസ് ഔർ ഫ്യൂച്ചർ' എന്ന വിഷയത്തെപ്പറ്റി പ്രസന്റേഷൻ അവതരിപ്പിച്ചു. ജൂബിലി കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബും പരിപാടിയുടെ മാറ്റു കൂട്ടി. ഓരോ വാർഡിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നഴ്സുമാരുടെ രോഗീപരിചരണത്തെപ്പറ്റിയുള്ള അപ്പ്രീസിയേഷൻ വീഡിയോ പ്രസന്റേഷനും ഉണ്ടായിരുന്നു.

ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലെ നഴ്സസ് ദിനാഘോഷം ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ.റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ സ്കൂൾ ഓഫ് നഴ്സിങ്ങ് റിട്ട. പ്രിൻസിപ്പൽ ശ്രീമതി തങ്ക എ. റ്റി. മുഖ്യാതിഥി ആയിരുന്നു. തുടർന്ന് 2023 നഴ്സസ്ദിന ചിന്താവിഷയത്തെ ആസ്പദമാക്കിയുള്ള കലാപരിപാടികളും ഉണ്ടായിരുന്നു.

**ഫയർ & സേഫ്റ്റി ട്രെയിനിങ്ങ്**

ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഫയർ & സേഫ്റ്റി ട്രെയിനിങ്ങ് സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലാ ഫയർ ഓഫീസർ ശ്രീ. അരുൺ ഭാസ്കറിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങളാണ് ട്രെയിനിങ്ങ് നടത്തിയത്.

**'പ്രഷർ ഇൻജ്വറി – ഏൻ അപ്ഡേറ്റ്'**

നഴ്സിംഗ് ഡിപ്പാർട്ടുമെന്റും ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റും സംയുക്തമായി 'പ്രഷർഇൻജ്വറി – ഏൻ അപ്ഡേറ്റ്' എന്ന വിഷയത്തെപ്പറ്റി ഒരു കൺടിന്യൂസ് നഴ്സിംഗ് എജുക്കേഷൻ (സി.എൻ.ഇ.) നടത്തുകയുണ്ടായി. മദർ തെരേസ ഹാളിൽ നടന്ന പരിപാടി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെയും നഴ്സിംഗ് കോളേജിലെയും അദ്ധ്യാപകർ പ്രഷർ ഇൻജ്വറിയുടെ വിവിധ തലങ്ങളെപ്പറ്റി ക്ലാസ്സെടുത്തു. ജൂബിലി മിഷൻ ഹോസ്പിറ്റൽ ന്യൂറോളജി പ്രൊഫസർ ഡോ. ഫിജു ചാക്കോയുടെ നേതൃത്വത്തിൽ ഒരു പാനൽ ഡിസ്കഷനും നടത്തുകയുണ്ടായി.

**കാർഡിയാക് ഇമേജിങ്ങ് തുടർ പരിശീലനം**

റേഡിയോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കാർഡിയാക് ഇമേജിങ്ങിനെക്കുറിച്ച് തുടർപഠന പരിശീലനം നടത്തി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ.റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജൂബിലി മിഷൻ ആശുപത്രി റേഡിയോളജി വിഭാഗം മേധാവി പ്രൊഫസർ ഡോ. എം. ആർ. ബാലചന്ദ്രൻ നായർ സ്വാഗതം ആശംസിച്ചു.

**ഗവേഷണദിനവും, പുസ്തക പ്രകാശനവും**

ഡോ. ജോസഫ് വർഗ്ഗീസ് ആട്ടോക്കാരന്റെ 'മാനുവൽ ഓഫ് പ്രാക്ടിക്കൽ റേഡിയോളജി' എന്ന പുസ്തകം ഗവ. മെഡിക്കൽ കോളേജിൽ നടന്ന ബിയോൺ ഫിറ്റാലെ ഫീറ്റൽ റേഡിയോളജി സമ്മേളനത്തിൽ വച്ച് ഐ. ആർ. ഐ. എ. കേരള പ്രസിഡന്റ് ഡോ. അമൽ ആന്റണിയും ഐ. സി. ആർ. ഐ. അംഗം ഡോ. റിജോ മാത്യുവും ചേർന്ന് പ്രകാശനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റേഡിയോളജി വിഭാഗം മേധാവി ഡോ. ബാലചന്ദ്രൻ നായർ ആദ്യ കോപ്പി ഏറ്റുവാങ്ങി.

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ, ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി ഗവേഷണദിനം സംഘടിപ്പിച്ചു. ആരോഗ്യ സർവ്വകലാശാല റിസർച്ച് ഡീൻ ഡോ. കെ. എസ്. ഷാജി ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾ, മെഡിക്കൽ കോളേജ് ഡോക്ടർമാർ, നേഴ്സിങ്ങ് വിദ്യാർത്ഥികൾ, അധ്യാപകർ, ഗവേഷകർ, പി. എച്ച്. ഡി. വിദ്യാർത്ഥികൾ, പോസ്റ്റ് ഡോക്ടറൽ ഗവേഷകർ എന്നീ വിഭാഗങ്ങളിലായി 35 ഗവേഷണ പ്രന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. പ്രബന്ധങ്ങളുടെ സംക്ഷിപ്തരൂപം ISBN നമ്പർ ഉള്ള പുസ്തകമായി ഡോ. ഷാജി പ്രകാശനം ചെയ്തു. മെഡിക്കൽ ബിരുദ വിദ്യാർത്ഥികളുടെ ഗവേഷണ പ്രോത്സാഹന സംഘടനയുടെ വാർത്താപത്രികയും പ്രകാശനം ചെയ്തു. ഗവേഷണ കേന്ദ്രത്തിന്റെ ദശവത്സര ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടിയിൽ കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ, മറ്റു ഇതര ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ ഗവേഷണ പദ്ധതികൾ നടത്തിയവർക്ക് അനുമോദന പത്രങ്ങൾ ഡോ. ഷാജി സമ്മാനിച്ചു. ഏഴു വിഭാഗങ്ങളിൽ തിരഞ്ഞെടുത്തവർക്ക് നല്ല പ്രബന്ധത്തിനുള്ള ഉപഹാരം നൽകി.

**ദൃശ്യവിരുന്നൊരുക്കി കഥകളി**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നാട്യോത്സവമായി ദുര്യോധനവധം കഥകളി അരങ്ങേറി. നവരസ ആർട്ട്സ് ക്ലബ്ബിന്റെ ആ

ഭിമുഖ്യത്തിൽ മദർ തെരേസ ഹാളിൽ വച്ചാണ് നയന മനോഹരമായ കഥകളി നൈറ്റ് നടന്നത്. കഥകളിയുടെ ഭാഗമായി ഗ്രീൻ റൂം വിസിറ്റിങ്ങിനും ചമയം കാണുന്നതിനുമുള്ള സൗകര്യവും ഒരുക്കിയിരുന്നു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ദീപം തെളിയിച്ചു കഥകളി നൈറ്റ് ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നുള്ള ഇരുപതോളം പ്രശസ്ത കലാകാരന്മാർ അണിയിച്ചൊരുക്കിയ വേദി ഏവർക്കും ആസ്വാദകരമായി. കലാമണ്ഡലം കൃഷ്ണകുമാർ, കലാമണ്ഡലം ഉണ്ണികൃഷ്ണൻ, കോട്ടക്കൽ മധു എന്നിവർ പങ്കെടുത്തവരിൽ പ്രമുഖരായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ന്യൂറോളജി റസിഡന്റ് ഡോ. ഗായത്രി ശ്രീകുമാറും കഥകളിയുടെ ഭാഗമായി.

**പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം ആരംഭിച്ചു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പോലീസ് എയ്ഡ് പോസ്റ്റ് വീണ്ടും പ്രവർത്തനം ആരംഭിച്ചു. ജൂബിലി മിഷൻ ആശുപത്രി മൂന്നാം ഗേയ്റ്റ് അത്യാഹിതവിഭാഗത്തിന് സമീപമാണ് പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പോലീസിന്റെ സേവനം ആശുപത്രിയിൽ ഇത് ഉറപ്പു വരുത്തുന്നു. ഒരു ദിവസത്തിൽ ജീവനക്കാരും രോഗികളും അവരുടെ കൂടെ വന്നവരും മറ്റുമായി ഏകദേശം പന്ത്രണ്ടായിരത്തിലധികം പേരുടെ സാന്നിധ്യം ആശുപത്രിയിലും അനുബന്ധ സ്ഥലങ്ങളിലും ഉണ്ട്. ഇവരുടെ എല്ലാവരുടെയും സുരക്ഷക്കായി കൈ എത്തും ദൂരത്തുള്ള പോലീസ് സേവനം പോലീസ് എയ്ഡ് പോസ്റ്റ് ഉറപ്പു വരുത്തുന്നു.

**നവീകരിച്ച ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം**

നവീകരിച്ച ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പ്രസവരക്ഷ ക്ലിനിക്കിന്റെയും ഔദ്യോഗിക ഉദ്ഘാടനം ആദരണീയനായ കേരള ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ രാമവർമ്മപുരം ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ ക്യാമ്പസിൽ വച്ച് നിർവ്വഹിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈദ്യശാസ്ത്രരംഗത്തെയും സാമൂഹ്യ രാഷ്ട്രീയ തലങ്ങളിലെയും പ്രഗത്ഭ വ്യക്തികൾ പങ്കെടുത്തു. അന്നേദിവസം ഉച്ചക്ക് 2 മണി മുതൽ 5 മണി വരെ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നു വിതരണവും നടത്തി.

**ജൂബിലിയുടെ നേതൃനിരയിലേക്ക് രണ്ട് പുതുമുഖങ്ങൾ**

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ പുതിയ അസിസ്റ്റന്റ് ഡയറ

കൂറായി ഫാ. ജസ്റ്റിൻ പൂഴിക്കുന്നേലും, പുതിയ ഫിനാൻസ് അസിസ്റ്റന്റായി ഫാ. ജിജോ മാളിയേക്കലും ചാർജെടുത്തു. മെയ് 22ന് വൈദികരുടേയും, സിസ്റ്റേഴ്സിന്റേയും മറ്റു ജൂബിലി കുടുംബാംഗങ്ങളുടേയും നേതൃത്വത്തിൽ പുതുമുഖങ്ങൾക്ക് സ്വീകരണം നൽകി.

**അഭിനന്ദനങ്ങൾ**

- ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ ഫെലോഷിപ്പിന് ജൂബിലി മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.പി. സി. ഗിൽവാസ് അർഹനായി.
- രാജഗിരി ഹോസ്പിറ്റൽ, കൊച്ചിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച Oncopath 2 ഡയഗനോസ്റ്റിക് ചലഞ്ചസ്, സി. എം. ഇ. യുടെ ഭാഗമായി നടത്തിയ പോസ്റ്റർ പ്രസന്റേഷനിൽ പത്തോളജി ഡിപ്പാർട്ടുമെന്റിലെ പി. ജി. വിദ്യാർത്ഥികളായ ഡോ. വിഷ്ണു അശോകും, ഡോ. ടിനു ജോസഫും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.
- ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇന്റേണൽ മെഡിസിന് ജനറൽ മെഡിസിൻ വിഭാഗം ഡോ. സന്ദീവ് എസ് അർഹനായി.
- കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച EMCAM- 2023 ൽ പോസ്റ്റർ കോംപിറ്റീഷനിൽ എമർജൻസി മെഡിസിൻ പി. ജി. വിദ്യാർത്ഥി (റസിഡന്റ് എം. ഡി.) ഡോ. റോഷൻ ബെന്നി രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- IMA പാലക്കാടിന്റെ നേതൃത്വത്തിൽ നടത്തിയ MED MAVENS 2023 യിൽ ജനറൽ മെഡിസിൻ ക്വിസ് കോമ്പറ്റീഷനിൽ 16–ാം ബാച്ചിലെ എം. ബി. ബി. എസ്. വിദ്യാർത്ഥികളായ അനീഷ നാസറും, അലീന സി. ആന്റണിയും രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച Pathkan - 2023 Updates in uropathology യിൽ പത്തോളജി ഡിപ്പാർട്ടുമെന്റിലെ ഡോ. പ്രൊഫ. ദീപ്തി വിജയരാഘവൻ പ്രഭാഷണം നടത്തി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- മാത്യു ജോസഫ്, ന്യൂയോർക്ക്, യു.എസ്.എ
- ജൂണി വി നരേന്ദ്രൻ, ശ്രീരാഗം, എൽത്തുരുത്ത്, തൃശ്ശൂർ
- സെന്റ് ഫ്രാൻസിസ് പ്രൊവിൻസ്, ഭോപ്പാൽ
- വിജയമാത ചർച്ച്, ചിയ്യാരം, തൃശ്ശൂർ

- സെന്റ് ജോസഫ്സ് ചർച്ച്, പാറന്നൂർ, തൃശ്ശൂർ
- പ്രൊഫ. കെ. പി. മാണി

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- മേരി ആന്റണി, കവലക്കാട്ട് ഹൗസ്, തൃപ്പാക്കുളം, തൃശ്ശൂർ
- ജോസ് എം. ഡി., മംഗലം ഹൗസ്, തൃശ്ശൂർ
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഷീബ ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ
- ആന്റണി പി. വി, പുലിക്കോട്ടിൽ ഹൗസ്, തൃശ്ശൂർ
- രമ എസ്. കുമാർ, റോസ് ഗാർഡൻ, തൃശ്ശൂർ
- ഡോ. ഷോജൻ അഗസ്റ്റിൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**കോളേജ് ഡേ**

2023 ഏപ്രിൽ 13 ന് കോളേജ് ഡേ ആഘോഷിച്ചു. തൃശൂർ കളക്ടർ വി. ആർ. കൃഷ്ണ തേജ IAS ആയിരുന്നു മുഖ്യാതിഥി. വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു

**ഹാക്കത്തോൺ: ഹാക്ക് അതീന (April 22, 23, 24)**

ജ്യോതി എൻജിനീയറിംഗ് കോളേജിലെ കംപ്യൂട്ടർ സയൻസ് വിഭാഗത്തിന്റെയും ഐ. ഇ. ഡി. സി. സെല്ലിന്റെയും കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെയും സംയുക്ത അഭിമുഖ്യത്തിൽ ഹാക്ക് അതീന ഹാക്കത്തോൺ നടത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻ അസിസ്റ്റന്റ് മാനേജർ ബെർജിൻ എസ്. റസൽ ഉദ്ഘാടനം ചെയ്തു. ഹാക്കത്തോണിൽ ക്രൈസ്റ്റ് എൻജിനീയറിംഗ് കോളേജിന് ഒന്നാം സ്ഥാനവും തൃശൂർ ഗവ. എൻജിനിയറിംഗ് കോളേജ് രണ്ടാം സ്ഥാനവും ബാർട്ടൺ ഹിൽ ഗവ. എൻജിനിയറിംഗ് കോളേജ് മൂന്നാം സ്ഥാനവും നേടി.

**ജെപിസി 2023: ജ്യോതി എൻജിനീയറിംഗ് കോളേജ് ചാമ്പ്യൻമാർ**

ജ്യോതി എൻജിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒന്നാമതു ജ്യോതി പ്രൊഫസേഴ്സ് ചാമ്പ്യൻഷിപ്പ് (ജെപിസി 2023) ഓൾ കേരള കോളേജ് സ്റ്റാഫ് ക്രിക്കറ്റ് ടൂർണമെന്റിൽ ചെറുതുരുത്തി ജ്യോതി എൻജിനീയറിംഗ് കോളജ് ചാമ്പ്യൻമാരായി. മികച്ച പ്രകടനം കാഴ്ചവച്ച ജ്യോതിയിലെ വൈശാഖിനെ മികച്ച താരമായി തെരഞ്ഞെടുത്തു.

**ധാരണാപത്രം ഒപ്പുവച്ചു**

കോളേജിലെ ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററും ARSVITAE INFOTECH PRIVATE Limited ഉം ചേർന്ന് ധാരണാപത്രം ഒപ്പുവച്ചു.

**Innovatex IEEE Project Competition**

IEEE IA/IE/PELS Jt. Chapter Kerala യും IEEE SB JECC ഉം IEEEIAS ഉം PELS SBC JECC ഉം IEDC JECC ഉം സംയുക്തമായി മെയ് 9, 10 തീയതികളിൽ project competition നടത്തി. ഫാ. ഡോ. ജോസ് കണ്ണമ്പുഴ ആയിരുന്നു മുഖ്യാതിഥി. മത്സരത്തിൽ ഗവ. എഞ്ചിനീയറിംഗ് കോളേജ് തൃശൂർ 1 ാം സ്ഥാനം നേടി.

**ധാരണാപത്രം ഒപ്പുവച്ചു**

ജ്യോതി എൻജിനീയറിംഗ് കോളേജും Nuclear Engineering Inspection Service Company ഉം ചേർന്ന് ധാരണാപത്രം ഒപ്പുവച്ചു. ഇതുപ്രകാരം ഫാക്കൽറ്റി അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും NEIS ൽ ലാബ് പരിശീലനത്തിനും കൂടാതെ ME, CE, EEE ഡിപ്പാർട്മെന്റിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനും, റിക്രൂട്ട്മെന്റ് പരിശീലനത്തിനും സൗകര്യം ലഭിക്കും.

**പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി അക്കാഡമിക് ഡയറക്ടർ ഡോ. ഫാ. ജോസ് കണ്ണമ്പുഴ ക്യാമ്പസ്സിൽ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചു.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. സെന്റ് തോമസിന് നേട്ടം**

**നിർഫ് റാങ്ക് ഓൾ ഇന്ത്യ – 53**
**ഓൾ കേരള – 7**
**കാലിക്കട്ട് യൂണിവേഴ്സിറ്റി – 1**

എൻ.ഐ.ആർ.എഫ് (നാഷണൽ ഇൻസ്റ്റിക്യൂഷണൽ റാങ്കിങ്ങ് ഫ്രെയിം വർക്ക്) റാങ്കിങ്ങിൽ ഈ വർഷം 53–ാം റാങ്ക് ലഭിച്ചു. കഴിഞ്ഞ വർഷത്തെ റാങ്കിനേക്കാൾ 10 റാങ്ക് ഉയർത്താൻ കോളേജിന് സാധിച്ചു. നിർഫ് റാങ്കിങ്ങിൽ ആദ്യ 100 റാങ്കുകളിൽ കേരളത്തിൽ നിന്ന് 11 എയ്ഡഡ് കോളേജുകളും, 3 ഗവൺമെന്റ് കോളേജുകളും ഇടം നേടി. കേരളത്തിൽ കോളേജിന് 7–ാം സ്ഥാനവും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒന്നാം സ്ഥാനവും ലഭിച്ചു. പങ്കെടുത്ത 6 വർഷങ്ങളിലും 80 സ്ഥാനത്തിന് ഉള്ളിൽ ഉൾപ്പെടാൻ കോളേജിന് സാധിച്ചു. തൃശൂർ ജില്ലയിൽ നിന്ന് റാങ്കിങ്ങിൽ നൂറിൽ താഴെയുള്ള ഏക കോളേജും സെന്റ് തോമസാണ്. 2022–ലെ നാക് അക്രിഡേഷനിൽ കോളേജിന് 3.70 ഗ്രേഡ് നേടി എ.പ്ലസ്.പ്ലസ് (A++) നേടിയിരുന്നു. ഗവേഷണ മികവിനും, പ്ലെയ്സ്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിലും, ഉന്നത പഠനത്തിന് അർഹതനേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിലുമാണ് കൂടുതൽ പോയിന്റ്സ് നേടിയത്. ഈ ദേശീയ അംഗീകാരം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മാനേജ്മെന്റിനും അഭിമാന നിമിഷങ്ങളാണ്.

**2. ഗവേഷണ ബിരുദം നേടി**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന മിസ്. സ്വാതി ടി. എസ്, ഡോ. ജിനേഷ് ആന്റണിയുടെ ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. കാലിക്കറ്റ് എൻ.ഐ.ടി യിലെ സീനിയർ പ്രൊഫസർ. ഡോ. ജി ഉണ്ണികൃഷ്ണനായിരുന്നു ഓപ്പൺ ഡിഫൻസിന്റെ ചെയർമാൻ.

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനും, ഗവേഷകനുമായ ഡോ. സാബു എ. എസ്. ഡോ. സി. അൽഫോൺസ മാത്യുവിന്റെ ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. തമിഴ്നാടു യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ. ഡോ. എം. കോതണ്ടപാണി ഓപ്പൺ ഡിഫൻസിന്റെ ചെയർമാനായിരുന്നു.

സുവോളജി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന മിസ്. രജ്ഞിനി എസ്. മുൻ ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. ഫ്രാൻസി കാക്കശ്ശേരിയുടേയും, ഡോ. ജോയ്സ് ജോസിന്റേയും ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. മദ്രാസ് യൂണിവേഴ്സിറ്റി എമിരിറ്റസ് പ്രൊഫസർ ഡോ. എം. മുനുസ്വാമി ഓപ്പൻ ഡിഫൻസിന്റെ ചെയർമാനായിരുന്നു.

**3. ലോക പരിസ്ഥിതി ദിനം**

ബോട്ടണി ഡിപ്പാർട്ട്മെന്റും, ബോട്ടണി ഒ.എസ്.എ യും, നേച്ചർ ക്ലബും സംയുക്തമായി ലോകപരിസ്ഥിതി ദിനം ആഘോഷിച്ചു. വിദ്യാർത്ഥികൾക്ക് 15 തരം മരത്തിന്റെ തൈകൾ വിതരണം ചെയ്തും, പരിസ്ഥിതിയുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചും ദിനാഘോഷം മനോഹരമാക്കി. പ്രിൻസിപ്പാൾ റവ.ഡോ. മാർട്ടിൻ കെ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം നിർവ്വഹിച്ച് വൃക്ഷത്തൈ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. വെള്ളത്തിൽ പൊങ്ങിക്കിടന്ന് വളരുന്ന തെങ്ങിന്റെ ഉത്ഘാടനവും നിർവ്വഹിച്ചു. പ്രശസ്ത പ്രകൃതി ശാസ്ത്രജ്ഞൻ ഡോ. ഷാജി സി.പി. ജൈവ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും, ജീവികളുടെ വർഗീകരണത്തിൽ ബൈബിളിന്റെ സ്വാധീനത്തെക്കുറിച്ചും ക്ലാസ്സു നയിച്ചു. കേരളത്തിന്റെ 11 പഞ്ചായത്തുകളിൽ വംശനാശ ഭീഷണി നേരിടുന്ന കുളവെട്ടിമരങ്ങളുടെ സംരക്ഷണം വിജയപ്രദമായി നിർവ്വഹിച്ച സെന്റ് തോമാസ് കോളേജിലെ അദ്ധ്യാപകനായ ഡോ. ആന്റോ പി.വി യുടെ 'സക്സസ് സ്റ്റോറി ഓഫ് കൺസർവേഷൻ' എന്ന ക്ലാസ്സും ഉണ്ടായിരുന്നു.

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോമേഴ്സ് ഡിപ്പാർട്ട്മെന്റ് (എസ്.എഫ്) ഫോട്ടോഗ്രാഫി മത്സരവും, ഓൺലൈൻ ക്വിസ് മത്സരവും വിദ്യാർത്ഥികൾക്കായ് സംഘടിപ്പിച്ചു. 'ബീറ്റ് ദ പ്ലാസ്റ്റിക്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മത്സര വിജയികൾക്ക് പ്രിൻസിപ്പാൾ സമ്മാനങ്ങൾ നൽകി ആദരിച്ചു.

എൻ.സി.സി യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി മത്സരം നടത്തി. വിജയികളെ ആദരിച്ചു.

**4. സാന്തോം ദർശൻ 2023–2024**

ഈ വർഷത്തെ അദ്ധ്യാപക ഓറിയന്റേഷൻ സാന്തോം ദർശൻ 2023–2024 എന്ന പേരിൽ ജൂൺ ആദ്യദിനങ്ങളിൽ നടത്തി. രണ്ടു ദിവസങ്ങളിലായി നടത്തപ്പെട്ട പ്രോഗ്രാമിൽ ദേശീയ വിദ്യാഭ്യാസ പോളിസി (എൻ.ഇ.പി) യുടെ മുൻ സെക്രട്ടറി ഡോ. ഷക്കീല ടി. ഷംസു, ലീഡ്

കോളേജ് ഡയറക്ടർ ഡോ. തോമസ് ജോർജ്ജ് കെ, പ്രശസ്ത പ്രഭാഷ കനും, എഴുത്തുകാരനുമായ റവ. ഫാ. ജോസ് കട്ടിക്കാട്, മുൻ അഡീ ഷണൽ ചീഫ് സെക്രട്ടറി ശ്രീ ടി. കെ. ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഒരു വർഷത്തെ കോളേജിന്റേയും ഡിപ്പാർട്ട്മെന്റി ന്റേയും വാർഷിക പദ്ധതികൾ തയ്യാറാക്കി.

**5. കായികം**

സലിഹ കെ. എച്ച് – ഹൈജമ്പ് – ദേശീയം – സെക്കന്റ്
രാഹുൽ സജി – ഡഡ്ലിഫ്റ്റ് – അന്തർദേശീയം – തേർഡ്
ആൻസി സോജൻ – ലോങ്ജമ്പ് – അന്തർദേശീയം – ഫസ്റ്റ്
ദേശീയ, അന്തർദേശീയ മത്സര വിജയികൾക്ക് അഭിനന്ദനങ്ങൾ.

**6. പ്ലെയ്സ്മെന്റ്**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 17 വിദ്യാർത്ഥികൾ ക്ക് ജോലി ലഭിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക്–9, ഇന്നൊവെചർ–1, ഇൻ വെസ്റ്റിംഗ് വൈസ്ലി–1, ഗ്രാന്റ്–1, കെജിസ്–1, ടി.സി.എസ്–4. പ്ലെയ്സ്മെന്റ് സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

**7. അഡ്മിഷൻ ആരംഭിച്ചു**

യു.ജി, പി.ജി ക്ലാസ്സുകളിലേക്കുള്ള 2023–24 വർഷത്തെ അഡ് മിഷൻ ആരംഭിച്ചു.

**8. നേട്ടം**

മുൻ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥി കെ.ബി. റംഷാദ് ഈ വർഷം സിവിൽ സർവ്വീസ് പരീക്ഷയിൽ 477–ാം റാങ്ക് നേടിയതിൽ അഭിനന്ദനങ്ങൾ.

**9. സാന്തോം കഫ്റ്റേരിയ ഉത്ഘാടനം ചെയ്തു**

കോളേജിന്റെ ജൂബിലി ബ്ലോക്കിൽ സാന്തോം കഫ്റ്റേരിയ മോൺ. ജോസ് കോനിക്കര ആശിർവദിച്ച് ഉദ്ഘാടനം ചെയ്തു.

**10. വുമൺ സെൽ**

വുമൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ ബോധവത്ക്കരണ സെ മിനാർ സംഘടിപ്പിച്ചു. 'പ്രൈഡ് മന്ത് സെലിബ്രേഷൻ' എന്ന വിഷയ ത്തിൽ പ്രമുഖ ആക്ടിവിസ്റ്റ് മിസ്. ശീതൾ ശ്യാം മുഖ്യപ്രഭാഷണം നട ത്തി.

**11. ഫീസ്റ്റ് ആഘോഷിച്ചു**

വിശുദ്ധ അന്തോണീസിന്റെ തിരുന്നാളിനോടനുബന്ധിച്ച് മാനേ ജർ മാർ ടോണി നീലങ്കാവിലിന്റെ ഫീസ്റ്റ് ആഘോഷിച്ചു.

**12. എൻ.എസ്.എസ്**

എൻ.എസ്.എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ 'ലോക ഫു ഡ് സേഫ്റ്റി ദിനം' ആചരിച്ചു.

**13. ജന്മദിനം ആഘോഷിച്ചു**

എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടന്റെ ജന്മദിനം കേക്ക് മുറിച്ച് ആശംസകൾ നേർന്ന് ആഘോഷിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**പരിസ്ഥിതി ദിനാചരണം**

പ്രകൃതി സംരക്ഷണം ഓരോ പൗരന്റെയും കടമയാണെന്ന സന്ദേശവുമായി മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ പരിസ്ഥിതി ദിനം ആചരിച്ചു. പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാനും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുവാനും ഭാവി അധ്യാപകർ എന്ന നിലയിൽ പരിശ്രമിക്കണമെന്ന് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഉദ്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് അധ്യാപക വിദ്യാർത്ഥികൾ നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ പരസ്പരം കൈമാറുകയും ചെയ്തു.

**സഹവാസ ക്യാമ്പ്**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായിട്ടുള്ള സഹവാസ ക്യാമ്പ് റിജോയ്സ് 2023 സംഘടിപ്പിച്ചു. ജൂൺ 6, 7, 8, 9 ദിവസങ്ങളിലായി കോളേജ് ക്യാമ്പസിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ശ്രീ. നാസാ ഗഫൂർ, ശ്രീ.സന്തോഷ് കലാഗ്രാമം, റവ.ഡോ. സിജോൺ കുഴിക്കാട്ടുമാലിയിൽ എന്നിവർ ക്യാമ്പിന്റെ ഭാഗമായുള്ള ക്ലാസുകൾക്ക് നേതൃത്വം നൽകി.

**മോഡൽ പരീക്ഷ**

സെക്കന്റ് ഇയർ ബി.എഡ് ബാച്ചിന്റെ മോഡൽ പരീക്ഷ ജൂൺ 19 മുതൽ 23 വരെയുള്ള ദിവസങ്ങളിൽ നടത്തി. അൺ എയ്ഡഡ് ട്രെയിനിംങ്ങ് കോളേജ് പ്രിൻസിപ്പൽസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള ബോർഡ് ആണ് പരീക്ഷ പേപ്പർ തയ്യാറാക്കിയത്.

**സിനർജി സീരീസ്**

ജൂൺ 12 തിങ്കളാഴ്ച പ്രോസ് & കോൺസ് ഓഫ് മൊബൈൽ

യൂസ്  എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു.

**ക്രിറ്റിസ്സിസം ലെസ്സൺ ക്ലാസ്**

ജൂൺ 22, 23 ദിവസങ്ങളിലായി മുള്ളൂർക്കര എൻ.എസ്.എസ് സ്കൂളിൽ വെച്ച് ഫസ്റ്റ് ഇയർ ബി.എഡ് വിദ്യാർത്ഥികൾക്കായി ക്രിറ്റിസിസം ലെസ്സൺ ക്ലാസ് സംഘടിപ്പിച്ചു.

**യാത്രയയപ്പ്**

ജൂൺ 26 തിങ്കളാഴ്ച 2021–2023 ബാച്ച് വിദ്യാർത്ഥികളുടെ യാത്രയയപ്പ് സമ്മേളനം സംഘടിപ്പിച്ചു. രണ്ടു വർഷക്കാലത്തെ മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ തങ്ങളുടെ അനുഭവങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾ പങ്കുവെയ്ക്കുകയുണ്ടായി.

**പഠന യാത്ര സംഘടിപ്പിച്ചു**

ഫസ്റ്റ് ഇയർ ബി.എഡ് ബാച്ചിന്റെ പഠന യാത്ര ജൂലായ് 2 മുതൽ 8 വരെ സംഘടിപ്പിച്ചു. ഹൈദരാബാദിലെ വിവിധ സ്ഥലങ്ങളാണ് പഠന യാത്രയുടെ ഭാഗമായി സന്ദർശിച്ചത്.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ... (ജൂലൈ)**

| | | |
|---|---|---|
| 3 തിങ്കൾ | – | ദുക്റാന (സെന്റ് തോമസ് ഡേ) |
| 6 വ്യാഴം | – | വി. മരിയ ഗൊരേത്തി |
| 7 വെള്ളി | – | ആദ്യവെള്ളി, വി. കുർബാന |
| 11 ചൊവ്വ | – | ലോക ജനസംഖ്യാദിനം |
| 15 ശനി | – | കർമ്മലമാതാവ് |
| 25 ചൊവ്വ | – | വി. യാക്കോബ് |
| 28 വെള്ളി | – | വി. അൽഫോൻസാമ്മ |
| 31 തിങ്കൾ | – | വി. ഇഗ്നേഷ്യസ് ലെയോള |

| Sl. No. | Name of school | Students appeared | No. of pupils who got D+ and above in all subject | School percentage 2022-2023 |
|---|---|---|---|---|
| 1. | C.J.M.A.H.S.S., Varandarappilly | 334 | 334 | 100 |
| 2. | St. Thomas H.S.S., Engandiyur | 288 | 288 | 100 |
| 3. | St. Sebastian's H.S., Chittattukara | 279 | 279 | 100 |
| 4. | St. Thomas H.S.S., Thiroor | 243 | 243 | 100 |
| 5. | St. Thomas H.S.S., Mayannur | 231 | 231 | 100 |
| 6. | St. Antony's H.S.S., Ammadam | 203 | 203 | 100 |
| 7. | St. John's H.S.S., Parappur | 191 | 191 | 100 |
| 8. | St. Joseph's H.S.S., Velupadam | 166 | 166 | 100 |
| 9. | St. Antony's H.S.S., Pazhuvil | 158 | 158 | 100 |
| 10. | Matha H.S., Mannampetta | 158 | 158 | 100 |
| 11. | St. Thomas C.H.S.S., Thrissur | 155 | 155 | 100 |
| 12. | St. Mary's H.S., Chengaloor | 146 | 146 | 100 |
| 13. | St. Joseph's H.S., Enamakkal | 124 | 124 | 100 |
| 14. | St. Antony's H.S.S., Pudukad | 119 | 119 | 100 |
| 15. | St. Thomas H.S.S., Thope, Thrissur | 96 | 96 | 100 |
| 16. | St. Xavier's H.S., Chevoor | 62 | 62 | 100 |
| 17. | St. Antony's H.S.S., Puthenpeedika | 45 | 45 | 100 |
| 18. | Tharakan's H.S., Aranattukara | 35 | 35 | 100 |
| 19. | St. Thomas H.S.S., Vallachira | 30 | 30 | 100 |
| 20. | St. Joseph's H.S.S., Avinissery | 20 | 20 | 100 |
| 21. | St. Sebastian's H.S., Mannamangalam | 142 | 141 | 99.30 |

| Sl. No. | Name of school | Students | Passed | Percentage |
|---|---|---|---|---|
| 1. | St. Thomas C.H.S.S., Thrissur | 249 | 243 | 97.59 |
| 2. | St. Antony's H.S.S., Puthenpeedika | 101 | 98 | 97.03 |
| 3. | C.J.M.A.H.S.S., Varandarappilly | 205 | 194 | 94.63 |
| 4. | St. John's H.S.S., Parappur | 147 | 139 | 94.56 |
| 5. | St. Antony's H.S.S., Ammadam | 245 | 231 | 94.29 |
| 6. | St. Thomas H.S.S., Thiroor | 117 | 108 | 92.31 |
| 7. | St. Thomas H.S.S., Engandiyur | 147 | 131 | 89.12 |
| 8. | St. Antony's H.S.S., Pazhuvil | 109 | 94 | 86.24 |
| 9. | St. Antony's H.S.S., Pudukad | 493 | 417 | 84.58 |
| 10. | St. Thomas H.S.S., Vallachira | 144 | 121 | 84.03 |
| 11. | St. Thomas H.S.S., Thope, Thrissur | 149 | 125 | 83.89 |
| 12. | St. Thomas H.S.S., Mayannur | 160 | 129 | 80.63 |
| 13. | St. Joseph's H.S.S., Avinissery | 127 | 99 | 77.95 |
| 14. | St. Joseph's H.S.S., Velupadam | 111 | 77 | 69.37 |

Plus Two, S.S.L.C. പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനുമോദനങ്ങൾ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ജൂലൈ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജൂലൈ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 19,20,21– 26,27,28. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ക്വാ വാദിസ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ അകന്ന ഒരുക്കത്തിന്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ മാതാപിതാക്കൾക്കുവേണ്ടിയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ലൈംഗിക വിദ്യാഭ്യാസം, മനശാസ്ത്ര വിഷയങ്ങൾ, പ്രണയം, വിവിധ അഡിക്ഷൻസ്, ദൈവവിളികൾ എന്നീ വിഷയങ്ങളാണ് ഈ കോഴ്സിന്റെ ഉള്ളടക്കം. ഈ വിഷയങ്ങളിൽ വിദഗ്ദരായവരാണ് ക്ലാസ്സുകൾ നയിക്കുന്നത്. ഏകദേശം 3 മണിക്കൂർ ദൈർഘ്യമുള്ളതാണ് ഈ കോഴ്സ്. ചെറിയ ഇടവകകൾ ആണെങ്കിൽ +1, +2, ACC യുവജനങ്ങൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടും ഈ പരിപാടി അച്ചന്റെ ഇടവകയിൽ സംഘടിപ്പിക്കാം. പുതിയ യുവതയ്ക്ക് അവരുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹി

ക്കുന്നവർ വിളിക്കുക – 9605043327, 8086677252.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേ ലീഡർഷിപ്

1965 കളിൽ സെന്റ് തോമസ് കോളേജിൽ തുടക്കം കുറിച്ച ലേ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ ഡിബിസിഎൽസി യുടെ ഭാഗമായി പ്രവർത്തിക്കുന്നു. അത്മായ നേതൃത്വം വളർത്തുക, പുതുതലമുറയുടെ വിവിധ കഴിവുകൾ വളർത്തുക, സഭയിലെ നേതൃത്വനിരയ്ക്ക് ആവശ്യമായ പരിശീലനം നൽകുക സമൂഹത്തിലെ വിവിധ നേതൃനിരയിലുള്ളവരെ ഒരുമിച്ച് കൂട്ടുക അവരെ സഭയുടെ ഭാഗമാക്കി രൂപീകരിക്കുക എന്നിങ്ങനെ വിവിധപരിപാടികൾ സംഘടിപ്പിക്കുന്നു.

**അവധിക്കാല ക്ലാസ്സുകൾ**

കഴിഞ്ഞ സമ്മർ അവധിക്ക് ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി വേനൽകൂടാരം എന്ന പേരിൽ ഒരു ക്യാമ്പ് സംഘടിപ്പിച്ചു. മുതിർന്നവർക്കായി പ്രസംഗം, നേതൃത്വം, സംരഭകത്വം, മാധ്യമം തുടങ്ങിയ മേഖലകളിൽ ശിൽപശാ ലകളും നടത്തി.

**മത്സരങ്ങൾ**

വിശ്വാസപരിശീലനത്തിലായിരിക്കുന്ന 11, 12, എസിസി വിദ്യാർത്ഥികൾ ക്കായി ഈ അധ്യയനവർഷത്തിൽ വിവിധമത്സരങ്ങളും ശിൽപശാല കളും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്നു.

**പ്രസംഗമത്സരം**

ജൂലൈ 17 ന് പ്രസംഗമത്സരം ഡിബിസിഎൽസിയിൽ നടത്തുന്നു. 11, 12, എസിസി വിദ്യാർത്ഥികൾക്ക്. ഒരിടവകയിൽ നിന്ന് 2 പേർക്കു വീതം പങ്കെടുക്കാം. കൂടുതൽ പേർ പങ്കെടുക്കാനുണ്ടെങ്കിൽ രണ്ടാം ഘട്ടം ഉണ്ടായിരിക്കും. ജൂലായ് 17, സമയം :10 എ എം. സ്ഥലം: ഡി ബി സി എൽ സി

**ഇന്നവേറ്റീവ് ഐഡിയ മീറ്റ്**

കുട്ടികളിലെ നല്ല ആശയങ്ങൾ സ്വരൂപിക്കുന്നതിനായി സംഘടിപ്പിക്കുന്ന ഈ മീറ്റിൽ ഏതെങ്കിലും മേഖലയിൽ നവ്യമായ ആശയങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാം. 11, 12, എസിസി വിദ്യാർത്ഥികൾക്ക് അവസരം. തിയതി: ജൂലായ് 17, സമയം :10 എ എം. സ്ഥലം: ഡി ബി സി എൽ സി

**സാഹിത്യമത്സരങ്ങൾ**

കഥ, കവിത, ലേഖനം എന്നീ സാഹിത്യമേഖലയിൽ 11, 12, എസിസി വിദ്യാർത്ഥികൾക്കായി അതിരൂപതാതലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

തിയതി: ജൂലായ് 28., സമയം: 10 എഎം., സ്ഥലം: ഡി ബി സി എൽ സി ഒരുയൂണിറ്റിൽ നിന്ന് ഓരോ ക്ലാസ്സിലും ഓരാൾക്ക് പങ്കെടുക്കാം. നേരത്തെ രജിസ്റ്റർ ചെയ്യണം.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേ ലീഡർഷിപ്

# കുടുംബക്കൂട്ടായ്മ

**പതാക ദിനം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാൾ ദിനമായ ജൂൺ 4–ാം തിയ്യതി ഇടവകകളിൽ കുടുംബകൂട്ടായ്മ ദിനാചരണവും പതാകദിനാചരണവും ഭംഗിയായി നടന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കുടും ബകൂട്ടായ്മ ഭാരവാഹികൾക്കും ഒത്തിരി നന്ദി. അന്നേ ദിവസം അഭി വന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് കുടുംബകൂട്ടായ്മയുടെ പതാക ഉയർത്തികൊണ്ട് അതിരൂപത തല കുടുംബകൂട്ടായ്മ ദിനാചരണവും നിർവ്വഹിച്ചു.

**പരിസ്ഥിതിദിനാചരണം**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വ ത്തിൽ ജൂൺ 4–ാം തിയ്യതി ഞായറാഴ്ച്ച കാലത്ത് 10.00 മണിക്ക് ഫാമി

ലി അപ്പൊസ്റ്റോലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മാവിൻ തൈ നട്ടുക്കൊണ്ട് പരിസ്ഥിതി ദിനാചരണം നടത്തി. തദവസരത്തിൽ ഭൂമി മനുഷ്യനുൾപ്പെടെ സകല ജീവജാലങ്ങളുടെയും പൊതുതറവാടാണെന്നും മനുഷ്യനെ മറന്നുകൊണ്ടുള്ള പരിസ്ഥിതി വാദം നല്ലതല്ല എന്നും പിതാവ് അഭിപ്രായപ്പെട്ടു.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള കലാ സാഹിത്യ മത്സരങ്ങൾ**

ജൂലൈ, ആഗസ്റ്റ് – ഇടവകതലം

സെപ്റ്റംബർ – ഫൊറോന തലം

ഒക്ടോബർ – അതിരൂപത തലം

**പൊതുവായ നിബന്ധനകൾ**

1. മത്സരങ്ങൾ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കു മാത്രമായിരിക്കും.
2. മത്സരങ്ങളിൽ അതിരൂപത, ഫൊറോന ഭാരവാഹികൾ മത്സരിക്കാൻ പാടില്ല.
3. സാഹിത്യ മത്സരങ്ങൾ അതിരൂപതാടിസ്ഥാനത്തിലായിരിക്കും നടത്തുക.
4. മുൻകൂട്ടി റജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കൂ.
5. നിമിഷ പ്രസംഗം, വചനമെഴുത്ത് മത്സരങ്ങൾ ഇടവക തലത്തിൽ നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഫൊറോന തലത്തിൽ പങ്കെടുക്കുകയും ഫൊറോനയിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവരാണ് അതിരൂപതാതലത്തിൽ മത്സരിക്കേണ്ടത്.
6. റംബാൻ പാട്ട്, ഗ്രൂപ്പ് സോങ്ങ് എന്നിവ സാധിക്കുമെങ്കിൽ മാത്രം ഇടവക തലത്തിൽ നടത്തുകയും അല്ലാത്ത പക്ഷം ഇടവകയിൽ നിന്ന് ഒരു ടീമിനെ തയ്യാറാക്കി ഫൊറോന തലത്തിലേക്ക് മത്സരത്തിനായി അയക്കാവുന്നതാണ്. ഫൊറോനയിൽ നിന്ന് ഒന്നാം സ്ഥാനം കിട്ടുന്നവർ മാത്രമായിരിക്കും അതിരൂപത തല മത്സരത്തിൽ പങ്കെടുക്കേണ്ടത്.
7. എഴുതികൊണ്ടുവരുന്ന വരികളോ, ഡൗൺലോഡ് ചെയ്ത കവിത/കഥ/ലേഖന ഭാഗങ്ങളോ പകർത്തി എഴുതരുത്. മറ്റേതെങ്കിലും കഥ/കവിത/ലേഖനവുമായി സാമ്യം പാടില്ല.
8. അനുവദിക്കപ്പെട്ടിരിക്കുന്ന സമയത്തിനുള്ളിൽ രചന പൂർത്തിയാക്കിയിരിക്കണം.
9. രചനയ്ക്ക് അവതരണ പുതുമയും തനിമയും ഉണ്ടായിരിക്കണം.
10. രചനാ മത്സരങ്ങൾക്ക് എഴുതുവാനുള്ള പേപ്പർ നൽകുന്നതായിരിക്കും.
11. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**കലാ സാഹിത്യ മത്സരങ്ങൾ**

1. റംമ്പാൻ പാട്ട്
2. ഗ്രൂപ്പ് സോങ്ങ്
3. നിമിഷ പ്രസംഗം
4. വചനം എഴുത്ത്
5. കവിതാ രചന (മത്സരം അതിരൂപത തലത്തിൽ മാത്രം)
6. ഉപന്യാസം/ലേഖന (മത്സരം അതിരൂപത തലത്തിൽ മാത്രം)
7. കഥാ രചന (മത്സരം അതിരൂപത തലത്തിൽ മാത്രം)

**1. നിമിഷ പ്രസംഗം**

സമയം – 5 മിനിറ്റ് – 4 മിനിറ്റിൽ വാണിങ്ങ്
വിഷയം – 5 മിനിറ്റ് മുൻപ് മാത്രമെ നൽകുകയുള്ളൂ.
അവതരണ രീതി, ഭാഷ, ആശയ വ്യക്തത, സ്പുടത, വിഷയപ്പൊരുത്തം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിധി നിർണ്ണയം നടത്തുക.

**2. വചനമെഴുത്ത് മത്സരം**

സമയം – 30 മിനിറ്റ്
ഏറ്റവും കൂടുതൽ വചനങ്ങൾ തെറ്റാതെ പുസ്തകവും അദ്ധ്യായവും വാക്യവും കൃത്യമായി എഴുതുന്നവർക്കായിരിക്കും സമ്മാനം

**3. റംമ്പാൻ പാട്ട്/ ഗ്രൂപ്പ് സോങ്ങ്**

സമയം – 7 മിനിറ്റ് – 6 മിനിറ്റിൽ വാണിങ്ങ്
വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല
വായ്പാട്ട് മാത്രമായിരിക്കും
ഒരു ടീമിൽ 5–7 അംഗങ്ങൾക്ക് പങ്കെടുക്കാം
ശ്രുതി, താളം, ലയം, ഭാവം, പാടുന്ന രീതി, അവതരണം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിധി നിർണ്ണയം നടത്തുക.
ഡ്രസ്സ് കോഡ് സമ്മാനത്തിന് പരിഗണിക്കുന്നതല്ല.
സമയപരിധി കഴിഞ്ഞും പാടുന്നവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.

**4. ലേഖന മത്സരം (അതിരൂപത തലത്തിൽ മാത്രം)**

സമയം – $1^1/_2$ മണിക്കൂർ
വിഷയം – തൽസമയം നൽകുന്നതായിരിക്കും
എഴുത്തുഭാഷ, വിഷയത്തോടുള്ള നീതി, ഭാഷയുടെ തെളിമ, ഭാഷയുടെ ഘടന, വർത്തമാനകാലമായുള്ള ബന്ധം
ലേഖനം 10 പുറത്തിൽ കവിയരുത്.

**6. കവിത (അതിരൂപത തലത്തിൽ മാത്രം)**

സമയം – $1^1/_2$ മണിക്കൂർ

വിഷയം – തൽസമയം നൽകുന്നതായിരിക്കും.

കാവ്യഭാഷ, ഭാഷഭംഗി, വിഷയപ്പൊരുത്തം, നവീനത്വം, ആശയം, ഭാഷാഘടന, വിഷയത്തോടുള്ള സമീപനരീതി, അവതരണഭംഗി കവിതയ്ക്ക് പരമാവധി 30 വരികൾ മാത്രം

**7. കഥാരചന (അതിരൂപത തലത്തിൽ മാത്രം)**

സമയം – $1^1/_2$ മണിക്കൂർ

വിഷയം – തൽസമയം നൽകുന്നതായിരിക്കും

വിഷയാഭിമുഖ്യം, ഭാഷാരീതി, നവീനത്വം, കഥാഘടന, കഥാപാത്ര ങ്ങൾതമ്മിലുള്ള ഇഴയടുപ്പം, ശൈലി, കഥ 5 പേജിൽ കവിയരുത്.

**മെറിറ്റ് ഡേ**

ഈ വർഷം പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് സമ്മാനം നൽകുന്നതിന് മുന്നോടിയായി സമ്മാനാർഹരുടെ മാർക്ക്ഷീറ്റിന്റെ കോപ്പിയുടെ പുറകിൽ ഇടവകയുടെ പേരും ഭാരവാഹിയുടെയും യൂണിറ്റിന്റെയും പേരും ഭാരവാഹിത്വവും വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയതിനുശേഷം അതിന്റെ കോപ്പിയും സമ്മാനർഹയായ കുട്ടിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും കോൺടാക്ട് നമ്പറും (വാട്സ് ആപ്പ് നമ്പർ) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ജൂലായ് 15 ന് മുൻപായി ഏൽപിക്കേണ്ടതാണ്. പിന്നീട് വരുന്നവ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**ബഹു.സിസ്റ്റേഴ്സിനുള്ള പരിശീലനം**

ഇടവകകളിൽ കുടുംബകൂട്ടായ്മകൾക്ക് പങ്കെടുക്കുകയും നേതൃത്വം വഹിക്കുകയും ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിനുള്ള അതിരൂപത തല പരിശീലന പരിപാടി ജൂലായ് 17–ാം തിയ്യതി തിങ്കളാഴ്ച്ച ഉച്ചക്കുശേഷം 2.00 മുതൽ 5.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടക്കുന്നു. ഈ പരിശീലന പരിപാടിയിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് കുടുംബകൂട്ടായ്മയിൽ പങ്കെടുക്കുന്ന ബഹു. സിസ്റ്റേഴ്സിനെ പങ്കെടുപ്പിക്കുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**വലിയ വെന്തിങ്ങ, കൊന്ത, ഡ്രൈ ഫ്ളവർ ബൊക്കെ നിർമ്മാണ പരിശീലനം**

ഇടവക ദൈവാലയത്തിൽ അൾത്താര ഡ്രൈ ഫ്ളവർ കൊണ്ട് അലങ്കരിക്കുവാനും, വലിയ വെന്തിങ്ങ, കൊന്ത എന്നിവ നിർമ്മിക്കുവാനും വേണ്ടിയുള്ള പരിശീലന കളരി ജൂലൈ 17 –ാം തിയ്യതി തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. പരിശീലന കളരിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള എല്ലാ അമ്മമാരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**മിഷൻ സന്ദർശനം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിൽ വളരെ ചെറിയ ഗ്രൂപ്പുകളായി അദിലാബാദ് മിഷൻ രൂപതയിലേക്ക് പോകുന്നുണ്ട്. വളരെ പരിമിതമായ സൗകര്യങ്ങളാണ് അവിടെ ഉണ്ടാവുക. ഇതിനകം കുറെ അമ്മമാർ പേരു നൽകുകയുണ്ടായി. ഇനിയും പോകാൻ ആഗ്രഹിക്കുന്ന അമ്മമാരുണ്ടെങ്കിൽ അതിരൂപത മാതൃവേദി പ്രസിഡണ്ട് ശ്രീമതി എൽസി വിൻസെന്റ് കൈയിൽ പേര് കൊടുക്കേണ്ടതാണ് (8921638080 എൽസി വിൻസെന്റ്). മിഷ്യൻ പ്രദേശത്തേക്ക് പോകുമ്പോൾ അവിടെയുള്ളവർക്ക് നൽകാനായി ഉപയോഗിച്ച് അധികം പഴക്കമില്ലാത്ത വസ്ത്രങ്ങൾ നിങ്ങൾ നിങ്ങളുടെ യൂണിറ്റിൽ ശേഖരിച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കൊണ്ടുവരേണ്ടതാണ്. അതുപോലെ തന്നെ മിഷ്യൻ സെന്ററിലേക്ക് സാമ്പത്തിക സഹായം ചെയ്യാൻ സാധിക്കുന്നവർ ചെയ്യുന്നതും വളരെ നല്ലതാണ്. മിഷ്യൻ സന്ദർശനവുമായി കൂടുതൽ വിവരങ്ങൾ അറിയുവാൻ അതിരൂപത പ്രസിഡണ്ട് ശ്രീമതി എൽസി വിൻസെന്റിനെ ബന്ധപ്പെടേണ്ടതാണ്.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ജൂലൈ 3 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏകദിന ഉപവാസ ആരാധന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഏകദിന ഉപവാസ ആരാധന ജൂലൈ 29-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 3.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നതാണ്. ഈ ഏകദിന ഉപവാസ ആരാധനയിലേക്ക് എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് സമിതിയുടെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ഗർഭിണികൾക്കുവേണ്ടിയുള്ള ഏലീശ്വാ സഹഗമന ശുശ്രൂഷ ജൂലൈ 30 ഞായർ 10 മണി മുതൽ 1 മണി വരെ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നു. എല്ലാ ഗർഭിണികളേയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ഇ.ഡബ്ല്യു.എസ്. സെമിനാറുകൾ**

അധ്യയന വർഷത്തിലേക്ക് പ്ലസ് വൺ മുതലുള്ള ക്ലാസ്സുകളിലേക്കു അഡ്മിഷൻ ലഭിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുള്ള സംവരണ സർട്ടിഫിക്കറ്റായ ഇ.ഡബ്ല്യു.എസ്. റിസേർവഷനെ (ഇ.ഡബ്ല്യു.എസ്. സർട്ടിഫിക്കറ്റിന്റെ കാലാവധി ഓരോ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ) കുറിച്ചുള്ള സെമിനാറുകൾ തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകളുടെ ആവശ്യാനുസരണം സംഘടിപ്പിക്കുന്നു. ഇടവകയിൽ പ്രതിനിധിയോഗം / കുടുംബ കൂട്ടായ്മ കേന്ദ്രസമിതി ജനറൽ ബോഡി / ഭക്ത സംഘടന ഏകോപന സമിതി / വിശ്വാസ പരിശീലന പി റ്റി എ ജനറൽ ബോഡി / കൂടുന്ന അവസരത്തിൽ ഇത് കൃത്യമായി പറഞ്ഞ് നൽകാവുന്നതാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തു മല്ലോ. കൂടുതൽ വിവരങ്ങൾക്ക്: 9605043327

**ഇഡബ്ല്യുഎസ് സാമ്പത്തിക സംവരണം:**

ഇതുവരെ സാമുദായിക സംവരണം ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ ജോലികളിലും ഭരണഘടനാപരമായി അനുവദിച്ചിരിക്കുന്ന 10% സംവരണമാണ് സാമ്പത്തിക സംവരണം. ഇത് ഇ.ഡബ്ലിയു.എസ്. റിസർവഷൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇ ഡബ്ലിയു എസ് സർട്ടിഫിക്കറ്റ് ഓരോ വർഷവും പുതുക്കണം. (കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ).

**പ്രയോജനങ്ങൾ**

കേരള സംസ്ഥാന മാനദണ്ഡപ്രകാരമുള്ള ഇ ഡബ്ലിയു എസ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്ലസ് വൺ – ഡിഗ്രി ഏകജാലക പ്രവേശനം, കേരള മെഡിക്കൽ– എൻജിനീയറിംഗ് പ്രവേശനം, SET, K-TET പോലെയുള്ള യോഗ്യതാ പരീക്ഷകൾ, ഗവണ്മെന്റ് നേഴ്സിംഗ്–പാരാ മെഡിക്കൽ, പോളിടെക്നിക് ഹയർസെക്കൻഡറി, UG, PG അഡ്മിഷൻ തുടങ്ങി ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലും PSC മുഖേനയുള്ള സർക്കാർ നിയമനങ്ങളിലും 10% സംവരണം നേടുന്നതിന്

ഉപകരിക്കും. ഓരോ വിജ്ഞാപനവും ഇറങ്ങുന്നതോടൊപ്പം ഇ ഡബ്ലിയു എസിനുള്ള ക്രമീകരണവും ഉണ്ടായിരിക്കും. വില്ലേജ് ഓഫീസറുടെ പക്കൽ നിന്നാണ് സംസ്ഥാന മാനദണ്ഡപ്രകാരം ഉള്ള സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടത്.

കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും NEET, NET, C TET തുടങ്ങിയ യോഗ്യതാ പരീക്ഷകൾക്കും UPSC, SSC, RRB, ബാങ്കിംഗ് –പൊതുമേഖല തുടങ്ങിയ കേന്ദ്രസർക്കാരിന്റെ അനേകം തൊഴിലവസരങ്ങളിലേക്കുള്ള സെലക്ഷനും ഉപകരിക്കുന്നത് കേന്ദ്ര മാനദണ്ഡപ്രകാരമുള്ള ഈ ഡബ്ലിയു എസ് സർട്ടിഫിക്കറ്റിലൂടെയാണ്. ഇതു ലഭിക്കുന്നതിന് വില്ലേജ് ഓഫീസറുടെ ശുപാർശയോടെ കൂടി തഹസിൽദാർക്കാണ് അപേക്ഷ കൊടുക്കേണ്ടത്.

**സാങ്കേതിക സഹായം**

കൂടുതൽ വിവരങ്ങളും പുതിയ അപേക്ഷ ഫോം, സർട്ടിഫിക്കറ്റിനുള്ള ഫോർമാറ്റ്, ഇതുസംബന്ധിച്ച ഗവൺമെൻറ് ഓർഡറുകൾ, തുടങ്ങിയവ ആവശ്യമുള്ളവർക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. സംശയദുരീകരണത്തിനു (+91) 7902713325, 7909293325 എന്ന നമ്പറുകളിൽ വിളിക്കുക.

കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com

വെബ്സൈറ്റ് : www.afctcr.com

ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

**LOAF CORE TEAM**

LOAF Core Team 10–ാം തിയ്യതി നെടുപുഴ ജോർദ്ദാനിയ ധ്യാന കേന്ദ്രത്തിൽ വച്ച് ലോഫ് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലിന്റെ സാന്നിധ്യത്തിൽ വച്ച് നടന്നു. LOAF Couples Retreat, LOAF Publication, Spiritual Gathering, LOAF Charity എന്നിവയെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നു.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'സ്പിരിചൽ ഡേ' ജൂൺ മാസം 10–ാം തിയ്യതി വൈകീട്ട് 6 മണി മുതൽ 9 മണി വരെ കാച്ചേരി മൈനർ സെമിനാരിയിൽ വെച്ച് നടന്നു.

**LOAF COUPLES RETREAT**

ജൂൺ മാസത്തെ ധ്യാനം 9, 10, 11 തിയ്യതികളിലായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് നടന്നു. വളരെ മനോഹരമായ ദമ്പതി ധ്യാനമായിരുന്നു. സഹകരിച്ച എല്ലാവർക്കും നന്ദി.

2023 ജൂലൈ 7,8,9 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് 'ദമ്പതി ധ്യാനം' സംഘടിപ്പിക്കുന്നു. 7–ാം തിയ്യതി വെള്ളിയാഴ്ച വൈകീട്ട് 6 മണിക്ക് ആരംഭിച്ച് 9 ന് ഞായറാഴ്ച വൈകീട്ട് 5 മണിക്ക് തീരുന്ന രീതിയിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8590670491, 9446996285, 9895924182.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# ബൈബിൾ പ്രേഷിതത്വം

**ലോഗോസ് ക്വിസ് പഠനസഹായി വിതരണവും ഫൊറോന ആനിമേറ്റേഴ്സ് മീറ്റിംഗും**

ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഒരുങ്ങുന്നതിനായുള്ള പഠന സഹായി ലൂർദ് കത്തീഡ്രൽ ഇടവക വികാരി വെരി. റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ ലൂർദ് ഫൊറോന ആനിമേറ്റേഴ്സ് മീറ്റിങ്ങിൽവച്ച് പ്രകാശനം ചെയ്തു. പറപ്പൂർ-കൊട്ടേക്കാട് സംയുക്ത ഫൊറോന മീറ്റിങ്ങിൽവച്ച് പറപ്പൂർ വിശ്വാസ പരിശീലന പ്രിൻസിപ്പൽ ശ്രീമാൻ പി. ഡി. വിൻസെന്റും; പുതുക്കാട്-പുത്തൂർ സംയുക്ത ഫൊറോന മീറ്റിങ്ങിൽ പുതുക്കാട് ഇടവക സഹവികാരി ബഹു. ഫാ. സ്റ്റീഫൻ അറക്കലും; പാലയൂർ-മറ്റം-കണ്ടശാംകടവ് സംയുക്ത ഫൊറോന മീറ്റിങ്ങിൽ പാലയൂർ തീർത്ഥാടന കേന്ദ്രം ആർച്ച് പ്രീസ്റ്റ് വെരി. റവ. ഫാ. ഡേവിസ് കണ്ണമ്പുഴയും; ബസിലിക്ക-പട്ടിക്കാട്-ഒല്ലൂർ-പഴുവിൽ സംയുക്ത ഫൊറോന മീറ്റിങ്ങിൽ ഡോളേഴ്സ് ബസിലിക്ക റെക്ടർ വെരി. റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തും; വടക്കാഞ്ചേരി-ചേലക്കര സംയുക്ത ഫൊറോന മീറ്റിങ്ങിൽ വെരി. റവ. ഫാ. ആൻറണി ചെമ്പകശ്ശേരിയും; എരുമപ്പെട്ടി-വേലൂർ സംയുക്ത ഫൊറോന മീറ്റിങ്ങിൽ എരുമപ്പെട്ടി ഫൊറോന വികാരി വെരി. റവ. ഫാ. ജോഷി ആളൂരും ലോഗോസ് ക്വിസ് പഠന സഹായി വിതരണം നടത്തി.

**ലോഗോസ് ക്വിസ് 2023**

*തീയതി :* 2023 സെപ്തംബർ 24 ഉച്ചകഴിഞ്ഞ് 2 മുതൽ 3:30 വരെ.

*പഠനഭാഗങ്ങൾ :* ജോഷ്വാ 13-24; പ്രഭാഷകൻ 27-33; ലൂക്കാ 1-8; 2 കൊറീന്തോസ് 1-6

*പ്രായവിഭാഗം:*

എ വിഭാഗം – 01.01.2012 നും അതിനുശേഷവും ജനിച്ചവർ

ബി വിഭാഗം – 01.01.2007 നും 31.12.2011 നും ഇടയ്ക്ക് ജനിച്ചവർ

സി വിഭാഗം – 01.01.1992 നും 31.12.2006 നും ഇടയ്ക്ക് ജനിച്ചവർ

ഡി വിഭാഗം – 01.01.1972 നും 31.12.1991 നും ഇടയ്ക്ക് ജനിച്ചവർ

ഇ വിഭാഗം – 01.01.1959 നും 31.12.1971 നും ഇടയ്ക്ക് ജനിച്ചവർ

എഫ് വിഭാഗം – 31.12.1958 നും അതിനു മുമ്പും ജനിച്ചവർ

**ലോഗോസ് ക്വിസ് 2023 രജിസ്ട്രേഷൻ**

ലോഗോസ് ക്വിസ് 2023 രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ചിട്ടുണ്ട്. ജൂലൈ

31 നു മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് ഓർമിപ്പിക്കുന്നു.

**ലോഗോസ് ക്വിസ് പഠന സഹായി**

ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഒരുങ്ങുന്നതിന് സഹായകമായ പഠന സഹായി അതിരൂപത ബൈബിൾ പ്രേഷിതത്വത്തിൽ നിന്നും ഇറക്കിയിട്ടുണ്ട്. ബൈബിൾ പ്രേഷിതത്വം ഓഫീസിലും, ഡി.ബി.സി.എൽ.സി., ബസിലിക്ക ബുക്ക് സ്റ്റോളുകളിലും, കത്തോലിക്കസഭ ബുക്ക് സെന്ററിലും കോപ്പികൾ ലഭ്യമാണ്.

**വെരിത്താസ് ക്വിസ് മത്സരങ്ങൾ**

മുൻവർഷങ്ങളിലേതുപോലെ ഈ വർഷം ലോഗോസ് ക്വിസിനു ഒരുക്കമായുള്ള വെരിത്താസ് ക്വിസ് നമ്മുടെ അതിരൂപതയിൽ നടത്തുന്നു. വെരിത്താസ് ക്വിസിൽ പങ്കെടുക്കുന്നവർ ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തവരായിരിക്കണം. വെരിത്താസ് ക്വിസ്സിന് ബൈബിൾ പ്രേഷിതത്വം ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്തിരിക്കണം. അതത് വെരിത്താസ് ക്വിസ്സ് മത്സരങ്ങൾ തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർസെക്കന്ററി ഹാളിൽ വച്ച് അതതു ദിവസം ഉച്ചക്ക് 2 മുതൽ 4 വരെ നടത്തപ്പെടും. ഓരോ മത്സരത്തിലെയും ആദ്യത്തെ 3 റാങ്കുകാർക്ക് സർട്ടിഫിക്കറ്റുകളും മറ്റ് സമ്മാനങ്ങളും നൽകുന്നതാണ്. 70% മാർക്കിന് മുകളിൽ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതാണ്.

സമർപ്പിത വെരിത്താസ് ക്വിസ്സ് – 2023 ആഗസ്റ്റ് 6
യൂത്ത് വെരിത്താസ് ക്വിസ്സ് – 2023 ആഗസ്റ്റ് 13
ടീച്ചേഴ്സ് വെരിത്താസ് ക്വിസ്സ് – 2023 ആഗസ്റ്റ് 20
കാറ്റിക്കിസം വെരിത്താസ് ക്വിസ്സ് – 2023 ആഗസ്റ്റ് 27
ഫാമിലി വെരിത്താസ് ക്വിസ്സ് – 2023 സെപ്തെബർ 3
വെരിത്താസ് വചനമെഴുത്ത് മത്സരം – 2023 സെപ്തംബർ 10

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

Santhwanam
ARCHDIOCESE OF TRICHUR

**വായ്പകൾ അനുവദിച്ചു.**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അതിരൂപത സാന്ത്വനം വഴിയായി 14 ഇടവകയിലെ 18 സ്വയം സഹായ സംഘ

ത്തിലെ 216 അംഗങ്ങൾക്കായി 6670000 രൂപ വായ്പ അനുവദിച്ചു.കുറു ന്തോട്ടി, കച്ചോലം തുടങ്ങിയ ഔഷധസസ്യ കൃഷികൾക്കാണ് ഇത്തവണ വായ്പകൾ നൽകുന്നത്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പ്രോജക്ടിന്റെ ഭാഗമായി 63 പേരുടെ റിപ്പോർട്ടു കൾ പൂർത്തീകരിച്ചു നൽകുന്നതിനായി ഗുണഭോക്താക്കളിൽ നിന്നും ഫോട്ടോയും ബില്ലും ശേഖരിച്ചു. ഉപകാരികൾക്ക് അയക്കുന്നതിനുള്ള കത്തുകൾ തയ്യാറാക്കി.

**മുല്ലകൃഷി**

ചുവന്നമണ്ണ് സ്വയം സഹായസംഘങ്ങൾ തുടങ്ങിയ കുറ്റിമുല്ലകൃഷിയിൽ നിന്ന് ദിവസംതോറും 250 രൂപ ലഭിച്ചു തുടങ്ങി. പാണഞ്ചേരി പഞ്ചായ ത്തിൽ കുറ്റിമുല്ലകൃഷി ചെയ്യുന്നതിന് പുതിയ കർഷകർക്ക് ഗവൺമെന്റ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. താത്പര്യമുള്ളവർ സാന്ത്വനവുമായി ബന്ധപ്പെടേണ്ടതാണ്.

**അതിഥി തൊഴിലാളികൾക്ക് സഹായം നൽകി.**

കാരിത്താസ് ബെൽജിയത്തിന്റെ സഹായത്തോടെ കാരിത്താസ് ഇന്ത്യ സാന്ത്വനം മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സേഫ് മൈഗ്രേ ഷൻ. പദ്ധതിയുടെ ഭാഗമായി 11 മൈഗ്രന്റ് സ്ത്രീകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തു. 9 മൈഗ്രന്റ് സ്ത്രീകൾക്ക് ഉപജീവന സംരംഭങ്ങൾ തുടങ്ങാനായി 10000 രൂപ വീതം നൽകി. പദ്ധതിയുടെ ഭാഗമായി 50 അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷു റൻസ് പരിരക്ഷ ലഭ്യമാക്കി. ഹെൽത്ത് കാർഡിന്റെ വിതരണം കാരി ത്താസ് ഇന്ത്യ മൈഗ്രേഷൻ. ലീഡ് ശ്രീമതി. പാറുൽ നിർവഹി ച്ചു.സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, ചിയ്യാരം വിജയമാത ഇടവക വികാരി ഫാ.ജെയ്സൺ പുലിക്കോട്ടിൽ, കാരിത്താസ് ഇന്ത്യ പ്രോഗ്രാം അസോ സിയേറ്റ് ശ്രീ.അബീഷ് ആന്റണി എന്നിവർ പങ്കെടുത്തു.

**എഡ്യുക്കേഷൻ കിറ്റുകൾ വിതരണം ചെയ്തു.**

സേഫ് മൈഗ്രേഷൻ പദ്ധതിയുടെ ഭാഗമായി അതിഥി തൊഴിലാളി കളുടെ മക്കൾക്ക് എഡ്യുക്കേഷൻ കിറ്റുകൾ വിതരണം ചെയ്തു. ചെവ്വൂർ സെന്റ് സേവ്യേർസ് സ്കൂളിൽ വെച്ച് നടന്ന ചടങ്ങിൽ 14 കുട്ടികൾക്കാണ് 3000 രൂപ വില വരുന്ന കിറ്റുകൾ നൽകിയത്. സാന്ത്വ നം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി വിതരണോദ്ഘാ ടനം നിർവഹിച്ചു.

**സെമിനാർ സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ കീഴിൽ വനിതകൾക്കായി തുടങ്ങിയ ഷീറോ ഹോം ഫുഡ് എന്ന പുതിയ സംരംഭം ആരംഭിക്കുന്നതിന് താത്പര്യമുള്ളവർക്കായി ഒരു അർദ്ധദിന സെമിനാർ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. 30 വനിതകൾ പങ്കെടുത്തു.സ്വഗ്ഗി,സൊമാറ്റോ എന്നീ ഹോട്ടൽ ഭക്ഷണത്തിൽ നിന്ന് വ്യത്യസ്തമായി സ്വന്തം അടുക്കളയിലെ നല്ല ഭക്ഷണം ആവശ്യക്കാർക്ക് ഓൺലൈനിലൂടെ ഓർഡർ എടുത്ത് ഡെലിവറി ചെയ്ത് കൊടുക്കുന്ന ഈ സംരംഭം വൻവിജയമായി കൊണ്ടിരിക്കുകയാണ്.

**പുതിയ ഫിനാൻസ് മാനേജരെ നിയമിച്ചു.**

സാന്ത്വനത്തിന്റെ പുതിയ ഫിനാൻസ് മാനേജരായി ശ്രീ.ടോമി നെല്ലിശ്ശേരി ചാർജെടുത്തു.സാറിന് സാന്ത്വനം കുടുംബത്തിലേക്ക് ഹാർദ്ദവമായ സ്വാഗതം.തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും പ്രാർത്ഥന മംഗളങ്ങൾ നേരുന്നു.

**സജീവം ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസുകൾ**

കാരിത്താസ് ഇന്ത്യയും സോഷ്യൽ സർവീസ് ഫോറവും നേതൃത്വം നൽകുന്ന സാന്ത്വനം സജീവത്തിന്റെ ഭാഗമായി ഫുട്ബാൾ പരിശീലന ക്യാമ്പുകളിൽ ബോധവൽകരണ ക്ലാസുകൾ നടത്തി. അരിമ്പൂർ സ്പോർട്സ് ക്ലബിന്റെ കീഴിലുള്ള അക്കാദമിയിലാണ് 3 വിഭാഗത്തിലായി 150 വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകിയത്. കാരിത്താസ് ഇന്ത്യ പ്രോഗ്രാം അസോസിയേറ്റ് ശ്രീ.അബീഷ് ആന്റണി,ക്ലബ് പ്രസിഡന്റ് ശ്രീ.നെൽസൺ, മുൻ സന്തോഷ് ട്രോഫി കേരള ക്യാപ്റ്റൻ ശ്രീ.വി.വി.സുർജിത്ത്,കോച്ചിംഗ് സ്റ്റാഫ് അംഗങ്ങൾതുടങ്ങിയവർ പങ്കെടുത്തു.

**ലഹരിക്കെതിരെ ഫുട്ബാൾമേള**

സാന്ത്വനവും കാരിത്താസ് ഇന്ത്യയും എറവ് കപ്പൽപള്ളി കെസിവൈഎമ്മിന്റെ സഹകരണത്തോടെ ലഹരി വിരുദ്ധ ക്യാമ്പയിനായ സജിവത്തിന്റെ ഭാഗമായി അതിരൂപതാ തലത്തിൽ ഫുട്ബാൾ ടൂർണമെന്റ് നടത്തി.

16 ടീമുകളും യുവജനങ്ങളും ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.ആതിഥേയരായ എറവ് സെന്റ് തെരേസാസ് കപ്പൽപ്പള്ളി ഇടവക ജേതാക്കളായി.കാഞ്ഞാണി സെന്റ് തോമസ് ഇടവക റണ്ണേഴ്സപ്പായി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.ഡിക്സൻ കൊളമ്പ്രത്ത്**
അസി.ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. സന്യസ്ത സംഗമം സംഘടിപ്പിച്ചു**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത 19.05.23 ന് മുളയം നിർമ്മല ജനറലേറ്റിൽ സംഘടിപ്പിച്ച സന്യസ്ത സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബഹു. സിസ്റ്റർ. തൃശൂർ അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യപ്രഭാഷകനായത് തൃശൂർ അതിരൂപത ഡയരക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. മദർ സുപ്പീരിയർ റവ. സി. ഷീല ചക്കാലയ്ക്കൽ എസ്.എൻ.ഡി.എസ്., മദർ സുപ്പീരിയർ റവ. സി. റൊസാലിയ എസ്.എം.സി., മദർ സുപ്പീരിയർ റവ. സി. കാർമൽ സി.എസ്.എം. തുടങ്ങിയവർ പ്രസംഗിച്ചു. പട്ടിക്കാട് ഫൊറോന ആനിമേറ്റർ റവ. ഫാ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ ആണ് ക്ലാസ് നയിച്ചത്. ഹോം ഓഫ് ലവ് മദർ സുപ്പീരിയർ സി. റോസി പള്ളിക്കുന്നത്ത്, റവ. സി. സിൽവി ചക്കാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**2. ലഹരിയുടെ ആദ്യ ഉപയോഗത്തിൽ നിന്നും അകന്നുനിൽക്കുക**

31.05.2023 ന് മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടിപ്പിച്ച ആഗോള പുകയില വിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൂങ്കുന്നം സെന്റ് ജോസഫ് ദൈവാലയത്തിൽ അരങ്ങേറിയ സമ്മേളനത്തിൽ അദ്ധ്യക്ഷനായത് പ്രസിഡന്റ് വി.എം. അഗസ്റ്റിനാണ്. എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. സണ്ണി പാലയൂർ ആണ് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് നയിച്ചത്.

**3. സംസ്ഥാന തലത്തിൽ അംഗീകാരം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന തലത്തിലുള്ള അംഗീകാരത്തിന് തൃശൂർ അതിരൂപത അർഹമായി. 09.06.23 ന് പി.ഒ.സി.യിൽ നടന്ന സംസ്ഥാന വാർഷിക പൊതുയോഗത്തിൽ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ പിതാവിൽ നിന്ന് തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനും സഹപ്രവർത്തകരും ട്രോഫി ഏറ്റുവാങ്ങി. ഈ അംഗീകാരത്തിന് കളമൊരുക്കിയവരും പടപൊരുതിയവരുമായ എല്ലാ സഹപ്ര

വർത്തകർക്കും ഒത്തിരി നന്ദിയും അഭിനന്ദനങ്ങളും. നമുക്ക് ഒത്തൊരുമിച്ച് പൂർവ്വാധികം പ്രതിജ്ഞാബദ്ധതയോടെ മുന്നേറാം.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

## കത്തോലിക്ക കോൺഗ്രസ്സ്
**തൃശൂർ അതിരൂപത**

* **സ്മരണാഞ്ജലി**
  മാർ ജോസഫ് കുണ്ടികുളം പിതാവിന്റെ 25–ാം ചരമവാർഷികത്തിന്റെ ഭാഗമായി സെന്റ് തോമസ് കോളേജിൽ വെച്ച് സ്മരണാഞ്ജലി സംഘടിപ്പിച്ചു. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത അനുസ്മരണായോഗത്തിൽ ഡോ. കുര്യാസ് കുമ്പളക്കുഴി സമുദായം നേരിടുന്ന വെല്ലുവിളികളും കുണ്ടുകുളം പിതാവിന്റെ ആശയങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി വിഷയാവതരണം നടത്തി. യൂണിറ്റ്, ഫൊറോന, രൂപത പ്രതിനിധികൾ പങ്കെടുത്ത പരിപാടികൾക്ക് അതിരൂപത സമിതി നേതൃത്വം നൽകി.

* **ഫൊറോന പ്രമോട്ടേഴ്സ് മീറ്റ്**
  കത്തോലിക്ക കോൺഗ്രസ്സ്, ഫൊറോന പ്രമോട്ടേഴ്സ് മീറ്റ് DBCLC യിൽ വെച്ച് സംഘടിപ്പിച്ചു. ഈ വർഷത്തെ കർമ്മപദ്ധതി വിശകലനം ചെയ്ത് പ്രവർത്തനങ്ങൾക്ക് രൂപ രേഖ നൽകി. അതിരൂപത ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

* **അതിരൂപത വർക്കിങ്ങ് കമ്മിറ്റിയോഗം**
  ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലെ കർമ്മപദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി അതിരൂപത വർക്കിങ്ങ് കമ്മിറ്റി ഓഫീസിൽ വെച്ച് ചേർന്ന ക്രിയാത്മാക പ്രവർത്തനങ്ങൾ കർമ്മരേഖയെ അടിസ്ഥാനമാക്കി പ്ലാൻ ചെയ്യുകയുണ്ടായി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**ശ്രീ. എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

## കാത്തലിക് നേഴ്സസ് ഗിൽഡ്

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ പ്രഥമ പ്രധാനപ്പെട്ട ദിവസമായ മെയ് 12-ാം തിയ്യതി അതിരൂപതയിലെ എല്ലാ ആശുപത്രികളിലും വൈവിധ്യമാർന്ന കർമ്മപരിപാടികളിലൂടെ സമുചിതമായി ആഘോഷിച്ചു. അന്നേദിനം എല്ലാ ആശുപത്രികളിലും ഭൂമിയിലെ മാലാഖമാരായ എല്ലാ നേഴ്സുമാർക്കും ബൊക്കെ നൽകിയും മധുരപലഹാരങ്ങളും സമ്മാനങ്ങളും നൽകി ആദരിച്ചു. ചിലയിടങ്ങളിൽ ബെസ്റ് നേഴ്സിനെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി. അതുപോലെ ഇരുപത്തിയഞ്ച് വർഷത്തിനുമേൽ നിസ്തുല സേവനം കാഴ്ച്ച വെച്ച നേഴ്സുമാരെയും ആദരിച്ചിരുന്നു. അതിരൂപതയിലെ വിവിധ ആശുപത്രികളിൽ അന്നേ ദിവസം ഫ്ളാഷ് മോബ് നേഴ്സസ് ലോഗോ പ്രകാശനം വിനോദയാത്ര, പ്രാർത്ഥനാശുശ്രൂഷ എന്നിവയും നടത്തിയിരുന്നു. നേഴ്സസ് ഡെ പ്രമാണിച്ച് വൈവിധ്യമാർന്ന പരിപാടികൾ ഒരുക്കിയ എല്ലാ നല്ല ആശുപത്രി അധികൃതർക്കും പ്രത്യേകം നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ

**സി. ജനറ്റ് FCC**
സെക്രട്ടറി

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സൊസൈററി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, തൃശ്ശൂർ അതിരൂപത കേന്ദ്ര കൗൺസിലിന്റെ പ്ലാററിനം ജൂബിലി സമാപന സമ്മേളനം കുരിയച്ചിറ സെന്റ് ജോസഫസ് സ്കൂളിൽ വെച്ച് വിൻസെൻഷ്യൻ മഹാസംഗമമായി നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ കാർമികത്വം വഹിച്ച ദിവ്യബലിക്കു ശേഷം, നാഷണൽ പ്രസിഡണ്ട് ബ്രദർ ജൂഡ് മംഗൾ രാജിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗം തൃശ്ശൂർ അതിരൂപത

മെത്രാപ്പോലീത്ത മാർ ആഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. മുൻ ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശേരി, മുൻ പ്രസിഡണ്ടുമാരായിരുന്ന ബ്രദർ പി.ജെ. ഫ്രാൻസിസ് , ബ്രദർ കെ.എ. ഷിബു എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. പ്ലാററിനം ജൂബിലിയുടെ ഭാഗമായി സംഘടന പണിതീർത്ത ഭവനങ്ങളുടെ താക്കോൽ ദാനം ബഹു. കേരള റവന്യു മന്ത്രി ശ്രീ. കെ. രാജൻ നിർവഹിച്ചു. ഇന്റർനാഷണൽ സീനിയർ വൈസ് പ്രസിഡണ്ട് ബ്രദർ ജോസഫ് പാണ്ഡ്യൻ സോവനീർ പ്രകാശനം നിർവ്വഹിച്ചു. സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. വനിത അംഗങ്ങളുടെ നേതൃത്വത്തിൽ മെഗാ മാർഗ്ഗംകളി അവതരിപ്പിച്ചു. സെക്രട്ടറി ബ്രദർ പ്രശാന്ത് ചിററിലപ്പിളി 75 വർഷത്തെ സമഗ്ര റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡണ്ട് ബ്രദർ ജോസ് ജെ. മഞ്ഞളി സ്വാഗതവും, വൈസ് പ്രസിഡണ്ട് ബ്രദർ കെ.എ. ഷിബു നന്ദിയും അർപ്പിച്ചു. 2000 ത്തോളം പേർ മഹാസം ഗമത്തിൽ പങ്കെടുത്തു. തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയിൽ നിന്ന് 250 ഓളം ബൈക്കുകളിലായി വിളംബര റാലി തലേ ദിവസം സമ്മേളന നഗരിയിലേക്ക് എത്തിച്ചേർന്നു. നാനാജാതി മതസ്തരായ കിഡ്നി, കാൻസർ, ഹൃദയ രോഗികൾക്കായി നൽകുവാൻ അംഗങ്ങളുടെ ഒരു ദിവസത്തെ വേതനം പ്ലാററിനം ജൂബിലി മെഡിക്കൽ ഫണ്ടിലേക്ക് സമർപ്പിച്ചു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ജീസസ് യൂത്ത്

**യുവജന ധ്യാനം നടത്തി**

ബസിലിക്ക ഫൊറോനയിലെ ഒളരി ഇടവകയിൽ യുവജനങ്ങൾക്കായി ജീസസ് യൂത്ത് ഒളരി ഇടവകയുടെ നേതൃത്വത്തിൽ മെയ് 18,19,20 തിയതികളിൽ യുവജന ധ്യാനം നടന്നു. എൺപതോളം യുവജനങ്ങളാണ് ധ്യാനത്തിൽ പങ്കെടുത്തത്.

ഫാ.രഞ്ജിത്ത് അത്താണിക്കൽ CMI ധ്യാനത്തിന് നേതൃത്വം നൽകി. ഒളരി ഇടവക വികാരി ഫാ.ജോയ് ചിറ്റിലപ്പിള്ളി പ്രോത്സാഹനവും മാർഗനിർദേശവും നൽകികൊണ്ട് ധ്യാന ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

**ഫാമിലികൾക്കും ഹൗസ് ഹോൾഡുകൾക്കും പുതിയ നേതൃത്വങ്ങൾ**

തൃശൂർ അതിരൂപതയിലെ എട്ടു സബ്സോണുകളിൽ ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന്റെ പുതിയ നേതൃത്വങ്ങൾ നിലവിൽ വന്നു. ലൂർദ്, ബസിലിക്ക, പട്ടിക്കാട്, പുതുക്കാട്, മറ്റം, വേലൂർ, വടക്കാഞ്ചേരി, എരുമപ്പെട്ടി എന്നീ ഫൊറോനകളിലാണ് പുതിയ സർവീസ് ടീം നിലവിൽ വന്നത്.

കമ്മിറ്റഡ് (Committed), കൺഫേമ്ഡ് (confirmed) ആയിട്ടുള്ളവരുടെ പ്രതിമാസ കൂട്ടായ്മയാണ് ജീസസ് യൂത്ത് ഹൗസ് ഹോൾഡ് കൂട്ടായ്മകൾ. തൃശൂർ അതിരൂപതയിലെ ഏഴു ഹൗസ് ഹോൾഡ് ടീമുകളിൽ പുതിയ കോർ ടീം നിലവിൽ വന്നു.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**ഏഞ്ചലോസ് 2023**

തൃശ്ശൂർ അതിരൂപതയിൽ ഈ വർഷം ആഘോഷപൂർവ്വമായ ദിവ്യകാരുണ്യസ്വീകരണം നടത്തിയ കുട്ടികൾക്ക് തൃശ്ശൂർ ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രലിൽ വച്ച് പ്രൗഢഗംഭീരമായ സ്വീകരണം നൽകി. ചടങ്ങിൽ 16 ഫൊറോനകളിൽ നിന്നുള്ള ആയിരത്തിയഞ്ഞൂറിൽപരം കുട്ടികൾ പങ്കെടുത്തു. അതിരൂപത ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ദീപം തെളിയിച്ച് സംഗമം ഉദ്ഘാടനം ചെയ്തു. നവവൈദികരായ ഫാ. സിനോജ് നീലങ്കാവിൽ, ഫാ. ഡെറിൻ അരിമ്പൂർ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. ശേഷം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ കുട്ടികൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് കുട്ടികൾക്ക് മൊമെന്റോ വിതരണം ചെയ്യുകയും അഭിവന്ദ്യ പിതാക്കന്മാരോടൊത്ത് ഫോട്ടൊയെടുക്കുകയും ചെയ്തു.

**പ്രാർത്ഥനാദിനങ്ങൾ**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3–ന് തിരുബാലസഖ്യാംഗങ്ങളും, വി. അന്നയുടെയും ജൊവാക്കീമിന്റെയും തിരുനാൾ ദിനമായ ജൂലൈ 26 ന് അൾത്താരസംഘാംഗങ്ങളും, വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ ദിനമായ ജൂലൈ 31 ന് ജൂനിയർ സി.എൽ.സി അംഗങ്ങളും ഇടവകതലത്തിൽ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**സാഹിത്യമത്സരങ്ങൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തൃശ്ശൂർ സെന്റ് ക്ലയേഴ്സ് ഗേൾസ് ഹൈസ്കൂളിൽ വെച്ച് തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിലെ കുട്ടികൾക്കായി 2023 ആഗസ്റ്റ് 12–ാം തിയ്യതി ഉച്ചയ്ക്ക് 1.30 ന് സാഹിത്യമത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, ഉപന്യാസം, കവിത, പെൻസിൽ ഡ്രോയിങ് തുടങ്ങിയ ഇനങ്ങളിലാണ് മത്സരം നടത്തപ്പെടുക. മത്സര നിബന്ധനകളും രജിസ്ട്രേഷൻ ഫോമും വികാരിയച്ചന്മാർക്കും, ചിൽഡ്രൻസ് മിനിസ്ട്രി ആനിമേറ്റേഴ്സിനും, കാറ്റകിസം അദ്ധ്യാപകർക്കും പിന്നീട് അയച്ചുകൊടുക്കുന്നതാണ്.

**നേതൃത്വപരിശീലന ക്യാമ്പുകൾ**

മെയ് 8, 9 തിയതികളിലായി നടത്തപ്പെട്ട അൾത്താരസംഘം *ബർക്കുമെൻസ് ക്യാമ്പിൽ* 84 കുട്ടികളും, മെയ് 10, 11 തിയ്യതികളിലായി നടത്തപ്പെട്ട ജൂനിയർ സി.എൽ.സി. *ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പിൽ* 80 കുട്ടികളും, മെയ് 15, 16 തിയ്യതികളിൽ നടത്തപ്പെട്ട, തിരുബാലസഖ്യം *സ്പർശ് ക്യാമ്പിൽ* 80 കുട്ടികളും പങ്കെടുത്തു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും സാന്നിദ്ധ്യം ക്യാമ്പിനെ അനുഗ്രഹീതമാക്കി. ബഹുമാനപ്പെട്ട വൈദികരും വിശ്വാസ പരിശീലകരും കുട്ടികൾക്ക് ക്ലാസുകൾ എടുത്തു. മൂന്ന് ക്യാമ്പിന്റെയും ആദ്യ ദിനത്തിൽ കുട്ടികളെ അത്താണിയിലുള്ള പോപ്പ് പോൾ മേഴ്സി ഹോമിലേക്കും പീസ് ഹോമിലേക്കും കൊണ്ടുപോയത് ക്യാമ്പിലെ വ്യത്യസ്തതയാർന്ന ഒരു അനുഭവമായിരുന്നു. കുട്ടികളെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. ഈ നേതൃത്വ പരിശീലന ക്യാമ്പിൽ വെച്ച് ആനിമേറ്റേഴ്സിന്റെയും കുട്ടികളുടേയും അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികളുടെ പേരുവിവരം താഴെ നൽകുന്നു.

**ആനിമേറ്റേഴ്സിൽ നിന്നുള്ള അതിരൂപത ഭാരവാഹികൾ**

**തിരുബാലസഖ്യം**

പ്രസിഡണ്ട് – അനുജ കെ ആന്റോ പാവറട്ടി

സെക്രട്ടറി – സി. കൊച്ചു റാണി എസ്.എസ്.പി.സി. ഒളരിക്കര

**അൾത്താരസംഘം**

പ്രസിഡണ്ട് – സി. റാണി ബാസ്റ്റ്യൻ സി.എച്ച്.എഫ്. പറവട്ടാനി

സെക്രട്ടറി – നീതു റാഫേൽ തൊറവ്

**ജൂനിയർ സി.എൽ.സി. & മിഷൻ ലീഗ്**

പ്രസിഡണ്ട് – ജോസഫ് സെബി അരണാട്ടുകര

സെക്രട്ടറി – സി. മരിയ സിജി എഫ്.എം.ഡി.എ കുണ്ടന്നൂർ

**കുട്ടികളിൽ നിന്നുള്ള അതിരൂപത ഭാരവാഹികൾ**

**തിരുബാലസഖ്യം**

പ്രസിഡണ്ട് – ഡേവിഡ് തോമസ് മറ്റം

വൈസ് പ്രസിഡണ്ട് – അന്ന റോസ് പറപ്പൂർ

സെക്രട്ടറി – അനറ്റ് റോസ് സി. ബി. എരന്നല്ലൂർ

ജോയന്റ് സെക്രട്ടറി – ഷോൺ സിജോൺ അമ്മാടം

ട്രഷറർ – ആൻഡ്രിൻ ഷാജു മഡോണ നഗർ

**അൾത്താരസംഘം**

പ്രസിഡണ്ട് – ഫ്രാങ്കോ ആന്റണി അയ്യന്തോൾ

വൈസ് പ്രസിഡണ്ട് – ഇമ്മാനുവേൽ സാം പറപ്പൂർ

സെക്രട്ടറി – അബിഗേൽ റാഫേൽ ജോയ് ചിറ്റിശ്ശേരി

ജോയന്റ് സെക്രട്ടറി – റിസ്‌വിൻ റോയ് അരിമ്പൂർ

ട്രഷറർ – അലൻ ബിജു ചേലക്കര

**ജൂനിയർ സി.എൽ.സി. & മിഷൻ ലീഗ്**

പ്രസിഡണ്ട് – സിസിലിൻ ഷോബി ഒല്ലൂക്കര

വൈസ് പ്രസിഡണ്ട് – മിജൽ സി.ബി. തോളൂർ

സെക്രട്ടറി – ആഡ്‌ലിൻ ബിജു ചിറ്റിശ്ശേരി

ജോയന്റ് സെക്രട്ടറി – ജിസ്മി ജിമ്മി വലക്കാവ്

ട്രഷറർ – ആന്ന്യ മേരി ടി. ജോൺ മറ്റം

**യൂണിറ്റ് രജിസ്ട്രേഷൻ 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2023 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**
*തിരുവചനം*: “എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവർത്തികൾ എനിക്ക് സാക്ഷ്യം നല്കുന്നു.” (യോഹന്നാൻ 10: 25)
*സുകൃതജപം*: എന്റെ ഈശോയെ നിന്നെ അധികമായി സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ !
*പ്രാർത്ഥനാ നിയോഗം*: ക്രൈസ്തവർ വി. കുർബാനയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.
*പരിചയപ്പെടുന്ന വിശുദ്ധൻ*: ദൈവശാസ്ത്ര പണ്ഡിതനായ വി. തോമസ് അക്വീനാസിന്റെ സമകലികനായ, വേദപാരംഗതൻ വി. ബൊനവെന്തൂരയാണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. നാല് വയസ് പ്രായമുള്ളപ്പോൾ വി. ഫ്രാൻസിസ് അസീസ്സിയുടെ പ്രാർത്ഥനയാൽ പൂർണ്ണസൗഖ്യം പ്രാപിച്ച ഈ വിശുദ്ധനെ ‘ബൊനവെന്തൂര’ അതായത് ‘ഉത്തമ ഭാഗ്യം’ എന്ന് വിളിച്ചത് വി. ഫ്രാൻസിസ് അസിസ്സിയാണ്. തന്റെ വിജ്ഞാനത്തിന്റെ ഉറവ ക്രൂശിതനായ യേശുക്രിസ്തുവിനെ മാത്രം പഠിക്കുന്നതിലൂടെയാണ് എന്നാണ് വിശുദ്ധൻ പറയാറുള്ളത്. വിശുദ്ധന്റെ തിരുനാൽ ജൂലൈ 15 ന് തിരുസഭയിൽ ആചരിക്കുന്നു.
*പ്രവർത്തനം*: ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന ജീവിതത്തിലൂടെ വിദ്യാലയങ്ങളിൽ മാതൃകാവിദ്യാർത്ഥികളാകാൻ പരിശ്രമിക്കാം.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

## യൂത്ത് മിനിസ്ട്രി

യുവജനവർഷത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി ഇടവകകളിൽ ഒരു കമ്മറ്റി രൂപീകരിക്കണമെന്ന് നേരത്തെ അറിയിച്ചിരുന്നല്ലോ. ആ കമ്മറ്റിയുടെ കൺവീനറിന്റെയും സെക്രട്ടറിയുടെയും പേരുകൾ ഇനിയും നൽകാത്ത ഇടവകകളിൽ നിന്ന് എത്രയും വേഗം കമ്മറ്റി രൂപീകരിച്ച് പേരുവിവരങ്ങൾ യുവജനവർഷം കൺവീനർ ബഹു. അജിത്ത് തച്ചോത്ത് അച്ചന്റെ കൈവശം (ഫോൺ 9633009921) നൽകണമെന്ന് ഓർമ്മപ്പെടുത്തുന്നു.
**യുവജന വർഷം – 2023 യുവജന വർഷത്തോടനുബന്ധിച്ച് നടത്തുന്ന കലാ –സാഹിത്യ മത്സരങ്ങളുടെ നിബന്ധനകൾ**

1. സാഹിത്യമത്സരങ്ങൾ ഫൊറോന തലത്തിൽ ഉണ്ടായിരിക്കുന്നതല്ല. അതിരൂപതാ തലത്തിലാണ് സംഘടിപ്പിക്കുന്നത്.
2. സാഹിത്യമത്സരങ്ങൾക്ക് ഓരോ ഇടവകയിൽനിന്നും അതിരൂപതാ തലത്തിൽ ഓരോ ഇനത്തിലും 2 പേർക്ക് മത്സരിക്കാവുന്നതാണ്.
3. സാഹിത്യമൽസരത്തിൽ ഒരു വ്യക്തിക്ക് 2 ഇനത്തിൽ മാത്രമേ മത്സ രിക്കാൻ സാധിക്കൂ.
4. സാഹിത്യ മൽസരങ്ങൾ ഒക്ടോബർ 7 ന് കാലത്ത് 9 ന് സെന്റ് തോമാസ് കോളേജിൽ വെച്ച് നടത്തും.
5. സാഹിത്യമൽസരത്തിൽ പങ്കെടുക്കുന്ന ഇടവകകളിലെ മൽസരാർത്ഥികളുടെ പേരുവിവരം കൺവീനർമാർ ഫോം പൂരിപ്പിച്ച് സെപ്തംബർ 7 ന് മുമ്പായി ഫെറോനയിലെ യുവജനവർഷ ഇൻചാർജുള്ള അച്ചൻമാരെയോ/ കൺവീനർമാരെയോ ഏൽപ്പിക്കുക.
6. 15–നും 35 വയസ്സിനും ഇടയിലുള്ളവർക്കാണ് മൽസരിക്കാൻ സാധിക്കുക. (1988 ജനുവരി – 2008 ഡിസംബർ)
7. ഫെറോനതലത്തിലുള്ള കലാമൽസരങ്ങൾ സെപ്തംബർ 15 നു മുമ്പ് സംഘടിപ്പിക്കേണ്ടതാണ്.
8. മൽസരം നടത്തപ്പെടുന്ന വേദി, മൽസരസമയം എന്നിവ മുൻകൂട്ടി ഫെറോനയിലെ പങ്കെടുക്കുന്ന ഇടവകകളെ അറിയിക്കേണ്ടതാണ്.
9. ഫെറോനകളിൽ നിന്നും പങ്കെടുക്കുന്ന മൽസരാർത്ഥികളുടെ പേരുവിവരം ഒക്ടോബർ 1 നു മുമ്പ് യുവജനവർഷ ഇൻചാർജുള്ള വ്യക്തി ഫോം പൂരിപ്പിച്ച് അതിരൂപത കൺവീനറെ ഏൽപ്പിക്കേണ്ടതാണ്.
10. അതിരൂപതതല കലാമൽസരങ്ങൾ ഒക്ടോബർ 23, 24 തിയ്യതികളിൽ നടത്തുന്നതായിരിക്കും
11. ഫെറോന മൽസരത്തിൽ ഒന്നാംസ്ഥാനം നേടിയവർക്കുമാത്രമേ അതിരൂപത മൽസരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.
12. ആൺ–പെൺ വ്യത്യസ്ഥ കാറ്റഗറി മൽസരം ഉണ്ടായിരിക്കുന്നതല്ല.
13. ഒരു വ്യക്തിക്ക് 2 സിംഗിൾ ഇനത്തിലും 2 ഗ്രൂപ്പ് ഇനത്തിലുമാണ് ഫെറോനതലത്തിൽ മൽസരിക്കാൻ സാധിക്കൂ.
14. ഒരു ഇനത്തിൽ 3 മൽസരാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമെ മൽസരം നടത്തുകയുള്ളു.
15. ഒരു ഇനത്തിൽകൂടുതൽ മൽസരങ്ങളിൽ പങ്കെടുക്കുന്ന മൽസരാർത്ഥികൾ രജിസ്ട്രേഷൻ സമയത്ത് അവ രേഖപ്പെടുത്തി നൽകേണ്ടതാണ്.
16. ഓരോ ഫെറോനയ്ക്കും ടീം മാനേജർ ഉണ്ടായിരിക്കണം.
17. മൽരങ്ങൾ ക്രൈസ്തവമൂല്യം ഉൾകൊള്ളുന്നവയായിരിക്കണം.
18. സ്റ്റേജ് തയ്യാറാക്കുന്നതിന് ഗ്രൂപ്പ് ഇനത്തിന് 3 മിനിറ്റ് നൽകുന്നതാണ്.
19. ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

**സാഹിത്യ മത്സരങ്ങൾ**

**പെൻസിൽ ഡ്രോയിംഗ്**

1. സമയം 1 മണിക്കൂർ
2. മത്സരത്തിന് തൊട്ടുമുമ്പ് മാത്രമേ തീം നൽകുകയുള്ളൂ.
3. ഭാവനയ്ക്കും വരയ്ക്കും പ്രാധാന്യം.
4. വരയ്ക്കുന്നതിനുള്ള പേപ്പർ നൽകുന്നതാണ്.

**കഥാരചന**

1. സമയം 1 മണിക്കൂർ
2. മത്സരത്തിന് തൊട്ടുമുമ്പ് മാത്രമേ തീം നൽകുകയുള്ളൂ.
3. മലയാളത്തിൽ മാത്രം.
4. 2 പുറത്തിൽ കൂടരുത്.

**കവിതാരചന**

1. സമയം 1 മണിക്കൂർ
2. മത്സരത്തിന് തൊട്ടുമുമ്പ് മാത്രമേ തീം നൽകുകയുള്ളൂ.
3. മലയാളത്തിൽ മാത്രം.
4. 2 പുറത്തിൽ കൂടരുത്.

**ഉപന്യാസം**

1. സമയം 1 മണിക്കൂർ
2. മത്സരത്തിന് തൊട്ടുമുമ്പ് മാത്രമേ തീം നൽകുകയുള്ളൂ.
3. മലയാളത്തിൽ മാത്രം.
4. 3 പേജിൽ കവിയരുത്.

**പെയിന്റിംഗ്**

1. സമയം 1 മണിക്കൂർ
2. മത്സരത്തിന് തൊട്ടുമുമ്പ് മാത്രമേ തീം നൽകുകയുള്ളൂ.
3. ജലച്ഛായം മാത്രം
4. പെയിന്റിംഗ് പേപ്പർ മാത്രം നൽകുന്നതാണ്.

**കലാ മത്സരങ്ങൾ**

**ലളിതഗാനം**

1. ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം.
2. 5 മിനിറ്റായിരിക്കും സമയദൈർഘ്യം
3. ശാരീരം, ശ്രുതിലയം, ജ്ഞാനഭാവം, താളം എന്നിവ മൂല്യനിർണ്ണയത്തിലുണ്ടാകുന്നതാണ്.

**മോണോ ആക്ട്**

1. ക്രിസ്തീയമൂല്യങ്ങൾ ഉൾക്കൊള്ളുന്നവ ആയിരിക്കണം.
2. 5 മിനിറ്റായിരിക്കും സമയദൈർഘ്യം.
3. അക്ഷരസ്ഫുടത, ആശയസ്ഫുടത, ഭാവാഭിനയം, സംഭാഷണം, പ്രമേയവും പാത്രവൽക്കരണവും എന്നിവ മൂല്യനിർണ്ണയത്തിലുണ്ടാകു

ന്നതാണ്.

4. 4 മിനിറ്റിൽ വാർണിങ്ങ് ബെൽ നൽകുന്നതാണ്.
5. ആക്ഷേപകരമായ പരാമർശം ഒഴിവാക്കണം.

**നാടോടിനൃത്തം**

1. ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം.
2. 6 മിനിറ്റായിരിക്കും സമയദൈർഘ്യം.
3. രംഗസജ്ജീകരണം ആവശ്യമില്ല.
4. ആകാരസൂക്ഷ്മം, വേഷം, ഭാവപ്രകടനം, താളം, ചലനഭംഗി, തീം, മൂല്യനിർണ്ണയത്തിലുണ്ടാകുന്നതാണ്.

**നിമിഷപ്രസംഗം**

1. 5 മിനിറ്റായിരിക്കും സമയദൈർഘ്യം.
2. അക്ഷരസ്ഫുടത, ആശയസംപുഷ്ടത, സംഭാഷണത്തിലെ ഒഴുക്ക് എന്നിവ മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുന്നതാണ്.
3. 4 മിനിറ്റിൽ വാർണിങ്ങ് ബെൽ നൽകുന്നതാണ്.
4. മത്സരത്തിന് തൊട്ടുമുമ്പ് മാത്രമേ വിഷയം നൽകുകയുള്ളൂ.
5. ആക്ഷേപകരമായ പരാമർശം ഒഴിവാക്കണം.

**മാർഗ്ഗംകളി**

1. സമയം 10 മിനിറ്റ്
2. 6 + 1 അംഗങ്ങൾ.
3. അംഗീകൃത വേഷവിധാനം.
4. പെൺകുട്ടികൾക്ക് മാത്രം.
5. വേദിയിൽ തയ്യാറാവാൻ 3 മിനിറ്റ്  നൽകുന്നതാണ്.

**മൈം**

1. ക്രിസ്തീയമൂല്യങ്ങൾ ഉൾക്കൊള്ളുന്നവ ആയിരിക്കണം.
2. 6 മിനിറ്റായിരിക്കും സമയദൈർഘ്യം.
3. 5 – 7 പരമാവധി അംഗങ്ങൾ
4. രംഗസജ്ജീകരണം ആവശ്യമില്ല.
5. വേഷം, ചലനഭംഗി, ഭാവപ്രകടനം, ആശയം എന്നിവ മൂല്യനിർണ്ണയത്തിലുണ്ടാകുന്നതാണ്.
6. വേദിയിൽ തയ്യാറാവാൻ 3 മിനിറ്റ് നൽകുന്നതാണ്.

**ഗ്രൂപ്പ് ഡാൻസ്**

1. ക്രിസ്തീയ  ഭക്തിഗാനം ആയിരിക്കണം.
2. 5 മിനിറ്റായിരിക്കും സമയദൈർഘ്യം.
3. 5 – 7 പരമാവധി അംഗങ്ങൾ.
4. നർത്തകർ തമ്മിലുള്ള യോജിപ്പ്, ആകാരസൂക്ഷ്മ, ഭാവപ്രകടനം, താളം, ചലനഭംഗി എന്നിവ മൂല്യനിർണ്ണയത്തിലുണ്ടാകുന്നതാണ്.
5. വേദിയിൽ തയ്യാറാവാൻ 3 മിനിറ്റ് നൽകുന്നതാണ്.

**ഗ്രൂപ്പ് സോംഗ്**

1. ക്രിസ്തീയഭക്തിഗാനം ആയിരിക്കണം.
2. 5 മിനിറ്റായിരിക്കും സമയദൈർഘ്യം.
3. ഗായകർ തമ്മിലുള്ള യോജിപ്പ്, ശാരീരം, ശ്രുതിലയം, ജ്ഞാനഭാവം, താളം എന്നിവ മൂല്യനിർണ്ണയത്തിലുണ്ടാകുന്നതാണ്.
4. 5 – 7 പരമാവധി അംഗങ്ങൾ.
5. മ്യൂസിക്കൽ ഇൻസ്ട്രുമെന്റ്സ് ഉപയോഗിക്കാൻ പാടില്ല.
6. വേദിയിൽ തയ്യാറാവാൻ 3 മിനിറ്റ് ൽകുന്നതാണ്.

**കലാ–കായിക– സാഹിത്യ മൽസരങ്ങളുടെ ഇൻചാർജുള്ള അച്ചൻമാർ**

1. കായികം – ഫാ. ജിയോ ചെരടായി (744534890)
2. കല – ഫാ. ലിവിൻ ചൂണ്ടൽ (8943174726)
3. സാഹിത്യം – ഫാ. ഫ്രെജൊ വാഴപ്പിള്ളി (9562224490)

**ഓരോ ഫൊറോനയിലെയും യുവജനവർഷത്തിന് ചാർജ്ജുള്ള അച്ചൻമാരുടെ പേരുകൾ**

| | | |
|---|---|---|
| 1. ലൂർദ്ദ് | – ഫാ. ജിയോ വേലൂക്കാരൻ | 7994816142 |
| 2.ബസിലിക്ക | – ഫാ. ജോമോൻ താണിക്കൽ | 9961599555 |
| 3.മറ്റം | – ഫാ. ടോണി അരിമ്പൂർ | 9447643185 |
| 4.പറപ്പൂർ | – ഫാ. സിജോ അരിക്കാട്ട് | 9895226517 |
| 5.വേലൂർ | – ഫാ. സോബിൻ പായക്കാട്ട് | 9605635548 |
| 6.കൊട്ടേക്കാട് | – ഫാ. ഡെറിൻ അരിമ്പൂർ | 8547537422 |
| 7.പുത്തൂർ | – ഫാ. ജോൺ പാവർട്ടിക്കാരൻ | 8891091044 |
| 8.പാലയൂർ | – ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 8111901620 |
| 9.ചേലക്കര | – ഫാ. സിജോ ചെറുവത്തൂർ | 9747191199 |
| 10. പുതുക്കാട് | – ഫാ. സജിൽ കണ്ണനായ്ക്കൽ | 9539560207 |
| 11. ഒല്ലൂർ | – ഫാ. ഷിജോ പള്ളിക്കുന്നത്ത് | 9526163000 |
| 12. വടക്കാഞ്ചേരി | – ഫാ. ജോയ്സൻ കോരേത്ത് | 9995667022 |
| 13. പട്ടിക്കാട് | – ഫാ. റിൻജോ ഓലപ്പുരക്കൽ | 9497314547 |
| 14. കണ്ടശ്ശാംകടവ് | – ഫാ. പ്രതീഷ് കല്ലറയ്ക്കൽ | 9495166934 |
| 15. പഴുവിൽ | – ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 9497313132 |
| 16 എരുമപ്പെട്ടി | – ഫാ. നവീൻ മുരിങ്ങാത്തേരി | 8592955124 |

**തിരുത്ത്**

ജൂൺ മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ കൊടുത്ത പ്രായപരിധി യിലെ വർഷത്തിലുള്ള തിരുത്ത്

യുവജനവർഷത്തിലെ മൽസരങ്ങളുടെ പ്രായപരിധി – 15 വയസ്സ് മുതൽ 35 വരെ (1988 ജനുവരി – 2008 ഡിസംബർ)

അത്‌ലിറ്റിക് മത്സരങ്ങളിലെ 2 കാറ്റഗറിയിലെ പ്രായപരിധി.

1. 15 – 25 വയസ്സ് (1998 ജനുവരി 2008 ഡിസംബർ)
2. 26 – 35 വയസ്സ് (1988 ജനുവരി 1997 ഡിസംബർ)

**ഫാ. അജിത് തച്ചോത്ത്**
യുവജനവർഷ കോർഡിനേറ്റർ
**9633009921**

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ, യൂത്ത് മിനിസ്ട്രി

# എവുപ്രാസ്യാ മിഷൻ

മിഷൻ–എന്റെ മിഷൻ ! നമ്മുടെ കർത്താവ് നൽകിയ ശക്തമായ ഒരു കല്പനയാണ് "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ. 16:15). ആ കല്പന ശിരസ്സാവഹിച്ച് "യേശുശിഷ്യർ'' എല്ലായിടത്തും പോയി പ്രസംഗിച്ചു. "കർത്താവ് അവരോടു കൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു'' (മർക്കോ. 16:20)

യേശു പറഞ്ഞ വാക്കുകൾ മാംസം ധരിച്ചതാണ് നമ്മുടെ വിശ്വാസത്തിന്റെ പിതാമഹനായ മാർ തോമശ്ലീഹായുടെ ജീവിതം! ആ പിതാവിന്റെ ദൗത്യം മക്കളായ നമ്മളും ഏറ്റെടുക്കുമ്പോൾ അവിടെ മിഷൻ പ്രവർത്തനം രൂപമെടുക്കുന്നു. എല്ലായിടത്തും ദശാംശത്തെ കുറിച്ച് ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ തൃശ്ശൂർ അതിരൂപതയുടെ 40 വൈദികരെങ്കിലും മിഷനിൽ പ്രവർത്തിക്കുന്ന ഒരു കാലഘട്ടം സംജാതമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. മിഷൻ പ്രവർത്തനം ഔദാര്യമായി കാണാതെ കടമയായി കാണുന്ന ശൈലിയിലേക്ക് നാം മാറണം. തൃശ്ശൂർ അതിരൂപതയിൽ നമ്മുടെ വൈദികർ മനോഹരമായി പ്രവർത്തിക്കുന്നതുപോലെ ഇടയ്ക്ക് ഒരു ഇടവേളയിൽ മിഷനിൽ പ്രവർത്തിക്കാനും നമുക്ക് സാധിക്കട്ടെ. സന്യാസിനി സന്യാസികളും അത്മായരും മിഷൻ പ്രവർത്തനത്തിന് മുന്നോട്ടു വരുമെന്നാണ് പ്രതീക്ഷ.

തൃശ്ശൂർ അതിരൂപതയുടെ വളർച്ചയുടെ മറ്റൊരു നാഴികകല്ലാണ് വിശാഖപട്ടണം–കുറുപ്പം സെന്റ് എവുപ്രാസ്യാ മിഷൻ! തൃശ്ശൂർ അതിരൂപതയുടെ സ്വന്തം മിഷൻ! ആന്ധ്രപ്രദേശ് സംസ്ഥാനത്തിന്റെ 13 ജില്ലകളും (സംസ്ഥാനത്തിന്റെ പകുതി ഭാഗം) 10650 ഗ്രാമങ്ങളും വിശാഖപട്ടണം – കുറുപ്പം മിഷനിൽ ഉൾപ്പെടുന്നു. തൃശ്ശൂർ അതിരൂപതയിലെ 7 വൈദികർ (2 വൈദിർ സീറോ മലബാർ മലയാളി സമൂഹത്തിനും 5

വൈദികർ ഗ്രാമങ്ങളിലെ ആദിവാസി സമൂഹങ്ങളുടെ ഇടയിലും) പ്രവർത്തിക്കുന്നു. ആരംഭദശ പിന്നിട്ടുകൊണ്ട് പുതിയ കർമ്മരംഗങ്ങളിലേക്ക് ബഹു. വൈദികർ മുന്നേറി കൊണ്ടിരിക്കയാണ്.

അവർക്കുവേണ്ടത് നമ്മുടെ വിലയേറിയ പ്രാർത്ഥനകളാണ്. നമ്മുടെ മിഷനുവേണ്ടി (വിശാഖപട്ടണം-കുറുപ്പം എവുപ്രാസ്യ മിഷൻ) എല്ലാ ദിവസവും പ്രാർത്ഥിക്കുന്ന കുടുംബങ്ങളും വ്യക്തികളും ധാരാളമായി ഉണ്ടാകണം. ദൈവം നൽകിയ വലിയ അനുഗ്രഹമായ സമ്പത്തിന്റെ ചെറിയൊരംശം മിഷൻ പ്രവർത്തനത്തിനുവേണ്ടി നമുക്ക് പങ്കുവയ്ക്കാം. ദൈവം നമ്മെ തീർച്ചയായും അനുഗ്രഹിക്കും. ഇപ്പോൾ നമുക്ക് സെന്റ് തോമസ് ഭവൻ, സെന്റ് എവുപ്രാസ്യ ഹോം എന്നിവ വൈദികർക്കും സെന്റ് എവുപ്രാസ്യ ഭവൻ സി. എം. സി. സിസ്റ്റേഴ്സിനുമായുണ്ട്. മിഷനിലെ വൈദികരായ ഫാ. ജോർജ്ജ് കോമ്പാറ, ഫാ. ജോഫി ചിറയത്ത്, ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ, ഫാ. അജിത്ത് കൊള്ളന്നൂർ, ഫാ. അഭിജിത്ത് പടിഞ്ഞാക്കര, ഫാ. യേശുദാസ് നെടുമ്പാക്കാരൻ, ഫാ. ജിനു പയ്യപ്പിള്ളി എന്നിവരും സി. ദീപ്തി സി. എം. സി., സി. ഡിവീന സി. എം. സി. എന്നിവരും മിഷനിൽ പ്രവർത്തിക്കുന്നു. അവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. മിഷന്റെ വളർച്ച അതിരൂപതയുടെ വളർച്ചയാണ്. മിഷൻ പ്രവർത്തനം നമ്മുടെ ദൗത്യമാകട്ടെ.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
സെക്രട്ടറി, ഇവാഞ്ചലൈസേഷൻ കമ്മീഷൻ

## പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ ഏഴാം യോഗ റിപ്പോർട്ട്

പതിനെട്ടാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാം യോഗം 2023 ജൂൺ 4 ശനിയാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കൂടി. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. സി. ഡാലിയ CSS നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ സ്വാഗതം ആശംസിച്ചു. ജോ. സെക്രട്ടറി ശ്രീ. എൻ. പി. ജാക്സൺ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ ആമുഖപ്രഭാഷണം നടത്തി. തുടർന്ന് “ക്രൈസ്തവ ന്യൂനപക്ഷങ്ങളും ആനുകാലിക രാഷ്ട്രീയ സാഹചര്യങ്ങളും” എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. കെ. എം. ഫ്രാൻസിസ്, ശ്രീ. ജോയ് എം. മണ്ണൂർ വിഷയാവതരണം നടത്തി.

മാർ ടോണി നീലങ്കാവിൽ മോഡറേറ്ററായിരുന്നു. നമ്മുടെ വിശ്വാസത്തെയും സഭയെയും സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരും ആണെന്ന് ഡോ. കെ. എം. ഫ്രാൻസിസ് ഓർമ്മപ്പെടുത്തി. ക്രൈസ്തവർക്കെതിരായ പോരാട്ടം സംഘടിത നീക്കമാണെന്നും ഓരോരുത്തരും വർഗ്ഗബോധമുള്ളവരാകണമെന്നും ശ്രീ. ജോയ് എം. മണ്ണൂർ സൂചിപ്പിച്ചു. തുടർന്ന് വിഷയത്തെ അധികരിച്ച് യോഗാംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ഇ. ഡബ്ല്യു. എസ്. മുഖേന ജോലി ലഭിച്ച പാസ്റ്ററൽ കൗൺസിൽ അംഗമായ മിസ് സിന്റ ചൂണ്ടൽ അഭിവന്ദ്യപിതാക്കന്മാർക്കും PFCയ്ക്കും നന്ദി പറഞ്ഞു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി. തുടർന്ന് നടന്ന ശൂന്യവേളയിൽ അംഗങ്ങൾ അഭിപ്രായങ്ങൾ പങ്കുവച്ചു. ശേഷം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷപ്രസംഗം നടത്തി. സമുദായസ്നേഹം വളർത്തണമെന്നും രാഷ്ട്രീയനേതൃത്വത്തിൽ അത്മായർ കൂടുതൽ കടന്നു വരണമെന്നും അഭിവന്ദ്യപിതാവ് അധ്യക്ഷപ്രസംഗത്തിൽ ഓർമ്മപ്പെടുത്തി. രാഷ്ട്രത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നേടിയെടുക്കാനും, നിലനിർത്താനും, വിശ്വാസിസമൂഹം രാഷ്ട്രീയ അവബോധത്തോടെ സംഘടിക്കണമെന്ന് തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗം ആഹ്വാനം ചെയ്തു. തെരഞ്ഞെടുപ്പ് നേട്ടങ്ങൾ മുന്നിൽ കണ്ടുകൊണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വർഗീയശക്തികളോട് സ്വീകരിക്കുന്ന പ്രീണനനയം അവസാനിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ കമ്മ്യൂണിറ്റി ക്വാട്ട ഏകജാലക സംവിധാനത്തിലൂടെ നടപ്പിലാക്കുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ നിലപാടിൽ യോഗം പ്രതിഷേധിച്ചു. സഭയുടെ രാഷ്ട്രീയ നിലപാടുകളെ കുറിച്ച് ആശയരൂപീകരണം നടത്തുന്നതിന് രാഷ്ട്രീയകാര്യസമിതി യോഗത്തിൽ രൂപീകരിച്ചു. പാസ്റ്ററൽ കൗൺസിൽ യോഗനിർദ്ദേശപ്രകാരം രാഷ്ട്രീയകാര്യസമിതിയുടെ അഡ്ഹോക് കമ്മിറ്റി തെരഞ്ഞെടുക്കുകയുണ്ടായി.

1. കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡന്റ് – ശ്രീ. ജോഷി വടക്കൻ
2. എ. എഫ്. സി. സെക്രട്ടറി – ശ്രീ. ജോമി ജോൺസൻ
3. സി. ആർ. ഐ. പ്രസിഡന്റ് – സി. റോസ് അനിത എഫ്. സി. സി.
4. വൈദികസമിതി സെക്രട്ടറി – ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്
5. കെ. സി. എഫ്. പ്രസിഡന്റ് – ഡോ. കെ. എം. ഫ്രാൻസിസ്

6. ഏകോപനസമിതി സെക്രട്ടറി – ഡോ. ടോണി ജോസഫ്
7. കുടുംബകൂട്ടായ്മ കൺവീനർ – ശ്രീ. ഷിന്റോ മാത്യു
8. മതബോധനം – ശ്രീ. ജോർജ്ജ് വി. കെ.
9. കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസി – ശ്രീ. എ. ഡി. സാജു
10. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി – ഡോ. മേരി റെജീന
11. ഉപദേശകസമിതിയംഗം – മോൺ. ജോസ് വല്ലൂരാൻ

ഒറീസ്സാ ട്രെയിൻ ദുരന്തത്തിൽ അതിരൂപത പാസ്റ്ററൽ കൗൺസിൽ അനുശോചനം രേഖപ്പെടുത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന യോഗത്തിന് നന്ദി പറഞ്ഞു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സമാപനാശീർവാദത്തോടെ ഉച്ചക്ക് 1 മണിക്ക് യോഗനടപടികൾ സമാപിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

## കരുണട്രസ്റ്റ് വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു.

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷ കൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളിടെക്നിക്ക്, ഐ. ടി.സി., പരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതി ഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ 2023 ആഗസ്റ്റ് 15ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം 2023 ജൂലായ് 1 മുതൽ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വെബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. ഡൈജോ പൊറുത്തൂർ, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. ഡൈജോ പൊറുത്തൂർ**
സെക്രട്ടറി



ജൂലൈ 23ന്

ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ

**മാർ ടോണി നീലങ്കാവിൽ പിതാവിന്**

തൃശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.06.2023
**July- 2023**



**2023 ഏപ്രിൽ 30ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട ചാഴൂർ സെന്റ് മേരീസ് ഇടവക ദൈവാലയവും അൾത്താരയും**



Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor